بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 28

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജൂലായ് 12/ഹി:ശം:1397 വഫാ 12/ഹി:ഖ:1439 ശവ്വാൽ 27


## അല്ലാഹുവിന്റെ വചനം

رَبَّنَاۤ اٰتِنَا فِی الدُّنۡیَا حَسَنَۃً

وَّفِی الۡاٰخِرَۃِ حَسَنَۃً

وَّقِنَا عَذَابَ النَّارِ

ഞങ്ങളുടെ നാഥാ! ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നല്കേണമേ! പരലോകത്തും നീ ഞങ്ങൾക്കു നന്മ നല്കേണമേ.

(2:202)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**അസത്യത്തേയും വഞ്ചനയേയും കൈവെടിയാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ഐഹികത്തിന്റെ അത്യാർത്തിയിൽ കുടുങ്ങിക്കിടക്കുന്നവനും പരലോകത്തിന്റെ ഭാഗത്തേക്ക് കണ്ണുയർത്തി നോക്കുകപോലും ചെയ്യാത്തവനും എന്റെ ജമാഅത്തിൽപെട്ടവനല്ല. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. അഞ്ചുനേരത്തെ നമസ്കാരം നിർബന്ധബുദ്ധിയോടെ നിർവഹിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. പ്രാർഥനകൾ ചെയ്തുകൊണ്ടിരിക്കാത്തവനും വിനയത്തോടെ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കാത്തവനും എന്റെ ജമാഅത്തിൽപെട്ടവനല്ല.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“ബാഹ്യനിലയിലുള്ള ബയ്അത്ത് മതിയാകുമെന്നു ഒരിക്കലും വിചാരിച്ചുപോകരുത്. ബാഹ്യം ഒരു വസ്തുവുമല്ല. അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളെയാണ് വീക്ഷിക്കുന്നത്. അതനുസരിച്ചുതന്നെയാണ് നിങ്ങളോട് പെരുമാറുന്നത്. നോക്കൂ, ഞാനിത് പറഞ്ഞുകൊണ്ട് എന്റെ പ്രബോധന കർത്തവ്യം നിർവ്വഹിച്ചുകൊള്ളുന്നു.

പാപം ഒരു വിഷമാകുന്നു. അത് തിന്നരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു ദുർമരണമാകുന്നു. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾക്ക് ശക്തി ലഭിക്കുവാൻ പ്രാർഥിക്കുക. പ്രാർഥിക്കുമ്പോൾ അല്ലാഹു സർവ്വ കാര്യങ്ങളിലും കഴിവുള്ളവനാണെന്ന് കരുതാത്തവൻ, ദൈവവാഗ്ദാനമുള്ള കാര്യങ്ങളൊഴിച്ച് എന്റെ ജമാഅത്തിൽപെട്ടവനല്ല. അസത്യത്തേയും വഞ്ചനയേയും കൈവെടിയാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ഐഹികത്തിന്റെ അത്യാർത്തിയിൽ കുടുങ്ങിക്കിടക്കുന്നവനും പരലോകത്തിന്റെ ഭാഗത്തേക്ക് കണ്ണുയർത്തി നോക്കുകപോലും ചെയ്യാത്തവനും എന്റെ ജമാഅത്തിൽപെട്ടവനല്ല. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽ പെട്ടവനല്ല. എല്ലാ ഓരോ തിന്മയിൽനിന്നും എല്ലാ ഓരോ ദുഷ്കർമത്തിൽനിന്നും അതായത് മദ്യപാനം, ചൂതുകളി, ദുർന്നോട്ടം, ചതി, കൈക്കൂലി എന്നിവയിൽനിന്നും മറ്റെല്ലാ അവിഹിതങ്ങളായ നടപടികളിൽനിന്നും പശ്ചാത്തപിച്ചു മടങ്ങാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. അഞ്ചുനേരത്തെ നമസ്കാരം നി ർബന്ധബുദ്ധിയോടെ നിർവഹിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. പ്രാർഥനകൾ ചെയ്തുകൊണ്ടിരിക്കാത്തവനും വിനയത്തോടെ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കാത്തവനും എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്നിൽ ചീത്ത സ്വാധീനം ചെലുത്തുന്ന ദുർവൃത്തരെ ഉപേക്ഷിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. മാതാപിതാക്കളെ ബഹുമാനിക്കാത്തവനും ഖുർആന്നെതിരല്ലാത്ത നന്മകളുടെ കാര്യത്തിൽ അവരുടെ വാക്കുകൾ സ്വീകരിക്കാത്തവനും അവർക്ക് സേവനം ചെയ്യുന്നതിൽ വിമുഖനായിരിക്കുന്നവനും എന്റെ ജമാഅത്തിൽ പെട്ടവനല്ല. തന്റെ ഭാര്യയോടും അവരുടെ ബന്ധുക്കളോടും സൗമ്യമായും ഉപകാരമനോഭാവത്തോടെയും വർത്തിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്റെ അയൽവാസിയെ ഏറ്റവും നിസ്സാരമായ വസ്തുക്കളിൽനിന്നുപോലും അകറ്റി നിറുത്തുന്നവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. തന്നോടു തെറ്റ് ചെയ്തവരുടെ കുറ്റങ്ങൾ പൊറുത്തുകൊടുക്കാതെ പകവെച്ചു പുലർത്തുന്നവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. ഭാര്യയോട് വഞ്ചന പ്രവർത്തിക്കുന്ന ഭർത്താവും ഭർത്താവിനോട് വഞ്ചന പ്രവർത്തിക്കുന്ന ഭാര്യയും എന്റെ ജമാഅത്തിൽപെട്ടവരല്ല. ബയ്അത്ത് ചെയ്യുമ്പോൾ ചെയ്തിട്ടുള്ള കരാറിനെ ഏതെങ്കിലും വശത്തൂടെ ലംഘിക്കുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എന്നെ സത്യഹൃദയത്തോടെ വാഗ്ദത്ത മസീഹും വാഗ്ദത്ത മഹ്ദിയുമെന്ന് വിശ്വസിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. നന്മയായിട്ടുള്ള കല്പനകളിൽ എന്നെ അനുസരിക്കുവാൻ തയ്യാറല്ലാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ശത്രുക്കളുടെ സംഘങ്ങളിൽ ചെന്നിരിക്കുകയും അവർക്കൊപ്പിച്ചു കൈത്താളം മുട്ടുകയും ചെയ്യുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. വ്യഭിചാരി, ധിക്കാരി, മദ്യപാനി, കൊലയാളി, കള്ളൻ, ചൂതുകളിക്കാരൻ, ദ്രോഹി, വ്യാജം പറയുന്നവൻ, വ്യാജരേഖയുണ്ടാക്കുന്നവനും അവന്റെ കൂട്ടുകാരനും തന്റെ സഹോദരന്മാരേയും സഹോദരിമാരേയും പറ്റി പഴിപറയുന്നവനും ദുർവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങാത്തവനും ദുഷ്ടമായ കൂട്ടുകെട്ടുകൾ ഉപേക്ഷിക്കാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ഇതെല്ലാം വിഷമാകുന്നു. ഈ വിഷം തിന്നിട്ട് നിങ്ങൾക്ക് ഒരുവിധത്തിലും രക്ഷപ്പെടാനാകില്ല. ഇരുട്ടും വെളിച്ചവും ഒരിടത്ത് ഒരുമിച്ചു ചേരുകയില്ല. ഋജുമാനസർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ, ഹൃദയത്തിൽ വക്രതയുള്ളവനും അല്ലാഹുവിനോട് സത്യസന്ധത പുലർത്താത്തവ നും ഒരിക്കലും ലഭിക്കുകയില്ല. ഹൃദയങ്ങളെ ശുദ്ധമാക്കുന്നവരും അവയിൽനിന്ന് എല്ലാ മാലിന്യങ്ങളും തുടച്ചുനീക്കുന്നവരും ദൈവത്തോട് കൂറ് പുലർത്തുമെന്ന് പ്രതിജ്ഞ ചെയ്യുന്നവരും എത്രമാത്രം സൗഭാഗ്യവാന്മാരാണ്. അവർ നഷ്ടത്തിലാകുകയില്ല. അല്ലാഹു അവരെ അവഹേളിതരാക്കുകയില്ല. എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിന്റേയും ദൈവം അവരുടേതുമാണ്. ആപത്തുകളിൽനിന്നെല്ലാം അവർ രക്ഷപ്പെടും. അവർക്കെതിരെ ഗൂഢാലോചന നടത്തുന്ന ശത്രുക്കൾ വിഡ്ഢികളാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ മടിത്തട്ടിലാണുള്ളത്;ദൈവം അവരെ സഹായിക്കുന്നതിലും. ആരാണ് ദൈവത്തിൽ വിശ്വാസമർപ്പിച്ചിട്ടുള്ളത്? ഇപ്പറഞ്ഞവരെപ്പോലെയുള്ളവർ മാത്രം. അപ്രകാരംതന്നെ, ദൈവഭയമില്ലാത്തവനും പാപിയും ദുർവാശിക്കാരനും ഉപദ്രവമുണ്ടാക്കുക എന്ന ചിന്തയിൽ കഴിയുന്നവനും വിഡ്ഢിയാണ്. കാരണം അവൻ സ്വയം നശിക്കുന്നതാണ്. അല്ലാഹു ആകാശവും ഭൂമിയും സൃഷ്ടിച്ചതുമുതൽ നല്ലവരെ നശിപ്പിച്ചു നാമാവശേഷമാക്കിയ സന്ദർഭം ഒരിക്കലുമുണ്ടായിട്ടില്ല. പ്രത്യുത അവർക്കുവേണ്ടി അവൻ വലിയ വലിയ പ്രവൃത്തികൾ കാണിച്ചുകൊണ്ടിരുന്നു. ഇപ്പോഴും കാണിക്കുന്നതാണ്.

നമ്മുടെ ദൈവം അങ്ങേയറ്റം വിശ്വസ്തനായ ദൈവമാകുന്നു. വിശ്വസ്തരായവർക്കുവേണ്ടി അവന്റെ അത്ഭുതകരമായ പ്രവൃത്തി പ്രത്യക്ഷപ്പെടുന്നു. അവരെ വിഴുങ്ങിക്കളയാമെന്ന് ലോകം

(ശേഷം പേജ് 13ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-2

**ഇബാദത്ത്:**

ഇബാദത്തിന്റെ മറ്റൊരു അർഥം ആരുടേതെങ്കിലും ആയിത്തീരുകയും അയാളുടെ മുമ്പിൽ അണയുകയും അയാളിൽ ലയിക്കുകയും അയാളുടെ സന്നിധിയിൽ വണക്കം കൈക്കൊള്ളുകയും അയാൾ പറയുന്നത് കേൾക്കുകയും ചെയ്യുക എന്നാണ്. മനുഷ്യനും തന്നെക്കാൾ ഉയർന്ന ഒരു അസ്തിത്വത്തിന്റെ മുമ്പിൽ തന്നെ മായ്ച്ചുകളയാനും അവനോടുള്ള സ്നേഹത്തിൽ ലയിച്ചുചേരാനും അവന്റേതായിതീരാനും പൂർണമായും കഴിവ് ഉൾക്കൊള്ളുന്നവനാണ്. അതുകൊണ്ടാണ് അവൻ അബ്ദ്(അടിമ, ദാസൻ, ഭൃത്യൻ, സേവകൻ) എന്നു പറയപ്പെട്ടിരിക്കുന്നത്.

അതിനാൽ ഈ അർഥത്തിന്റെ അടിസ്ഥാനത്തിൽ ആരാധന തന്റെ ശ്രേഷ്ഠതയുടെ പൂർണതയിൽ തനിച്ച് വിരാജിക്കുന്നവനുമാത്രമെ സാധ്യമാകുകയുള്ളു. അവന് പങ്കാളികളാരും ഉണ്ടാകാൻ പാടില്ല. അവനെ അനുസരിക്കുന്നതിലും അനുധാവനം ചെയ്യുന്നതിലും മനുഷ്യൻ എല്ലാ അവസ്ഥയിലും ബാധ്യസ്ഥനായിരിക്കും. അത്തരം സത്ത അല്ലാഹു മാത്രമാണ്. കാരണം യഥാർഥ അർഥങ്ങളിൽ അനുധാവനത്തിന് അർഹനായി അവനല്ലാതെ മറ്റാരുമില്ല. അവന്റെ സത്തയെ തിരഞ്ഞെടുത്ത് മനുഷ്യൻ അവന്റേതാകണം. അവന്റെ അഭയത്തിന്റെ കീഴിൽ തന്നെ സ്വയം കൊണ്ടുവരണം.

യഥാർഥ അർഥങ്ങളിൽ അല്ലാഹുവിന്റെ അബ്ദ് എന്ന് പറയപ്പെടാൻ ഒരു വഴിയുണ്ട്. അതായത് മനുഷ്യൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നന്ദിവികാരങ്ങൾ പ്രകടിപ്പിക്കുകയും അവന്റെ ഔദാര്യങ്ങളെ സ്വന്തം നാവുകൊണ്ട് സമ്മതിക്കുകയും ചെയ്യുക. കാരണം മനുഷ്യൻ സ്വാഭാവികമായും തന്റെ ഔദാര്യവാന് നന്ദി പ്രകടിപ്പിക്കാൻ നിർബന്ധിതനാണ്. **ജുബിലത്തിൽഖുലൂബു അലാ ഹുബ്ബി മൻ അഹ്സന ഇലയ്ഹാ** എന്ന് ഹദീഥിൽ വന്നിട്ടുള്ളതുപോലെ. അതായത് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതുതന്നെ അവൻ തന്റെ ഔദാര്യവാനെ സ്നേഹിക്കുന്നതിന് നിർബന്ധിതനാണ് എന്ന നിലയിലാണ്. അല്ലാഹുവിന്റെ യഥാർഥ ദാസനാകുന്നതിന് മനുഷ്യൻ പാപങ്ങളിൽനിന്നും തിന്മകളിൽനിന്നും മോചനം നേടേണ്ടതും നിർബന്ധമാണ്. സ്വന്തം മനസ്സിനെ പരിശുദ്ധമാക്കണം. കാരണം അല്ലാഹു പരിശുദ്ധനാണ്. പരിശുദ്ധർമാത്രമേ അവന്റെ ഡർബാറിൽ എത്തുകയുള്ളു. ഇക്കാരണത്താലാണ് എല്ലാ നിശ്ചിത ആരാധനകളിലും, അവമുഖേന മനുഷ്യാത്മാവ് തിന്മകളിൽനിന്ന് പരിശുദ്ധമാകണമെന്നും വിവിധ തരത്തിലുള്ള ഇന്ദ്രിയാശകളെ കൈവെടിയാനുള്ള ശക്തിക്കർഹനാകണമെന്നുമുള്ള കാര്യം പരിഗണിക്കപ്പെട്ടിട്ടുള്ളത്. ഒരു ഭാഗത്ത് അലല്ലാഹുവുമായിട്ടുള്ള അവന്റെ ബന്ധങ്ങൾ ശരിയാകണം. മറുഭാഗത്ത് ദൈവസൃഷ്ടികളോടുള്ള അവന്റെ ഇടപാടുകൾ തികച്ചും ശരിയും ശുദ്ധവുമായിരിക്കണം.

ഇബാദത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനോടുള്ള ഭയം. രണ്ട് അല്ലാഹുവിനോടുള്ള സ്നേഹം. ഈ രണ്ടുകാര്യങ്ങളും മനുഷ്യനെ പരിശുദ്ധിയുടെ അരുവിയിലേക്ക് കൊണ്ടുപോകുന്നു. അവന്റെ ആത്മാവ് ഉരുകി ഏകനായ അല്ലാഹുവിലേക്ക് ഒഴുകുന്നു. ഉബൂദിയ്യത്ത് അഥവാ ദാസത്വത്തിന്റെ യഥാർഥ വർണംഅവനിൽ ഉണ്ടാകുന്നു. ദുൻയാവിലെ എല്ലാ സ്നേഹങ്ങളും നശ്വരവും നശിക്കുന്നതുമാണെന്ന് കണ്ട് ലോകത്ത് അല്ലാഹുവിനെ മാത്രം യഥാർഥ പ്രേമഭാജനായി ദൃഢമായി വിശ്വസിക്കാൻ തുടങ്ങുന്നു.

ഭയവും സ്നേഹവും എന്നത് രണ്ടുകാര്യങ്ങളാണ്. ബാഹ്യമായി നോക്കുമ്പോൾ അവ രണ്ടും കൂടിച്ചേരുക എന്നത് അസംഭാവ്യമാണ്. ഭയക്കുന്ന ഒരാളെ എങ്ങനെയാണ് ഒരാൾ സ്നേഹിക്കുക. എന്നാൽ, അല്ലഹുവിനോടുള്ള ഭയവും സ്നേഹും മറ്റൊരു വർണമാണ് ഉൾക്കൊള്ളുന്നത്. മനുഷ്യൻ എത്രത്തോളം ദൈവഭയത്തിൽ അഭിവൃദ്ധിപ്പെടുന്നുവോ അത്രത്തോളം അല്ലാഹുവിനോടുള്ള ഭയം അതിജയിച്ച് തിന്മകളോടും ദോഷങ്ങളോടും വെറുപ്പുണ്ടാക്കി പരിശുദ്ധിയിലേക്ക് കൊണ്ടുപോകുന്നതായിരിക്കും. അങ്ങനെ അവൻ ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ട് പോകുന്തോറും ആരാധനയിൽ അവന് ഒരു ആനന്ദവും സന്തോഷവും കരസ്ഥമാകുന്നതായിരിക്കും. അത്തരം ആനന്ദവും സന്തോഷവും ലോകത്തിലെ എല്ലാ ആനന്ദത്തെക്കാളും മനഃസംതൃപ്തിയെക്കാളും ഉയർന്നതും ഉദാത്തവുമായിരിക്കും.

ഇസ്‌ലാം ആരാധനയെ നാലു അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളിൽ വിഭജിക്കുന്നു.

1. ആ ആരാധനയുടെ ഒരു ഉദ്ദേശ്യം അല്ലാഹുവിനോടുള്ള സ്നേഹവും ബന്ധവും വർധിക്കുക എന്നതാണ്.

2. ആ ആരാധന മനുഷ്യന്റെ ശരീര പരിഷ്കരണത്തിനും അതിനെ ത്യാഗങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതിനുമാണ്. ഇതുമുഖേന ആത്മാവ് ഒരു പ്രത്യേകമായ മിനുക്കം കരസ്ഥമാക്കുന്നു.

3. ആ ആരാധന മനുഷ്യരുടെ ഉള്ളിൽ കേന്ദ്രീകരണ ആത്മാവും ഐക്യത്തിന്റേയും ഏകാത്മകതയുടേയും ബോധവും ഉണ്ടാക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്.

4. ആ ആരാധന മനുഷ്യകുലത്തിന്റെ സാമ്പത്തികമായ അവസ്ഥകളിൽ സമാധാനവും ഒരു നിറവും ഉണ്ടാക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്.

ഇസ്‌ലാം ആരാധനയുടെ ഈ നാല് അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളാണ് നിശ്ചയിക്കുന്നത്. ഈ ഉദ്ദേശങ്ങളനുസരിച്ച് അത് വിവിധ ആരാധനകൾ നിശ്ചയിച്ചിരിക്കുന്നു. ഈ നിയമം ആയുത്രണം ചെയ്ത് മനുഷ്യൻ അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നതിന്റെ പേരുമാത്രമല്ല ആരാധന എന്നും പ്രത്യുത മനുഷ്യകുലത്തിലേക്ക് ശ്രദ്ധിക്കുന്നതിലൂടേയും അല്ലാഹുവിനോടുള്ള ആരാധനയുടെ കടമ നിർവഹിക്കപ്പെടുമെന്നുമുള്ള വീക്ഷണമാണ് ഇസ്‌ലാം സമർപിച്ചിരിക്കുന്നത്. ഇപ്രകാരംതന്നെ ആരാധന കേവലം വ്യക്തിപരമല്ലെന്നും മറിച്ച് സാമൂഹികപരമായിട്ടും അതുണ്ട് എന്നുമുള്ള പോയന്റും ഇസ്‌ലാം അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകുക എന്നതു മാത്രമല്ല മനുഷ്യന്റെ നിർബന്ധ കടമ. മറിച്ച് അവൻ തന്റെ സഹോദരങ്ങളേയും ദൈവത്തിന്റെ മുമ്പിൽ വരുന്നതിന് തയ്യാറാക്കണമെന്നതും അവന്റെ കടമയാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ ആരാധനകളെ സംബന്ധിച്ച് വ്യക്തിപരമായതും സാമൂഹികപരമായതുമായ കല്പനകളുള്ളത്.

**ഇസ്‌ലാമിക ആരാധനയുടെ ഇനങ്ങൾ:**

അടിസ്ഥാനപരമായി ഇബാദത്ത് രണ്ടുതരമായി ഭാഗിച്ചിരിക്കുന്നു. പൊതുവായ ആരാധനയും. പ്രത്യേകമായ ആരാധനയും.

പൊതുവായ ആരാധനയുടെ ബന്ധം സാധാരണ മനുഷ്യരോടുള്ള കടമകളുമായിട്ടാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തിപരവും സാമൂഹികവുമായ ഏതു ജോലി മനുഷ്യൻ ചെയ്യുകയാണെങ്കിലും അല്ലാഹുവിനുവേണ്ടി അവന്റെ സമ്പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി ചെയ്യുക. അത് മനുഷ്യകുലത്തിന്റെ സേവനത്തെ സംബന്ധിച്ചായാലും ഇസ്‌ലാമികവീക്ഷണമനുസരിച്ചായാലും ഇബാദത്ത് അഥവാ ആരാധനയാണ്. അതിന് കൂലിയും പ്രതിഫലവും വാഗ്ദാനം നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, അതിനെ നിങ്ങളുടെ ശീലമാക്കുകയും ആരാധനയുടെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളെ ശരിയായ നിലയിൽ കരസ്ഥമാക്കുന്നതിന് അല്ലാഹു മുസ്‌ലീംകൾക്ക് പ്രത്യേകമായ ആരാധനകളുടെ കല്പനയും നല്കിയിട്ടുണ്ടെന്ന കാര്യവും എപ്പോഴും നിങ്ങളുടെ മുമ്പിൽവെക്കുക. ഈ പ്രത്യേകമായ ആരാധന അഞ്ചു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതിനെ ഇസ്‌ലാം കാര്യം എന്നു പറയുന്നു. അതായത് ഇസ്‌ലാമിന്റെ അഞ്ചു സ്തൂപങ്ങൾ. ആ സ്തൂപങ്ങളിലാണ് ഇസ്‌ലാമിന്റെ സൗധം കെട്ടിപടുത്തിട്ടുള്ളത്.

(തുടരും)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനിയുടെ സ്വഹാബിമാരായ ഹദ്റത്ത് ഉക്കാശത്തുബ്നു മിഹ്സ്വൻ, ഹദ്റത്ത് ഖാരിജ ബിൻ സയ്ദ്, ഹദ്റത്ത് സിയാദ് ബിൻ ലബീദ്, ഹദ്റത്ത് മുഅത്ത്വിബ് ബിൻ ഉബയ്ദ്, ഹദ്റത്ത് ഖാലിദ് ബിൻ ബുക്കയ്ർ (രിള്വാനുല്ലാഹി അലയ്ഹിം) എന്നിവരുടെ ഉൽകൃഷ്ട സ്വഭാവഗുണങ്ങളും നബി(സ)തിരുമേനിയോടുള്ള സ്നേഹവും ആത്മാർഥതയും കൂറും ദീനീ സേവനങ്ങളുടേയും മഹത്തായ ത്യാഗങ്ങളുടേയും ഹൃദയസ്പർശിയായ ചർച്ചയും**

**ബഹുമാന്യ ഇസ്മായീൽ മാലാഗാല സാഹിബിന്റെ അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ജൂൺ 01/1397 ഹിജ്റത്ത് 01**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് ഉക്കാശത്തുബ്നു മിഹ്സ്വൻ(റ). ഉന്നതരായ സ്വഹാബിവര്യന്മാരിലാണ് ഹദ്റത്ത് ഉക്കാശ എണ്ണപ്പെട്ടിരുന്നത്. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കുതിരപ്പുറത്താണ് അദ്ദേഹം എത്തിയത്. ആ ദിവസം അദ്ദേഹത്തിന്റെ വാൾ മുറിഞ്ഞു പോയപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന് ഒരു ഈത്തപ്പനത്തട്ട കൊടുത്തു. ആ ഈത്തപ്പനത്തട്ട അദ്ദേഹത്തിന്റെ കൈകളിൽ മൂർച്ചയുള്ള ഇരുമ്പുവാൾ പോലെയായിരുന്നു. അതുകൊണ്ടാണ് അദ്ദേഹം യുദ്ധം ചെയ്തത്. ഒടുവിൽ അല്ലാഹു വിജയം നല്കുകയും ചെയ്തു. പിന്നീട് ഈ ഈത്തപ്പനത്തട്ട എടുത്തുകൊണ്ട് അദ്ദേഹം നബി(സ) തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുകയുണ്ടായി. ഈത്തപ്പനത്തട്ട കൊണ്ടുള്ള ആ വാൾ മരണംവരെ അദ്ദേഹത്തിന്റെ കൂടെത്തന്നെ ഉണ്ടായിരുന്നു. 'ഔൻ'(സഹായം)എന്നായിരുന്നു അതിന്റെ പേര്. അദ്ദേഹം വിചാരണയില്ലാതെതന്നെ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് നബി(സ)തിരുമേനി സുവാർത്ത നല്കിയിരുന്നു.(അസദുൽഗാബ, വാള്യം 4 പേജ് 64–65,ഉക്കാശത്തുബ്നു മിഹ്സ്വൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)ബദ്ർ യുദ്ധാവസരത്തിൽ, 'അറേബ്യയിലെ ഏറ്റവും മികച്ച കുതിരപ്പടയാളി നമ്മോടൊപ്പമാണ്' എന്ന് നബി(സ) തിരുമേനി പറഞ്ഞപ്പോൾ സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ആ വ്യക്തി ആരാണ്? നബി(സ)തിരുമേനി പറഞ്ഞു: "ഉക്കാശത്തുബ്നു മിഹ്സ്വൻ." (സീറത്ത് ഇബ്നു ഹിശാം, പേജ് 435, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ സമുദായത്തിൽ നിന്ന് എഴുപതിനായിരമാളുകൾ വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരുടെ മുഖം പതിനാലാംരാവിലെ ചന്ദ്രനെപോലെ വിളങ്ങുന്നതായിരിക്കും.' ഇതുകേട്ടപാടെ ഹദ്റത്ത് ഉക്കാശത്തുബ്നു മിഹ്സ്വൻ ചാടിയെഴുന്നേറ്റു പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എന്നെ അവരിൽ ഉൾപ്പെടുത്താൻ പ്രാർഥിച്ചാലും.' അപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: 'അല്ലാഹുവേ, ഇദ്ദേഹത്തെ അവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണേ!' അപ്പോഴുണ്ട് അൻസ്വാറുകളിൽനിന്ന് ഒരാൾ എഴുന്നേറ്റ് പറഞ്ഞു: 'എന്നേയും അവരുടെ കൂട്ടത്തിൽ ചേർക്കാൻ പ്രാർഥിച്ചാലും.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: സബഖക്ക ബിഹാ ഉക്കാശ 'അതിൽ ഉക്കാശ നിന്നെ പിന്നിലാക്കിയിരിക്കുന്നു.'(സ്വഹീഹ് മുസ്ലിം, കിതാബുൽഈമാൻ ഹദീഥ് 369)

ഈ സംഭവം വിവരിച്ചുകൊണ്ട് തന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതി: 'ഒരിക്കൽ നബി(സ) തിരുമേനിയുടെ സദസിൽ തന്റെ ഉമ്മത്തിൽനിന്ന് എഴുപതിനായിരമാളുകൾ വിചാരണയൊന്നും കൂടാതെ സ്വർഗത്തിൽ പോകും' എന്ന് നബി(സ) തിരുമേനി പറഞ്ഞതിനെ സംബന്ധിച്ച് ചർച്ചയുണ്ടായി. അതായത് അവർ എത്രമാത്രം ഉയർന്ന ആത്മീയപദവിയിൽ ആയിരിക്കുമെന്നാൽ അല്ലാഹുവിന്റെ കൃപയുടേയും ഉദാരതയുടേയും ആവേശത്താൽ അവരെ വിചാരണ ചെയ്യേണ്ട ആവശ്യംതന്നെ ഉണ്ടാകുകയില്ല. പതിനാലാം രാവിലെ ചന്ദ്രൻ ആകാശത്ത് വിളങ്ങുന്നതുപോലെ അവരുടെ മുഖങ്ങൾ വിളങ്ങുന്നതായിരിക്കുമെന്നും നബി(സ) തിരുമേനി പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉക്കാശ(റ) പറഞ്ഞു: 'എനിക്കുവേണ്ടിയും ദുആ ചെയ്താലും.' അദ്ദേഹത്തേയും അവരിൽ ഉൾപ്പെടുത്താൻ അവിടന്ന് ദുആ ചെയ്തു. ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) മനോഹരമായ നിലയിൽ വ്യാഖ്യാനം നല്കുകയും അപഗ്രഥനം നടത്തുകയും ചെയ്തിട്ടുണ്ട്. അവിടന്ന് എഴുതുന്നു: 'ഒന്നാമതായി ഇതിൽനിന്ന് നമുക്ക് ലഭിക്കുന്ന അറിവ്, മുഹമ്മദിയ്യാ ഉമ്മത്തിനുമേൽ അല്ലാഹുവിന്റെ കൃപയും ദയയും എത്രമാത്രം ഉയർന്ന പദവിയിലുള്ളതാണെന്നാൽ, നബി(സ)തിരുമേനിയുടെ ആത്മീയമായ അനുഗ്രഹത്താൽ, അവിടത്തെ ഉമ്മത്തിൽനിന്നുള്ള എഴുപതിനായിരമാളുകൾ തങ്ങളുടെ വ്യക്തമായ ആത്മീയപദവിയും അല്ലാഹുവിന്റെ പ്രത്യേകമായ കൃപയും ദയയും കൊണ്ട് പുനരുഥാന നാളിൽ വിചാരണയുടെ ബുദ്ധിമുട്ടികളിൽനിന്നെല്ലാം ഒഴിവാക്കപ്പെട്ടവരായി മനസ്സിലാക്കപ്പെടുന്നതാണ്. (എഴുപതിനായിരം എന്നതുകൊണ്ട് ഒരു വലിയ വിഭാഗം എന്നും പറയാവുന്നതാണ്). രണ്ടാമത് ഇതിൽനിന്ന് അറിയാൻ കഴിയുന്നത്, നബി(സ) തിരുമേനിക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിലുള്ള സാമീപ്യമാണ്. അവിടത്തെ ആത്മീയമായ ശ്രദ്ധയിൽ അല്ലാഹു ക്ഷണത്തിൽ കശ്ഫിലൂടേയോ ഇൽഖായിലൂടെയോ (മനസ്സിൽ ഇട്ടുകൊടുത്ത വചനം) ഉക്കാശയും ആ എഴുപതിനായിരമാളുകളിൽപെടുന്നുവെന്നറിയിച്ചു. ഉക്കാശ ഇതിൽ ആദ്യം പെടാതിരിക്കാനും നബി(സ) തിരുമേനിയുടെ ദുആകൊണ്ട് അതിൽ പിന്നീട് പെട്ടതാകാനും സാധ്യതയുണ്ട്. മൂന്നാമതായി ഈ സംഭവത്തിൽനിന്ന് മനസ്സിലാകുന്നത് നബി(സ) തിരുമേനിക്ക് അല്ലാഹുവിന്റെ ഈ നിലയിലുള്ള ആദരവ് കൊണ്ട് അവിടന്ന് സ്വന്തം സമുദായത്തിൽ കഠിനമായി പരിശ്രമിച്ചുകൊണ്ടുള്ള കർമത്തെ എത്രമാത്രം അഭിവൃദ്ധി നല്കാനാഗ്രഹിച്ചുവെന്നാൽ ഉക്കാശയ്ക്ക് ശേഷം മറ്റൊരു വ്യക്തി ഇത്തരം ദുആ ചെയ്യാൻ അപേക്ഷിച്ചപ്പോൾ അവിടന്ന് ആ പ്രത്യേകമായ ആത്മീയസ്ഥാനത്തെ മുന്നിൽ കണ്ട്– ആ പ്രത്യേക സംഘത്തിനു ലഭിച്ചിട്ടുള്ള– വ്യക്തിപരമായി ദുആ ചെയ്യുന്നത് നിഷേധിച്ചു. തഖ്വയിലും ഈമാനിലും സൽകർമങ്ങളിലും അഭിവൃദ്ധിപ്പെടുന്നതിലേക്ക് ശ്രദ്ധിക്കാൻ മുസ്ലിംകളോടു പറഞ്ഞു. ഈ ഭാഗത്ത് ശ്രദ്ധയുണ്ടായാൽ നിങ്ങൾക്ക് ഈ സ്ഥാനം ലഭിച്ചേക്കാം. നാലാമതായി നബി(സ) തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവങ്ങളിലും ഇത് അസാധാരണമായ വെളിച്ചം വീശുന്നുണ്ട്. കാരണം നബി(സ) തിരുമേനി ദുആക്ക് പറഞ്ഞ അൻസ്വാരിയുടെ മനസ്സിനെ വ്രണപ്പെടുത്തുംവിധം നിഷേധിച്ചില്ല. മറിച്ച്, അതിസൂക്ഷ്മമായ നിലയിൽ അക്കാര്യത്തെ അസാധുവാക്കുകയായിരുന്നു. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), പേജ് 666–667).

നബി(സ)തിരുമേനി ഹദ്റത്ത് ഉക്കാശയെ വിവിധ യുദ്ധ നടപടികളിൽ അമീറായി അയച്ചിട്ടുണ്ട്. ഹിജ്റ ആറാം വർഷം റബീഉൽ അവ്വൽ മാസത്തിൽ ഹദ്റത്ത് ഉക്കാശയെ 40 മുസ്ലിംകളുടെ ഓഫീസറായി നിശ്ചയിച്ചുകൊണ്ട് ബനീഅസ്ദ് ഗോത്രത്തെ നേരിടാനയച്ചു. ഗംറ് എന്നു പേരുള്ള അരുവിയുടെ അടുത്തായിരുന്നു ഈ ഗോത്രം തമ്പടിച്ചിരുന്നത്. മദീനയിൽനിന്ന് മക്കയിലേക്കുള്ള വഴിയിൽ ഏതാനും ദിവസത്തെ ദൂരമേ ഉണ്ടായിരുന്നുള്ളു. ഉക്കാശയുടെ സംഘം അവരുടെ ദ്രോഹം തടയുന്നതിനുവേണ്ടി വേഗം വേഗം യാത്ര ചെയ്ത് അവരുടെ അടുത്തെത്തിയപ്പോൾ മുസ്ലിംകൾ വരുന്ന വിവരം അറിഞ്ഞ ആ ഗോത്രക്കാരെല്ലാം നാലുപാടും ചിതറിയോടി. അങ്ങനെ ഉക്കാശയും സംഘവും മദീനയിലേക്ക് തിരിച്ചു പോരികയാണുണ്ടായത്. യുദ്ധമൊന്നും ഉണ്ടായില്ല.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ), പേജ് 666)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം: നബി(സ)തിരുമേനിക്ക് സൂറത്തുന്നസ്സ്വ്ർ അവതരിച്ചപ്പോൾ ഹദ്റത്ത് ബിലാലിനോട് ബാങ്ക് കൊടുക്കാൻ അവിടന്ന് കല്പന നല്കി. നമസ്കാരത്തിനുശേഷം നബി(സ)തിരുമേനി ഒരു പ്രഭാഷണം നടത്തി. അതുകേട്ട് ജനങ്ങൾ ഒരുപാടു കരഞ്ഞു. ശേഷം നബി(സ)തിരുമേനി ചോദിച്ചു: 'അല്ലയോ ജനങ്ങളേ, ഞാൻ എങ്ങനെയുള്ള നബിയാണ്?' ജനങ്ങൾ പറഞ്ഞു: 'അല്ലാഹു അങ്ങയ്ക്ക് പ്രതിഫലം നല്കട്ടെ. അങ്ങ് എല്ലാവരെക്കാളും ഉന്നതനായ നബിയാണ്. ഞങ്ങൾക്ക് അങ്ങ് കാരുണ്യവാനായ പിതാവിനെപ്പോലെയാണ്; അനുകമ്പ കാണിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന സഹോദരനെപ്പോലെയാണ്. അല്ലാഹുവിന്റെ സന്ദേശം അങ്ങ് ഞങ്ങളിലേക്കെത്തിച്ചു; അവന്റെ വെളിപാടുകളെത്തിച്ചു; യുക്തിജ്ഞാനവും സദുപദേശവും മുഖേന ഞങ്ങളെ രക്ഷിതാവിന്റെ മാർഗത്തിലേക്കു വിളിച്ചു. അല്ലാഹു തന്റെ നബിമാർക്കു നല്കുന്ന ഏറ്റവും നല്ല പ്രതിഫലം അങ്ങേയ്ക്കു നല്കുമാറാകട്ടെ." നബി തിരുമേനി(സ)പറഞ്ഞു: "മുസ്ലിംകളുടെ സംഘമേ! അല്ലാഹുവാണ! നിങ്ങളുടെമേൽ എന്നിലർപിതമായ ചുമതലകളാണ! ആർക്കെങ്കിലും എന്റെ ഭാഗത്തു നിന്ന് വല്ല ദ്രോഹമോ അതിക്രമമോ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രതിഫലം നല്കുന്ന നാൾ വന്നെത്തുന്നതിനു മുമ്പേ അവർ എഴുന്നേറ്റു വന്ന് എന്നോട് പ്രതികാരം ചെയ്തു കൊള്ളുക.' അപ്പോൾ ആരും എഴുന്നേറ്റു നിന്നില്ല. നബി(സ) തിരുമേനി രണ്ടാംതവണ സത്യം ചെയ്ത് പറഞ്ഞിട്ടും ആരും എഴുന്നേറ്റുനിന്നില്ല. അവിടന്ന് മൂന്നാം തവണയും സത്യം ചെയ്ത് പറഞ്ഞു: മുസ്ലീംകളുടെ സംഘമേ! അല്ലാഹുവാണ! നിങ്ങളുടെ മേൽ എന്നിലർപിതമായ ചുമതലകളാണ! ആർക്കെങ്കിലും എന്റെ ഭാഗത്തു നിന്ന് വല്ല ദ്രോഹമോ അതിക്രമമോ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രതിഫലം ന

ല്കുന്നനാൾ വന്നെത്തുന്നതിനു മുമ്പേ അവർ എഴുന്നേറ്റു വന്ന് എന്നോട് പ്രതികാരം ചെയ്തു കൊള്ളുക.' അപ്പോൾ ജനങ്ങളിൽനിന്ന് ഒരു വൃദ്ധൻ എഴുന്നേറ്റുപോയി. ഉക്കാശ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. മുസ്‌ലിം ജനക്കൂട്ടത്തിലൂടെ മുമ്പോട്ടുവന്ന് നബി(സ)തിരുമേനിയുടെ മുന്നിൽ നിന്നു പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ മാതാപിതാക്കൾ അങ്ങേയ്ക്കു തെണ്ടമായിരിക്കട്ടെ. അങ്ങ് ആവർത്തിച്ചു സത്യം ചെയ്തില്ലായിരുന്നുവെങ്കിൽ, ഞാൻ ഒരിക്കലും എഴുന്നേറ്റു നില്ക്കുമായിരുന്നില്ല. ഒരിക്കൽ ഒരു യുദ്ധത്തിൽ ഞാൻ അങ്ങയോടൊപ്പമായിരുന്നു. തിരിച്ചു വരുമ്പോൾ എന്റെ ഒട്ടകം അങ്ങയുടെ ഒട്ടകത്തിന്റെ സമീപമെത്തി. അങ്ങയുടെ പാദം ചുംബിക്കുന്നതിനായി ഞാൻ ഒട്ടകപ്പുറത്തു നിന്നിറങ്ങി അങ്ങയുടെ അടുത്തേക്കു വന്നു. അങ്ങു വടി വീശിയപ്പോൾ അതെന്റെ മുതുകിൽ കൊണ്ടു. ഒട്ടകത്തെ അടിക്കാനാണോ, അതല്ല എന്നെ അടിക്കാനാണോ അങ്ങു വടി വീശിയതെന്ന് എനിക്കറിയില്ല.' അപ്പോൾ നബി തിരുമേനി(സ) പറഞ്ഞു: 'അല്ലാഹുവിന്റെ പ്രതാപത്തെകൊണ്ട് സത്യം, ദൈവദൂതൻ മന:പൂർവം നിന്നെ മർദിക്കാനാവില്ല.' തുടർന്ന് അവിടന്ന് പറഞ്ഞു: ഏ ബിലാൽ, ഫാത്വിമയുടെ അടുക്കൽച്ചെന്ന് ആ വടി കൊണ്ടു വരൂ. ബിലാൽ ചെന്ന് ഫാത്വിമയോടു പറഞ്ഞു: 'ഏ നബിയുടെ മകളേ! ആ വടി എനിക്ക് തരിക.' അപ്പോൾ ഹദ്റത്ത് ഫാത്വിമ ചോദിച്ചു, ബിലാലേ! എന്റെ പിതാവ് ആ വടികൊണ്ട് എന്താണ് ചെയ്യാൻ പോകുന്നത്? ഇത് യുദ്ധദിനങ്ങൾക്കു പകരം ഹജ്ജിന്റെ ദിനങ്ങളല്ലേ? അപ്പോൾ ഹദ്റത്ത് ബിലാൽ പറഞ്ഞു: ഫാത്വിമാ! നിങ്ങൾ നിങ്ങളുടെ പിതാവിന്റെ കാര്യത്തിൽ എത്രമാത്രം അജ്ഞയാണ്. നബി(സ)തിരുമേനി ജനങ്ങളോടു വിട പറഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകം ഉപേക്ഷിച്ച് പോകുകയാണ്. പകരം വീട്ടാൻ അവസരം നല്കുകയാണ്. അപ്പോൾ ഹദ്റത്ത് ഫാത്വിമ അത്ഭുതത്തോടെ ചോദിച്ചു: 'ബിലാലേ! നബി(സ)തിരുമേനിയോടു പകരം വീട്ടാൻ ആരാണ് കഴിയുക.' പിന്നീട് ഹദ്റത്ത് ഫാത്വിമ പറഞ്ഞു: 'ബിലാലേ! ആ ആളുടെ മുമ്പിൽ പോയി നില്ക്കാനും അവരോടു അയാൾ പകരം വീട്ടാനുംവേണ്ടി ഹസനോടും ഹുസയ്നോടും പറയുക. അവർ നബി(സ)തിരുമേനിയോടു പകരംവീട്ടാൻ അയാളെ അനുവദിക്കരുത്.' അങ്ങനെ ഹദ്റത്ത് ബിലാൽ(റ) മസ്ജിദിൽ വന്ന് ആ വടി നബി(സ)തിരുമേനിക്ക് നല്കി. അവിടന്ന് അതു ഉക്കാശയ്ക്കു നല്കി. ഹദ്റത്ത് അബൂബക്കറും ഉമറും ഈ ദൃശ്യം കണ്ട് എഴുന്നേറ്റുനിന്നു. അവർ പറഞ്ഞു: ഉക്കാശാ! ഞങ്ങൾ താങ്കളുടെ മുമ്പിൽ നില്ക്കുകയാണ്. ഞങ്ങളോടു പകരം വീട്ടിക്കൊള്ളുക. നബി(സ)തിരുമേനിയെ ഒന്നും പറയരുതേ.' നബി(സ)തിരുമേനി അവരിരുവരോടും പറഞ്ഞു: 'അബൂബക്കറേ! ഉമറേ! നില്ക്കുക. നിങ്ങൾ രണ്ടുപേരുടേയും പദവി അല്ലാഹു അറിയുന്നുണ്ട്.' അതിനുശേഷം ഹദ്റത്ത് അലി എഴുന്നേറ്റു നിന്നു. അദ്ദേഹം പറഞ്ഞു: ഉക്കാശാ! ഞാൻ എന്റെ ജീവിതം മുഴുവൻ നബി(സ)തിരുമേനിയോടൊപ്പം കഴിച്ചുകൂട്ടി. താങ്കൾ നബി(സ)തിരുമേനിയെ അടിക്കുക എന്നത് എനിക്കു സഹിക്കുകയില്ല. എന്റെ ശരീരം ഇതാ താങ്കളുടെ മുമ്പിലുണ്ട്. എന്നോടു പകരം വീട്ടിക്കൊള്ളുക. വേണമെങ്കിൽ നൂറുതവണ അടിച്ചുകൊള്ളുക; നബി(സ)തിരുമേനിയോടു പകരം വീട്ടരുതേ!' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'അലിയേ! അവിടെ ഇരിക്കുക.' അല്ലാഹു താങ്കളുടെ ഉദ്ദേശ്യവും പദവിയും അറിയുന്നുണ്ട്. അതുകഴിഞ്ഞ് ഹദ്റത്ത് ഹസനും ഹുസയ്നും എഴുന്നേറ്റുനിന്നു. അവർ പറഞ്ഞു: ഉക്കാശാ! ഞങ്ങൾ നബി(സ)തിരുമേനിയുടെ ദൗഹിത്രന്മാരാണ്. ഞങ്ങളോടു പകരം വീട്ടുക എന്നത് നബി(സ)തിരുമേനിയോടു പകരം വീട്ടുന്നതുപോലെയാണ്.' നബി(സ)തിരുമേനി അവരിരുവരോടും പറഞ്ഞു: 'എന്റെ പ്രിയപ്പെട്ടവരേ! ഇരിക്കുക.'എന്നിട്ടു പറഞ്ഞു: 'ഉക്കാശാ! അടിച്ചു കൊള്ളുക.' ഹദ്റത്ത് ഉക്കാശ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! അങ്ങ് എന്നെ അടിച്ചപ്പോൾ എന്റെ മുതുകിൽ വസ്ത്രമുണ്ടായിരുന്നില്ല.' അവിടന്ന് തന്റെ മുതുകിൽ നിന്ന് വസ്ത്രം മാറ്റി. സ്വഹാബാക്കൾ ഭ്രാന്തരെപ്പോലെ കരയാൻ തുടങ്ങി. അവർ പറഞ്ഞു: "ഉക്കാശ നബി(സ)തിരുമേനിയെ അടിച്ചുകളയുമോ?" ഹദ്റത്ത് ഉക്കാശ അവിടത്തെ വെളുത്ത ശരീരം കണ്ടപ്പോൾ ഭ്രാന്തനെപ്പോലെ മുന്നോട്ടു കുതിക്കുകയും അവിടത്തെ ശരീരത്തിൽ മുത്തം വെക്കാൻ തുടങ്ങുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ! ആർക്കാണ് അങ്ങയോട് പ്രതികാരം ചെയ്യാൻ കഴിയുക?' നബി(സ)തിരുമേനി ചോദിച്ചു: പ്രതികാരം ചെയ്യുന്നോ, അതോ മാപ്പാക്കുന്നോ? ഉക്കാശ പറഞ്ഞു: 'യാ റസൂലല്ലാഹ്, അല്ലാഹു ഖിയാമത്തുനാളിൽ എനിക്ക് മാപ്പാക്കുമെന്ന പ്രതീക്ഷയിൽ ഞാൻ മാപ്പാക്കുന്നു.' തുടർന്ന് നബി(സ) ജനങ്ങളെ അഭിസംബോധന ചെയ്തു: 'സ്വർഗത്തിലെ എന്റെ കൂട്ടുകാരനെ ആർക്കെങ്കിലും കാണണമെങ്കിൽ അവർ ഈ വൃദ്ധനെ നോക്കിക്കൊള്ളട്ടെ.' മുസ്‌ലിംകൾ ചാടിയെഴുന്നേറ്റു ഉക്കാശയുടെ നെറ്റിയിൽ ചുംബിക്കുകയും നബി(സ) തിരുമേനിയുടെ സാമീപ്യം നേടിക്കൊണ്ട് വലിയ പദവി കരസ്ഥമാക്കിയതിൽ അഭിനന്ദിക്കുകയും ചെയ്തു.(മജ്മഉസ്സവാഇദ് വാല്യം 8 പേജ് 429-431, കിതാബ് അലാമാത്തുന്നുബുവ്വ ഹദീഥ് 14253, ദാറുൽകുതുബുൽ ഇൽമിയ്യ 2001)

ഇതായിരുന്നു ഹദ്റത്ത് ഉക്കാശ. നബി(സ)തിരുമേനി തന്റെ മടങ്ങിപ്പോക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്, ഇനി എപ്പോഴെങ്കിലും ഇങ്ങനെ ഒരു അവസരം തനിക്ക് കിട്ടുമോ എന്നറിയില്ല എന്നോർത്ത് അദ്ദേഹം ആ അവസരം മുതലെടുക്കുകയായിരുന്നു; ജീവിതത്തിൽ കിട്ടിയ അവസരമാണ് അതുകൊണ്ട് തൊടുക മാത്രമല്ല മറിച്ച് മുത്തുകയും ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു.

ഹദ്റത്ത് അബൂബക്കറി(റ)ന്റെ ഖിലാഫത്ത് കാലത്ത് മതത്യാഗികളെ അടിച്ചമർത്തുന്നതിന് ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ)നോടൊപ്പം അദ്ദേഹവും പുറപ്പെട്ടു. ഈസബ്നു ഉമയ്ല തന്റെ പിതാവിൽനിന്ന് നിവേദനം ചെയ്യുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ജനങ്ങളെ നേരിടുന്നതിനു പോകുന്ന സമയത്ത് ബാങ്കുകേട്ടാൽ ആക്രമിക്കുമായിരുന്നില്ല. ബാങ്ക് കേട്ടില്ലെങ്കിൽ ആക്രമണം നടത്തുമായിരുന്നു. അവിടന്ന്(റ) ആ ജനതയുടെ അടുത്ത് ബുസാഖ എന്ന സ്ഥലത്തെത്തിയപ്പോൾ ഹദ്റത്ത് ഉക്കാശത്തുബ്നു മിഹ്സനെ(റ)യും ഹദ്റത്ത് ഥാബിത്തുബ്നു അക്രമിനെയും ആയിരുന്നു ശത്രുക്കളുടെ വിവരങ്ങളറിയാൻ നിയോഗിച്ചിരുന്നത്. ഇരുവരും കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഉക്കാശയുടെ കുതിരയുടെ പേര് 'അർറിസാം' എന്നും ഹദ്റത്ത് ഥാബിത്തുബ്നു അക്രമിന്റെ കുതിരയുടെ പേര് 'അൽമഹ്ബർ' എന്നുമായിരുന്നു. ഇവർ രണ്ടുപേരും മുസ്‌ലിംകളുടെ പ്രവർത്തനങ്ങളറിയാൻ തങ്ങളുടെ സൈന്യത്തിൽ നിന്നുവന്ന ചാരന്മാരായ തുലയ്ഹയുടേയും അയാളുടെ സഹോദരൻ സലമയുടേയും മുന്നിലായിരുന്നു ചെന്നുചാടിയത്. തുലയ്ഹ ഹദ്റത്ത് ഉക്കാശയെയും സലമ, ഥാബിത്തുബ്നു അക്രമിനെയും നേരിട്ടു. ആ രണ്ടു സഹോദരന്മാരും ഈ സ്വഹാബാക്കളെ ശഹീദാക്കുകയായിരുന്നു. അബൂവാഖിദുല്ലയ്ഥി വിവരിക്കുന്നു: ഞങ്ങൾ 200 ആളുകളടങ്ങിയ സൈന്യത്തിന്റെ മുമ്പിൽ നടക്കുന്നവരായിരുന്നു. ഞങ്ങൾ വധിക്കപ്പെട്ട ഹദ്റത്ത് ഥാബിത്തിന്റേയും ഹദ്റത്ത് ഉക്കാശയുടേയും അടുത്തു ഖാലിദു വരുന്നതുവരെ നിന്നു. അദ്ദേഹത്തിന്റെ കല്പനയാൽ ഞങ്ങൾ ഹദ്റത്ത് ഥാബിത്തിനേയും ഹദ്റത്ത് ഉക്കാശയേയും ചോരപുരണ്ട വസ്ത്രത്തിൽത്തന്നെ ഖബ്റടക്കി. ഹിജ്റ 12ന് ആയിരുന്നു ഈ സംഭവം." അങ്ങനെയാണ് അവർ ശഹീദ് ആയത്.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3 പേജ് 245, ഥാബിത് ബിൻ അഖ്റം ദാറു അഹ്‌യാഅത്തുറാഥുൽഅറബി ബേറൂത്ത് 1996)

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് ഖാരിജ ബിൻ സയ്ദ്(റ). ഖസ്റജ് ഗോത്രത്തിന്റെ അഗസ് കുടുംബവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ഖാരിജയുടെ മകൾ ഹബീബ ബിൻത് ഖാരിജ ഹദ്റത്ത് അബൂബക്കറി(റ)ന്റെ പത്നിയായിരുന്നു. ഇവരിലാണ് ഹദ്റത്ത് അബൂബക്കർ സിദ്ദീഖി(റ)ന്റെ മകൾ ഹദ്റത്ത് ഉമ്മു കുൽഥും ജനിച്ചത്. നബി(സ)തിരുമേനി ഹദ്റത്ത് ഖാരിജ ബിൻ സയ്ദും ഹദ്റത്ത് അബൂബക്കറും തമ്മിൽ സാഹോദര്യബന്ധം ഉണ്ടാക്കി. ഗോത്രപ്രമാണിയായിരുന്ന ഇദ്ദേഹം ഉന്നതരായ സ്വഹാബാക്കളിലാണ് എണ്ണപ്പെട്ടിരുന്നത്. അഖബായിലായിരുന്നു അദ്ദേഹം ബയ്അത്ത് ചെയ്തത്. (അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3 പേജ് 271)

മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിനുശേഷം ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ബദ്ർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. (അസദുൽഗാബ വാല്യം 1 പേജ് 640) ബദ്ർ യുത്തിൽ പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ വളരെ ധീരതയോടെ പൊരുതിക്കൊണ്ടാണ് ഹദ്റത്ത് ഖാരിജ ബിൻ സയ്ദ് ശഹാദത്ത് വരിച്ചത്. കുന്തങ്ങൾകൊണ്ട് മുറിവേൽക്കുകയായിരുന്നു. അദ്ദേഹത്തിന് പതിമൂന്നിലധികം മുറിവേൽക്കുകയുണ്ടായി. മുറിവേറ്റു കിടന്നിരുന്ന അദ്ദേഹത്തിന്റെ അരികിലൂടെ സ്വഫ്‌വാൻ ബിൻ ഉമയ്യ കടന്നു പോയി. ആളെ തിരിച്ചറിഞ്ഞ സ്വഫ്‌വാൻ അദ്ദേഹത്തെ ആക്രമിക്കുകയും ശഹീദാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ശരീരത്തെ വികൃതമാക്കുകയും ചെയ്തു. അയാൾ പറഞ്ഞു: 'ബദ്റിൽ അബൂ അലിയെ വധിച്ചവരാണിവർ; അതായത് എന്റെ പിതാവ് ഉമയ് ബിൻ ഖൽഫിനെ. ഇപ്പോൾ മുഹമ്മദിന്റെ മികച്ച ആളുകളെ കൊന്നുകൊണ്ട് എന്റെ മനസ്സിന് കുളിരേകാനുള്ള അവസരം എനിക്ക് കൈവന്നിരിക്കുകയാണ്.' ഹദ്റത്ത് ഇബ്നു ഖൗഫലിനെയും ഹദ്റത്ത് ഖാരിജ ബിൻ സയ്ദിനെയും ഹദ്റത്ത് ഔസ് ബിൻ അർഖമിനെയും ശഹീദാക്കിയത് ഇയാളായിരുന്നു. ഹദ്റത്ത് ഖാരിജയും അദ്ദേഹത്തിന്റെ പിതൃവ്യസഹോദരപുത്രനായ സഅദ് ബിൻ റബീഉം ഒരേ ഖബ്റിലാണ് മറവു ചെയ്യപ്പെട്ടത്."(അൽഇസ്തീആബ് വാല്യം 2 പേജ് 34) രിവായത്തിൽ വന്നിരിക്കുന്നു: ഉഹുദ് ദിവസം ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ ഉച്ചത്തിൽ വിളിച്ചു പറയുകയായിരുന്നു: അല്ലയോ മുസ്‌ലിംകളേ! അല്ലാഹുവിനോടും അവന്റെ ദൂതനോടും നിങ്ങൾ ചേർന്നു നില്ക്കുക. നിങ്ങൾ സ്വന്തം നബിയോട് ധിക്കാരം കാണിച്ചതുകൊണ്ടാണ് ഈ വിപത്ത് നിങ്ങൾക്ക് വന്നെത്തിയത്. അദ്ദേഹം നിങ്ങൾക്ക് സഹായവാഗ്ദാനം നല്കിയപ്പോൾ നിങ്ങൾ സഹനം അവലംബിച്ചില്ല.' തുടർന്ന് ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ തന്റെ ഇരുമ്പ് തൊപ്പിയും പടച്ചട്ടയും അഴിച്ചുകൊണ്ട് ഹദ്റത്ത് ഖാരിജയോട് ചോദിച്ചു: 'താങ്കൾക്ക് ഇതിന്റെ ആവശ്യമുണ്ടോ?' ഖാരിജ പറഞ്ഞു: 'ഇല്ല, നിങ്ങൾ എന്തൊന്നാണോ


"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

ഉത്ക്കടമായി ആഗ്രഹിക്കുന്നത് ഞാനും അതു തന്നെയാണ് ആഗ്രഹിക്കുന്നത്. ശേഷം അവരെല്ലാം ശത്രുക്കളോട് ഏറ്റു മുട്ടി. തങ്ങളുടെ കൺമുൻപാകെ നബി(സ)തിരുമേനിക്ക് വല്ല പ്രയാസവും ഉണ്ടായാൽ നമ്മൾ നമ്മുടെ നാഥന്റെ സമക്ഷം എന്തു ഒഴികഴിവ് പറയും എന്ന് ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദ ചോദിക്കാറുണ്ടായിരുന്നു. നമ്മുടെ നാഥന്റെ മുന്നിൽ നമുക്ക് ഒരു ഒഴികഴിവും ന്യായവും ഉണ്ടാവുകയില്ല എന്നായിരുന്നു ഖാരിജ ബിൻ സയ്ദ് പറഞ്ഞിരുന്നത്. സുഫ്യാൻ ബിൻ അബ്ദുശ്ശംസ് സൽമിയാണ് ഹദ്റത്ത് അബ്ബാസ് ബിൻ ഉബാദയെ ശഹീദാക്കിയത്. ഖാരിജ ബിൻ സയ്ദിന് പത്തിലധികം അമ്പേറ്റ് മുറിവേൽക്കുകയായിരുന്നു."(കിതാബുൽ മഗാസി വാല്യം 1 പേജ് 227–228)

ഉഹുദ് ദിവസം മുറിവേറ്റു കിടക്കുന്ന ഖാരിജ ബിൻ സയ്ദിന്റെ അരികിലൂടെ ഹദ്റത്ത് മാലിക് ബിൻ ദുഖുശും കടന്നു പോയി. പതിമൂന്നോളം അമ്പുകളേറ്റ ഖാരിജ ബിൻ സയ്ദ് ഗുരുതരമായ മുറിവുകളേറ്റ് ഇരിക്കുകയായിരുന്നു. ഹദ്റത്ത് മാലിക് അദ്ദേഹത്തോടു പറഞ്ഞു: നബി(സ)തിരുമേനി ശഹീദായെന്ന് താങ്കൾ അറിഞ്ഞില്ലേ? ഹദ്റത്ത് ഖാരിജഃ പറഞ്ഞു: 'അങ്ങ് ശഹീദാക്കപ്പെട്ടുവെങ്കിൽ അല്ലാഹു എന്തായാലും ജീവിച്ചിരിപ്പുണ്ട്. അവൻ മരി ക്കുകയില്ലല്ലോ. മുഹമ്മദ്(സ) തന്റെ സന്ദേശം എത്തിച്ചു. നിങ്ങളും ദീനിനു വേണ്ടി പോരാടുക."(കിതാബുൽമഗാസി വാല്യം 1 പേജ് 243)

ഹദ്റത്ത് ഖാരിജക്ക് രണ്ടു മക്കളായിരുന്നു. അവരിൽ ഒരാളായിരുന്നു ഹദ്റത്ത് സയ്ദ് ബിൻ ഖാരിജ. അദ്ദേഹം ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വഫാത്തായി. ഹദ്റത്ത് ഖാരിജ ബിൻ സയ്ദിന്റെ രണ്ടാമത്തെ കുട്ടി ഹദ്റത്ത് ഹബീബ ബിൻത് ഖാരിജ ആയിരുന്നു. അവരുടെ വിവാഹം ഹദ്റത്ത് അബൂബക്കർ സിദ്ദീഖുമായി നടന്നു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഹബീബ ഗർഭിണിയായിരുന്നു. അവരിൽനിന്ന് താൻ പെൺകുഞ്ഞിനെയാണ് പ്രതീക്ഷിക്കുന്നതെന്ന് ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞിരുന്നു. അങ്ങനെ അവർക്ക് പെൺകുഞ്ഞ് പിറന്നു.(അസദുൽഗാബ വാല്യം 1 പേജ് 640–641)

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഹദ്റത്ത് സിയാദ് ബിൻ ലബീദ്. രണ്ടാമത്തെ അഖബായിൽ എഴുപത് പേരോടൊപ്പം അദ്ദേഹം വന്ന് ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം മദീനയിൽ തിരിച്ചെത്തിയപ്പോൾ തന്റെ ഗോത്രമായ ബനൂബയാളയിലെ വിഗ്രഹം അദ്ദേഹം തകർത്തു. അദ്ദേഹം ബിംബങ്ങളെ പൂജിക്കാറുണ്ടായിരുന്നു. തുടർന്ന് നബി(സ) തിരുമേനിയുടെ അടുക്കൽ മക്കയിലേക്ക് പോവുകയും അവിടെ തന്നെ താമസിക്കുകയും ചെയ്തു. നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ അദ്ദേഹവും ഹിജ്റത്ത് ചെയ്തു. അക്കാരണത്താൽ സിയാദ് മുഹാജിർഅൻസ്വാരി എന്നാണ് പറയപ്പെടുന്നത്. മുഹാജിറുമായി. അൻസ്വാരിയുമായിരുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3 പേജ് 302) നബി(സ)തിരുമേനി മദീനയിലെത്തി ബനൂബയാളയുടെ മഹല്ലിലൂടെ കടന്നു പോകുമ്പോൾ സിയാദ് അഹ്‌ലൻ വ്വ സഹ്‌ലൻ എന്നു പറഞ്ഞു വരവേൽക്കുകയും നബി(സ)തിരുമേനിക്ക് താമസിക്കാൻ തന്റെ വീട് നല്കാമെന്ന് പറയുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഒട്ടകത്തെ സ്വതന്ത്രമായി വിട്ടേക്കുക. അതിന്റെ താമസസ്ഥലം അതു സ്വയം കണ്ടെത്തിക്കൊള്ളും.'

ഹിജ്റ 9 ന് മുഹർറ മാസത്തിൽ സക്കാത്തും സ്വദഖയും ശേഖരിക്കുന്നതിന് പ്രത്യേകം ആളുകളെ നിശ്ചയിച്ചപ്പോൾ ഹള്ർമൗത്ത് പ്രദേശത്തെ സക്കാത്ത് പിരിക്കാൻ നബി(സ)തിരുമേനി നിയോഗിച്ചത് ഹദ്റത്ത് സിയാദിനെയായിരുന്നു. ഹദ്റത്ത് ഉമറിന്റെ കാലഘട്ടംവരെ അദ്ദേഹം ഈ സേവനം തുടർന്നു. ഈ സേവനത്തിൽനിന്ന് വിരമിച്ചതിനു ശേഷം അദ്ദേഹം കൂഫയിൽ താമസമാക്കുകയും ഹിജ്റ 41 ന് അവിടത്തന്നെ വഫാത്താകുകയും ചെയ്തു.(സർവറെ കാഇനാത്തിന്റെ 50 സ്വഹാബ, ത്വലിബുൽ ഹാശ്മീ പേജ് 557–559, മെട്രോ പ്രിന്റേഴ്സ് ലാഹോർ 1985)

ചരിത്രത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ ഖിലാഫത്ത് കാലത്ത് മതത്യാഗത്തിന്റെ ഫിത്ന കൊടുമ്പിരി കൊള്ളുകയും അവർ സക്കാത്ത് നല്കുന്നത് നിഷേധിക്കുകയും ചെയ്തപ്പോൾ അശ്അഥ് ബിൻ ഖയ്സ് അൽകുന്ദിയും മതപരിത്യാഗിയായി. അയാളെ ശിക്ഷിക്കുന്നതിന് ഹദ്റത്ത് സിയാദിനെയാണ് നിയമിച്ചത്. അദ്ദേഹം അയാളുടെമേൽ ആക്രമണം നടത്തിയപ്പോൾ അയാൾ നഹ്‌യിർ കോട്ടയിൽ അഭയം തേടി. ഹദ്റത്ത് സിയാദ് വളരെ ശക്തമായി അവരെ ഉപരോധിച്ചു. അവസാനം അവർ പൊറുതിമുട്ടി തനിക്കും തന്നോടൊപ്പമുള്ള ഒമ്പതാളുകൾക്കും അഭയം നല്കിയാൽ കോട്ടയുടെ കവാടം തുറക്കാമെന്ന് അശ്അഥ് സമ്മതിച്ച് സന്ദേശം അയച്ചു. ഉടമ്പടി എഴുതിക്കൊണ്ടുവരാനും താൻ അതിൽ മുദ്ര വെക്കുന്നതാണെന്നും സിയാദ് പറഞ്ഞു. അതിനുശേഷം അയാൾ കവാടം തുറന്നു. ഉടമ്പടി നോക്കിയപ്പോൾ ഒമ്പതാളുകളുടെ പേരുകൾ കണ്ടു. അശ്അഥ് തന്റെ പേരെഴുതാൻ മറന്നുപോയി. അങ്ങനെ അയാൾ മറ്റു തടവുകാരോടൊപ്പം മദീനയിലേക്ക് അയക്കപ്പെട്ടു. (ഇംതാഉൽ അസ്മാഅ് വാല്യം 14 പേജ് 254–255)

നബി(സ)തിരുമേനിയുടെ മറ്റൊരു സ്വഹാബിയായിരുന്നു ഹദ്റത്ത് മുഅത്ത്വിബ് ബിൻ ഉബയ്ദ്(റ). അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സഹോദരപുത്രൻ ഉസയ്ർ ബിൻ ഉർവ അദ്ദേഹത്തിന്റെ അനന്തരാവകാശിയായി. ബദ്റിലും ഉഹുദിലും പങ്കെടുത്ത അദ്ദേഹം റജീഅ് ദിനത്തിൽ ശഹീദാവുകയായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3 പേജ് 240)

ഈ സംഭവത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: 'മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വളരെ ഭയാനകമായ ദിനങ്ങളായിരുന്നു അവ. നബിതിരുമേനി(സ)ക്ക് നാലുഭാഗത്തുനിന്നും ആശങ്കയുളവാക്കുന്ന വാർത്തകളായിരുന്നു ലഭിച്ചു കൊണ്ടിരുന്നത്. ഏറ്റവും കൂടുതൽ ഭീഷണി വന്നത് മക്കയിലെ ഖുറയ്ശികളിൽ നിന്നായിരുന്നു. ഉഹുദ് യുദ്ധത്തിനുശേഷം അവർ കൂടുതൽ ധൈര്യവും ധാർഷ്ട്യവും കാണിക്കാൻ തുടങ്ങി. ഈ അപകടം മനസ്സിലാക്കിയ നബി(സ) തിരുമേനി ഹിജ്റ 4 സഫർ മാസത്തിൽ പത്തു സ്വഹാബികളുടെ ഒരു സംഘം തയ്യാറാക്കി ആസ്വിം ബിൻ ഥാബിത്തിനെ അതിന്റെ അമീർ ആക്കുകയും ഖുറയ്ശികളുടെ നീക്കങ്ങളും പരിപാടികളും രഹസ്യമായി അന്വേഷിച്ചു വിവരം തരാനും കല്പിച്ചു. പക്ഷേ, ഈ സംഘം പുറപ്പെടുന്നതിനു മുമ്പേ അളൽ, ഖാറ എന്നീ ഗോത്രങ്ങളിലെ ചിലയാളുകൾ നബി(സ)തിരുമേനിയുടെ അടത്തുവന്ന് തങ്ങളുടെ ഗോത്രങ്ങളിലെ ഒരുപാടുപേർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരാണെന്നും തങ്ങളെ മുസ്‌ലിമാക്കി ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ നല്കുന്നതിന് ചിലരെ കൂടെ അയക്കണമെന്നും അപേക്ഷിച്ചു. ഇവരുടെ ആഗ്രഹം മനസ്സിലാക്കിയ നബി(സ)തിരുമേനിരഹസ്യാന്വേഷണത്തിനായിനിയോഗിച്ചസംഘത്തെതന്നെ അവരോടൊപ്പം അയച്ചു. എന്നാൽ, ഇവർ കള്ളം പറയുന്നവരാണെന്ന് പിന്നീടു തെളിഞ്ഞു. ബനൂലിഹ്‌യാൻ ഗോത്രത്തിന്റെ പ്രേരണമൂലം ആയിരുന്നു അവർ മദീനയിൽ വന്നത്. തങ്ങളുടെ ഗോത്രത്തലവനായിരുന്ന അബൂസുഫ്‌യാൻ ബിൻ ഖാലിദിന്റെ മരണത്തിന് പ്രതികാരം ചെയ്യാൻ അവർ ആവിഷ്കരിച്ച തന്ത്രമായിരുന്നു അത്. മുസ്‌ലിംകൾ മദീനക്ക് പുറത്തുവന്നാൽ ആക്രമിക്കാൻ വേണ്ടിയായിരുന്നു ഈ തന്ത്രം. ബനൂലിഹ്‌യാൻ ഈ സേവനത്തിന് പകരമായി അളൽ ഖാറ എന്നീ ഗോത്രങ്ങളിലെ ആളുകൾക്ക് ധാരാളം ഒട്ടകങ്ങൾ സമ്മാനമായി പ്രഖ്യാപിച്ചിരുന്നു. അളൽ, ഖാറ എന്നീ ഗോത്രങ്ങളിലെ വഞ്ചകരായ ആളുകൾ അസ്ഫാനും മക്കയ്ക്കും ഇടയിലുള്ള സ്ഥലത്തെത്തിയപ്പോൾ മുസ്‌ലിംകൾ തങ്ങളോടൊപ്പം വരുന്നുണ്ടെന്ന് രഹസ്യമായി ബനൂലിഹ്‌യാൻ ഗോത്രത്തെ അറിയിക്കുകയും അങ്ങനെ ബനൂലിഹ്‌യാൻ ഗോത്രത്തിലെ 200 പടയാളികൾ, അതിൽ 100 പേർ വില്ലാളി വീരന്മാരായിരുന്നു, മുസ്‌ലിംകളെ പിന്തുടരുകയും റജീഅ് എന്ന സ്ഥലത്തുവച്ച് അവരെ വളയുകയും ചെയ്തു. പത്തുപേർക്ക് ഇരുന്നൂറുപേരെ എങ്ങനെയാണ് നേരിടാൻ കഴിയുക? അതുകൊണ്ട് ആ സ്വഹാബാക്കൾ ഉടനെത്തന്നെ അടുത്തുള്ള ചെറിയ കുന്നിൽ കയറിക്കൊണ്ട് അവരോട് പോരാടാനുള്ള തയ്യാറെടുപ്പ് നടത്തി. അവിശ്വാസികൾക്ക് വഞ്ചിക്കുക എന്നത് കുറവുള്ള കാര്യമല്ല. 'നിങ്ങൾ കുന്നിൽനിന്നിറങ്ങുക, ഞങ്ങൾ നിങ്ങളെ കൊല്ലുകയില്ലെന്ന് വാക്കുതരുന്നു' എന്ന് അവിശ്വാസികൾ വിളിച്ചു പറഞ്ഞു. നിങ്ങളുടെ വാഗ്ദാനങ്ങളിൽ ഞങ്ങൾക്ക് തരിമ്പും വിശ്വാസമില്ലെന്ന് ആസ്വിം(റ) വിളിച്ചു പറഞ്ഞു. നിങ്ങൾ തരുന്ന ഈ ഉറപ്പുകൊണ്ട് ഞങ്ങൾ ഇറങ്ങിവരികയില്ല. എന്നിട്ടദ്ദേഹം ആകാശത്തേക്ക് മുഖമുയർത്തിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവേ, നീ ഞങ്ങളുടെ സ്ഥിതി അറിയുന്നവനാണല്ലോ. ഞങ്ങളുടെ അവസ്ഥകൾ നീ നബി(സ)തിരുമേനി യെ അറിയിച്ചാലും.' ചുരുക്കത്തിൽ ആസ്വിമും കൂട്ടുകാരും അവരോട് യുദ്ധം ചെയ്യുകയും പൊരുതി ശഹീദാവുകയും ചെയ്തു. ഏഴു സ്വഹാബത്ത് വധിക്കപ്പെട്ടു. ഖുബയ്ബ് ബിൻ അദിയ്യും സയ്ദ് ബിൻ ദഥിനയും മറ്റൊരു സ്വഹാബിയുമാണ് ബാക്കിയായത്. സത്യനിഷേധികളുടെ യഥാർഥ ഉദ്ദേശ്യം അവരെ ജീവനോടെ വധിക്കുക എന്നതായിരുന്നു. നിങ്ങൾ താഴേക്കിറങ്ങി വന്നാൽ ഞങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിക്കുകയില്ലെന്ന് വീണ്ടും അവർ വിളിച്ചു പറഞ്ഞു: ഇപ്രാവശ്യം നിഷ്കളങ്കരായ ആ മുസ്‌ലിംകൾ അവരുടെ വഞ്ചനയിൽ കുടുങ്ങി താഴെവന്നു. അവർ താഴെ ഇറങ്ങി വന്നയുടനെ അവിശ്വാസികൾ തങ്ങളുടെ അമ്പുകളുടേയും വില്ലുകളുടേയും ശക്തികൊണ്ട് അവരെ കെട്ടിയിട്ടു. ഖുബയ്ബിനും സയ്ദിന്റെ കൂട്ടുകാരനും– അദ്ദേഹത്തിന്റെ പേര് ചരിത്രത്തിൽ അബ്ദുല്ലാഹിബ്നു ത്വാരിഖ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്– അത് സഹിക്കാൻ കഴിഞ്ഞില്ല; ഇത് നിങ്ങളുടെ ആദ്യത്തെ ഉടമ്പടി ലംഘനമാണെന്നും ഇനിയങ്ങോട്ട് എന്തൊക്കെയാണ് ഉണ്ടാകാൻ പോകുന്നതെന്ന് അറിയുകയില്ലെന്നും അവർ വിളിച്ചു പറഞ്ഞു. അബ്ദുല്ലാഹ് അവരോടൊപ്പം പോകുന്നതിനെ നിഷേധിച്ചു. അപ്പോൾ സത്യനിഷേധികൾ കുറച്ചുദൂരംവരെ അബ്ദുല്ലായെ വലിച്ചുകൊണ്ടുപോകുകയും മർദ്ദിക്കുകയും അദ്ദേഹത്തെ കൊന്നുതള്ളുകയും ചെയ്തു. കാരണം അവരുടെ പ്രതികാരംപൂർണമായികഴിഞ്ഞിരുന്നു. ഖുറയ്ശികളെസന്തോഷിപ്പിക്കുന്നതിനുവേണ്ടി, അതുപോലെതന്നെ പണത്തിന്റെ ആർത്തിയിൽ ഖുബയ്ബിനേയും സയ്ദിനേയും കൂട്ടി മക്കയിലേക്കു അവർ പുറപ്പെട്ടു. അവിടെ കൊണ്ടുപോയി അവരെ ഖുറയ്ശികൾക്കു വിറ്റു. അങ്ങനെ ഖുബയ്ബിനെ ഹാരിഥ് ബിൻ ആബിർ ബിൻ നൗഫലിന്റെ കുട്ടികൾ വിലക്കുവാങ്ങി. കാരണം ഖുബയ്ബ് ബദ്ർ യുദ്ധത്തിൽ ഹാരിഥിനെ വധിച്ചിരുന്നു. സയ്ദിനെ സ്വഫ്‌വാൻ ബിൻ ഉമയ്യായും വാങ്ങിച്ചു. ഇദ്ദേഹവും അവസാനം ശഹീദാക്കപ്പെട്ടു. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ., പേജ് 513–514)

ബദ്‌രീ സ്വഹാബാക്കളിലെ മറ്റൊരാൾ ഹദ്റത്ത് ഖാലിദ് ബിൻ ബുകയ്ർ(റ)ആണ്. ഹദ്റത്ത് ഖാലിദ് ബിൻ ബുക്കയ്ർ, ഹദ്റത്ത് ആഖിൽ, ഹദ്റത്ത് ആമിർ, ഹദ്റത്ത് അയാസ് എന്നിവർ ഒരുമിച്ചാണ് ദാറെ അർഖമിൽ ഇസ്‌ലാം സ്വീകരിച്ചത്. ദാറെ അർഖമിൽ ആദ്യമായി ഇസ്‌ലാം സ്വീകരിച്ചത് ഈ നാലു സഹോദരന്മാരാണ്. ഹദ്റത്ത് ഖാലിദ് ബിൻ ബുക്കയറും ഹദ്റത്ത് സയ്ദ് ബിൻ ദഥിനയും തമ്മിൽ നബി(സ)തിരുമേനി സാഹോദര്യബന്ധം ഉണ്ടാക്കിയിരുന്നു. ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു. ഹിജ്റ 4ന് സഫർ മാസത്തിൽ മുപ്പത്തിനാലാം വയസ്സിൽ റജീഅ് സംഭവത്തിൽ ഹദ്റത്ത് ആസ്വിമും കൂട്ടരുമൊത്ത് പൊരുതി ശഹീദായി.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3 പേജ് 297).നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിനുമുമ്പേ ഒരു സൈന്യത്തെ അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ (റ) നേതൃത്വത്തിൽ ഖുറയ്ശികളുടെ സംഘത്തെ നേരിടുന്നതിന് അയച്ചിരുന്നു. അതിൽ ഹദ്റത്ത് ഖാലിദുബ്നു ബുകയ്റയുമുണ്ടായിരുന്നു. അദ്ദേഹം ഹിജറ വർഷം 4 സഫ്ർ മാസത്തിൽ 34–ാം വയസ്സിൽ റജീഅ് യുദ്ധത്തിൽ ആസ്വിം ബിൻ ഥാബിത്തിനോടും മർഥദ് ബിൻ അബീ മർഥദ് ഗനവിയോടും അള്ൽ– വഖാറ ഗോത്രങ്ങളോടു യുദ്ധം ചെയ്ത്

ശഹീദായി. (അസദുൽഗാബ, വാല്യം 1, പേജ് 64). ഖാലിദ് ബിൻ ബുകയ്ർ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഇതുസംബന്ധമായി ഇബ്നു ഇസ്ഹാഖ് പറയുന്നു: 'അളൽ ഗോത്രത്തിന്റേയും ഖാറ ഗോത്രത്തിന്റേയും ആളുകൾ ആ സ്വഹാബിമാരേയുംകൊണ്ട് റജീഅ് എന്ന സ്ഥലത്തെത്തി. അത് ഹുദയ്ൽ ഗോത്രത്തിന്റെ ഒരു അരുവിയുടെ പേരാണ്. ഹിജാസിന്റെ തീരത്താണ് അതുള്ളത്. അവർ ആ സ്വഹാബാക്കളോടു വഞ്ചന കാണിച്ചു. അതായത് അവരെ കൂട്ടിക്കൊണ്ടുവന്നവർ വഞ്ചന കാണിച്ചു. ഹുദയ്ൽ ഗോത്രത്തെ ആ സ്വഹാബാക്കൾക്കെതിരെ പ്രകോപിപ്പിച്ചു. സ്വഹാബാക്കൾ അവരുടെ ടെന്റിൽതന്നെയാണ് അപ്പോൾ ഉണ്ടായിരുന്നത്. നാലുഭാഗത്തുനിന്നും ആളുകൾ വാളുകളുമായി നടന്നുവരുന്നത് അവർ കണ്ടു. ഇവരും തന്റേടത്തോടെ പോരാടാൻ തയ്യാറായി. അവർ (അവിശ്വാസികൾ) പറഞ്ഞു. അല്ലാഹുവാണ! ഞങ്ങൾ നിങ്ങളെ വധിക്കുകയില്ല. ഞങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങളെ പിടിച്ച് മക്കക്കാരുടെ മുമ്പിൽ കൊണ്ടുപോകുക എന്നതു മാത്രമാണ്. നിങ്ങൾക്ക് പകരം അവരിൽനിന്ന് കുറച്ചു പണം വാങ്ങണം. ഹദ്റത്ത് മർഥദ് ബിൻ അബീ മർഥദും(റ) ഹദ്റത്ത് ആസിംബിൻ ഥാബിത്തും(റ) ഹദ്റത്ത് ഖാലിദ് ബിൻ ബുകയറും പറഞ്ഞു: അല്ലാഹുവാണ! ഞങ്ങൾ ബഹുദൈവ വിശ്വാസികളുടെ ഉടമ്പടി അംഗീകരിക്കുകയില്ല. അവസാനം മൂവരും പോരാടി ശഹീദായി. (സീറത്തു ഇബ്നു ഹിശാം പേജ് 591 –592 ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2001)

ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്ത്(റ) അവരെ കുറിച്ച് ഒരു പദ്യത്തിൽ പറഞ്ഞു:

അലാ ലയ്തനീ ഫീഹാ ശഹിദ്ത്തുബ്ന ത്വാരിഖിൻ
വ സയ്ദൽ വമാ തുഗ്നീൽ അമാനീ വ മർഥദാ
ഫ ദാഫഅ്ത്തു അൻ ഹിബ്ബീ ഖുബയ്ബിൻ വ ആസിമിൻ
വകാന ശിഫാ അൻ ലൗ തദാറക്തു ഖാലിദൻ (അസദുൽ ഗാബ, വാല്യം 1, പേജ് 697, ഖാലിദ് ബിൻ ബുകയ്ർ(റ) ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2003)

അഹോ കഷ്ടം! ഞാൻ ഈ (റജീഅ് സംഭവത്തിൽ) ഇബ്നു ത്വാരിഖിനോടും സയ്ദിനോടും മർഥദിനോടുമൊപ്പം ഉണ്ടായിരുന്നെങ്കിൽ! ആഗ്രഹങ്ങൾ ഒന്നിനും പ്രയോജനപ്പെടുകയില്ല എന്നത് ശരി തന്നെ; ഞാൻ എന്റെ സുഹൃത്തുക്കളായ ഖുബ്യബിനേയും ആസിമിനേയും രക്ഷിക്കുമായിരുന്നു. ഞാൻ ഖാലിദിനെ കണ്ടിരുന്നെങ്കിൽ അദ്ദേഹവും രക്ഷപ്പെടുമായിരുന്നു.

തങ്ങളുടെ ദീനും ഈമാനും സംരക്ഷിക്കുന്നതിനു വേണ്ടി ത്യാഗങ്ങൾ വരിച്ച കൂട്ടരാണിവർ. അല്ലാഹുവിന്റെ തൃപ്തി നേടിയവരായിരുന്നു അവർ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വഹാബാക്കളെ സംബന്ധിച്ച് പറയുന്നു: 'ഔദാര്യം ചൊരിയുന്നവനും ദു:ഖങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവിനു നന്ദി. അവന്റെ റസൂലിനുമേൽ സ്വലാത്തു സലാമും ഉണ്ടാകട്ടെ. മനുഷ്യകുലത്തിന്റെ നേതാവും പരിശുദ്ധ ഹൃദയനും സ്വർഗത്തിലേക്ക് അടുപ്പിക്കുന്നവനുമായ റസൂൽ! വിശ്വാസത്തിന്റെ അരുവിയിലേക്ക് ഓടിയടുക്കുകയും വഴികേടിന്റെ ഇരുൾമുറ്റിയ രാത്രികളെ ജ്ഞാനവും കർമവും കൊണ്ട് ദീപ്തമാക്കുകയും ചെയ്ത അദ്ദേഹത്തിന്റെ സ്വഹാബാക്കളുടെമേൽ സമാധാനമുണ്ടാകട്ടെ.(നൂറുൽഹഖ് റൂഹാനീ ഖസാഇൻ വാല്യം 8 പേജ് 188)

മറ്റൊരു സ്ഥലത്ത് അവിടന്ന് പറയുന്നു: 'പകൽ യുദ്ധമൈതാനത്ത് സിംഹത്തെ പോലെയും രാത്രികളിൽ സന്യാസിമാരുമായിരുന്നു അവർ. അവർ ദീനിന്റെ താരകങ്ങളായിരുന്നു. (രാത്രിയിൽ സന്യാസിയായിരുന്നു എന്നതിന്റെ ഉദ്ദേശ്യം ആരാധനയിൽ മുഴുകിയിരുന്നുവെന്നാണ്) അല്ലാഹുവിന്റെ സംപ്രീതി അവരെല്ലാവരോടുമൊപ്പമുണ്ടായിരുന്നു." (നജ്മുൽഹുദാ റൂഹാനീ ഖസാഇൻ വാല്യം 14 പേജ് 17) അല്ലാഹു നമുക്കും നമ്മുടെ വൈജ്ഞാനികവും കർമപരവുമായ അവസ്ഥ നന്നാക്കുവാനും രാത്രികളിലെ ഇബാദത്തുകളുടെ നിലവാരം ഉയർത്താനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ.

ഞാൻ ജുമുഅയ്ക്കുശേഷം യുഗാണ്ടയിലെ മുബല്ലിഗ് ഇസ്മായീൽ മാലാ ഗാല സാഹിബിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇദ്ദേഹം മെയ് 25ന് ജുമുഅ നമസ്കാരത്തിനുമുമ്പേ ഹൃദയാഘാതം മൂലം വഫാത്തായി. 64 വയസ്സായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇസ്മായീൽ മാലാഗാല സാഹിബ് 1954–ൽ യുഗാണ്ടയിലെ മക്കോനോ ജില്ലയിൽ ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കൾ ക്രിസ്ത്യാനികളായിരുന്നു. അതിനാൽ ഇദ്ദേഹംതന്നെയും ക്രിസ്ത്യാനിയായിരുന്നു. മാലാഗാല സാഹിബ് ഒരു അഹ്മദി സുഹൃത്തായ ഹാജീ ഗുഅയ്ബ് നസീർ സാഹിബിന്റെ ബന്ധുപരമായ നിലയിലുള്ള സഹോദരനായിരുന്നു. അതുകൊണ്ട് അദ്ദേഹം ഹാജീ ശുഅയ്ബ് സാഹിബിന്റെ വീട്ടിൽ വരാറുണ്ടായിരുന്നു. ഹാജീ സാഹിബു മുഖേനയാണ് ഇസ്‌ലാമിനോടു താൽപര്യമുണ്ടായതും. ദീർഘകാലം ചോദ്യോത്തര ശൃംഖല നടന്നുകൊണ്ടിരുന്നു. അതിനുശേഷം അദ്ദേഹത്തിൽ ഇസ്‌ലാമിന്റെ സത്യത വെളിപ്പെടാൻ തുടങ്ങി. 1978–ൽ ഇദ്ദേഹം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഹാജി ശുഅയ്ബ് നസീർ സാഹിബിനോടു പറഞ്ഞു. കുട്ടിക്കാലം മുതലേ പാതിരിയാകണമെന്നായിരുന്നു എന്റെ ആഗ്രഹം. ഇപ്പോൾ ഞാൻ ഇസ്‌ലാം സ്വീകരിച്ചിരിക്കുകയാണ്. എനിക്ക് ഇസ്‌ലാമിക സേവനം ചെയ്യാൻ കഴിയുമോ? ഇസ്‌ലാമിനു സേവനം ചെയ്യാൻ താങ്കൾക്ക് ജീവിതം വഖ്ഫ് ചെയ്യേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞു. ആ സമയത്ത് മുഹമ്മദ് അലി കാഇറെ സാഹിബ് (ഇപ്പോൾ അദ്ദേഹം യുഗാണ്ട ജമാഅത്തിന്റെ അമീറാണ്) പാക്കിസ്താനിൽനിന്ന് ജാമിഅ അഹ്മദിയ്യായിലെ പഠനം പൂർത്തിയാക്കി യുഗാണ്ടയിലെത്തിയിരുന്നു. അദ്ദേഹം 1980–ൽ മാലാഗാലാ സാഹിബിനെ മറ്റു 5 ഖാദിംകളോടൊപ്പം പാക്കിസ്താനിൽ അയച്ചു. അദ്ദേഹം 1980 ഡിസംബറിൽ റബ്വയിലെ ജാമിഅ അഹ്മദിയ്യായിൽ 'ഫസ്വലെ ഖാസിൽ' ക്ലാസ്സിൽ പ്രവേശിച്ചു. 1988 മാർച്ച് 1ന് വിദ്യാഭ്യാസം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ ജാമിഅ വിദ്യാഭ്യാസ കാലത്തെ കുറിച്ച് ജാമിഅ പ്രിൻസിപ്പാൾ സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ് തന്റെ Remarks ൽ അദ്ദേഹത്തെ കുറിച്ച് ഇങ്ങനെ എഴുതി: 'വൈജ്ഞാനികമായ നിലയിൽ ദുർബലനാണ്. പക്ഷേ, നല്ല സഹായിയും അനുസരണശാലിയുമായ വിദ്യാർഥിയായിരുന്നു. സൽസ്വഭാവിയും ആരാധനാകർമങ്ങളനുഷ്ഠിക്കുന്ന ആളുമായിരുന്നു. പുണ്യാത്മാക്കളുമായി കാണുകയും അവരോടു ദുആക്ക് അപേക്ഷിക്കുകയും ചെയ്യുമായിരുന്നു.' അദ്ദേഹം കഠിനാധ്വാനം ചെയ്ത് ജാമിഅ അഹ്മദിയ്യായിൽ പഠിച്ചു. 1984–ൽ ഖലീഫത്തുൽ മസീഹ് റാബിഅ് പാക്കിസ്താനിൽനിന്ന് ഹിജറ ചെയ്യേണ്ടി വന്നപ്പോൾ അക്കാലത്തെ പ്രത്യേക സാഹചര്യത്തിൽ വളരെ സന്തോഷത്തോടെ ഡ്യൂട്ടികൾ നല്കുന്നവരിൽ ചേർന്നിരുന്നു. ഇപ്പോഴത്തെ പ്രിൻസിപ്പാൾ മുബശ്ശിർ അയാസ് സാഹിബ് അദ്ദേഹത്തെക്കുറിച്ച് എഴുതുന്നു: 'ഞങ്ങൾ ജാമിആയിൽ ഒരുമിച്ചു താമസിച്ചു. വളരെ നല്ല സ്വഭാവമായിരുന്നു. നിശബ്ദപ്രകൃതിയായിരുന്നു. ആരാധനാകർമങ്ങൾ നിർവഹിക്കുകയും ആത്മീയ വിഷയങ്ങളിൽ കൂടുതൽ താൽപര്യംകാണിക്കുകയും ചെയ്യുന്ന വിദ്യാർഥികളിൽ എണ്ണപ്പെട്ടിരുന്നു. അനുസരണശീലം അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായിരുന്നു.' പറയുന്നു: 'മേൽനോട്ടക്കാരനും സെക്രട്ടറിയുമായ കാരണത്താൽ എനിക്ക് പല പ്രാവശ്യവും അദ്ദേഹവുമായി ഇടപെടേണ്ടി വന്നിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ വളരെ വിനയനും അനുസരണശാലിയുമായി കണ്ടു. ഫുട്ബോളിനോ ടു വളരെ താൽപര്യമായിരുന്നു. ടീമിന്റെ ഒരു പ്രധാന അംഗമായി മനസ്സിലാക്കപ്പെട്ടിരുന്നു. പ്രത്യേകമായ നിലയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയിരുന്നു. ജാമിആയിലെ പഠനം പൂർത്തിയാക്കിയശേഷം 1988–ൽ ഔദ്യോഗികമായി യുഗാണ്ട(Uganda)യിൽ അദ്ദേഹം മുബല്ലിഗായി നിയമിതനായി. അവിടെ പല ജമാഅത്തുകളിലും മുബല്ലിഗായി പ്രവർത്തിച്ചു. 2007–ൽ അദ്ദേഹം യുഗാണ്ടക്കാരായ രണ്ടു മുബല്ലിഗുമാരോടൊപ്പം പാക്കിസ്താനിലും പോയി. അവിടെ അദ്ദേഹത്തിന് ലുഗാണ്ട ഭാഷയിൽ വിശുദ്ധ ഖുർആനിന്റെ തർജമ പരിശോധനാജോലി പൂർത്തിയാക്കാനും തൗഫീഖ് കിട്ടി. മൂന്നുമാസത്തിനുള്ളിലാണ് അദ്ദേഹം ഈ ജോലി പൂർത്തിയാക്കിയത്. ജാമിആയിൽ വൈജ്ഞാനികമായ നിലയിൽ അദ്ദേഹം ദുർബലനായിരുന്നിരിക്കാം. പക്ഷേ, അതിനുശേഷം വൈജ്ഞാനികമായ നിലയിലും വളരെ മുൻപന്തിയിലെത്തിയിരുന്നു. തന്റെ അറിവ് അദ്ദേഹം ഒരുപാട് വർധിപ്പിച്ചു. തബ്‌ലീഗ് ചെയ്യാൻ പരേതന് വളരെ താൽപര്യമായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗു കൊണ്ട് ധാരാളമാളുകൾ അഹ്മദിയ്യത്തു സ്വീകരിച്ചു. സൈക്കിളിൽ ദീർഘമായ തബ്‌ലീഗു യാത്ര ചെയ്യാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം തബ്‌ലീഗിനുവേണ്ടി പുറപ്പെട്ടു. അദ്ദേഹം പുറപ്പെട്ടതിനു ശേഷം ഭാര്യ വഫാത്തായി. വിവരം അറിയിക്കാൻ ഒരു മാർഗവുമുണ്ടായിരുന്നില്ല. തബ്‌ലീഗ് യാത്രയിൽനിന്ന് തിരിച്ചെത്തിയപ്പോഴാണ് ഭാര്യ വഫാത്തായെന്നും ഖബ്റടക്കം കഴിഞ്ഞുവെന്നും മനസ്സിലായത്. ജീവിതം മുഴുവൻ വളരെ ലളിതമായി ദീനിസേവനം ചെയ്തു ജീവിച്ചു. മൃദുലഹൃദയനും സഹതാപിയും ദയാലുവുമായിരുന്നു. ദരിദ്രരേയും അശരണരേയും അങ്ങേയറ്റം ശ്രദ്ധിക്കാറുണ്ടായിരുന്നു. ഖിലാഫത്തിൽ അനുരക്തനായിരുന്നു. കാലത്തിന്റെ ഖലീഫയുടെ എല്ലാ കല്പനകളും പാലിക്കേണ്ടത് നിർബന്ധമായി മനസ്സിലാക്കിയിരുന്നു. പൊതുവെ എല്ലാ ആഫ്രിക്കക്കാർക്കും ആഫ്രിക്കൻ മുബല്ലിഗുമാർക്കും പ്രത്യേകിച്ച് ജീവിതം വഖ്ഫ് ചെയ്തവർക്കും ഖിലാഫത്തിനോടു പ്രത്യേകബന്ധമുള്ളതായി ഞാൻ കണ്ടിട്ടുണ്ട്.

യുഗാണ്ട അമീർ മുഹമ്മദ് അലി കാഇറെ സാഹിബ് എഴുതുന്നു: 'പരേതൻ മാതൃകാമുറബ്ബിയായിരുന്നു. അങ്ങേയറ്റം സദ്ഹൃദയനും ദഅ്വത്തെ ഇലല്ലാഹ് ചെയ്യുന്നയാളും ദീനീസേവകനുമായിരുന്നു. ഒരുപാടു ബുദ്ധിമുട്ടുകളുണ്ടായിട്ടും ഒരിക്കലും പരാതി പറഞ്ഞിട്ടില്ല. മറിച്ച് എല്ലാവിധത്തിലും ദീനീസേവനത്തിൽ മുഴുകി. ആദ്യത്തെ ഭാര്യ വഫാത്തായ ശേഷം അദ്ദേഹം രണ്ടാമതു വിവാഹം കഴിച്ചു. കുറച്ചു കാലം കഴിഞ്ഞ് മൂന്നാമതും വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ ഒരു ഭാര്യ എഴുതുന്നു: ജീവിതം മുഴുവനും ഞാൻ അദ്ദേഹത്തെ അങ്ങേയറ്റം സ്നേഹിക്കുന്നയാളായിട്ടാണ് കണ്ടിട്ടുള്ളത്. മൃദുലഹൃദയനും ഏതവസ്ഥയിലും സമാധാനിയും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിക്കുന്നയാളുമായിരുന്നു. അദ്ദേഹത്തിന്റെ മകൾ പറയുന്നു: ഞങ്ങളുടെ പിതാവ് വളരെ വാത്സല്യവാനും സഹനശീലനുമായിരുന്നു. ഞങ്ങളുടെ ആവശ്യങ്ങളെല്ലാം എപ്പോഴും ശ്രദ്ധിക്കുമായിരുന്നു. ദീനീകാര്യങ്ങൾ നടപ്പിൽവരുത്താൻ പറയുമായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ടുഭാര്യമാരും ഒമ്പത് മക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തെ കാരുണ്യത്തിൽ പൊതിയുകയും മഗ്ഫിറത്തോടെ പെരുമാറുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക് ജമാഅത്തിനോടും ഖിലാഫത്തിനോടും എപ്പോഴും ബന്ധപ്പെട്ടിരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

# എം.ടി.എ ഇന്റർ നാഷണലിൽ വാർത്താസംപ്രേഷണം

അമീർമാർക്കുവേണ്ടിയുള്ള വിളംബരം. എം.ടി.എ ഇന്റർ നാഷണലിൽ തുടർച്ചയായി വാർത്ത കൾ സംപ്രേഷണം ചെയ്തു വരുന്നുണ്ട്. അതുകൊണ്ട് താങ്കളുടെ ജമാഅത്തിൽ വലിയ തോതിൽ നടക്കുന്ന പരിപാടികളുടെ(സിംപോസിയം, ഈദ് മിലൻ, ബുക്ക് ഫെയേഴ്സ്, സർവമതസമ്മേളനം, മെഡിക്കൽ ക്യാമ്പ്, ബ്ലഡ് ഡൊണേഷൻസ്, ഇജ്തിമാ തുടങ്ങിയ പരിപാടികളുടെ)ഹ്രസ്വറിപ്പോർട്ട് വ്യക്തമായ കണക്കുകളോടെ ചിത്രങ്ങളും വീഡിയോകളും സഹിതം നിളാറത്ത് നശ്ർ വ ഇശാഅത്തിലേക്ക് എത്രയും വേഗം അയച്ചുതരാനുള്ള ഏർപാടുകൾചെയ്യുക. റിപ്പോർട്ടുകൾ ക്രമപ്പെടുത്തി അപ്പപ്പോൾ വാർത്തകളുടെ രൂപത്തിൽ സംപ്രേഷണത്തിനായി എം.ടി.എ ഇന്റർ നാഷണലിന് അയച്ചുകൊടുക്കാനാണിത്.

മുകളിൽ പറഞ്ഞ പരിപാടികളുടെ കൃത്യമായ റിപ്പോർട്ടും ചിത്രങ്ങളും വീഡിയോകളും നല്ല ക്വാളിറ്റിയിലായിരിക്കേണ്ടത് നിർബന്ധമാണ്. അത്തരം പരിപാടികളുടെ റിപ്പോർട്ട് എത്രയും വേഗം നശ്ർ വ ഇശാഅത്തിന്റെ **eMail ID: bmbqadian21@yehoo.com** ലേക്ക് അയക്കുക. ഇക്കര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള സഹായം ആവശ്യമെങ്കിൽ ഈ നമ്പറിൽ ബന്ധപ്പെടുക: **01872 500311/ +91 – 9779209066**

## ഖുത്ബ ജുമുഅ

**തഖ്‌വയിലൂടെ നടക്കുന്നവരേയും, സക്കാത്തുകൊടുക്കുന്നവരേയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് അതിനോടുള്ള കടമനിറവേറ്റിക്കൊണ്ട് പൂർണവിശ്വാസത്തോടെ കർമങ്ങൾ ചെയ്യുന്നവരേയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തികവുറ്റ നിലയിൽ വിശ്വസിക്കുന്നവരേയും തീർച്ചയായും തന്റെ കാരുണ്യത്തിന്റെ ചാദുറിൽ പൊതിയുന്നതാണെന്ന് അല്ലാഹു പറയുന്നു. അതുകൊണ്ട് മുഅ്മിൻ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യാനും ഈമാനിൽ തികവുള്ളവനാകാനും പൂർണമായും ശ്രമിക്കേണ്ടതാണ്.**

**റമളാൻ മാസത്തിൽ നോമ്പു പിടിക്കുന്നതോടൊപ്പം ദൈവകല്പനകളനുസരിച്ച് കൂടുതൽ കർമം ചെയ്യുകയും തങ്ങളുടെ ആരാധനകൾ വർധിപ്പിക്കുകയും സ്വന്തം തഖ്‌വയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുമ്പോൾ മനുഷ്യൻ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പുതപ്പിൽ മുമ്പത്തേതിനെക്കാൾ കൂടുതൽ വന്നു.**

**അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കാനുള്ള മാർഗം തൗബയും ഇസ്തിഗ്ഫാറുമാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ തൗബയുടേയും ഇസ്തിഗ്ഫാറിന്റേയും യാഥാർഥ്യവും അതിന്റെ പ്രാധാന്യവും അതിന്റെ ഫലങ്ങളുടേയും അനുഗ്രഹങ്ങളുടേയും ചർച്ചയും.**

**അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നതിനും അവന്റെ സഹായം ലഭിക്കുന്നതിനും അവന്റെ കരുണ കരസ്ഥമാക്കുന്നതിനും ഇസ്തിഗ്ഫാറും ദുആയും നിർബന്ധമാണ്.**

**ജമാഅത്ത് അധികമായി ഈ ദുആ ചൊല്ലണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഉപദേശിച്ചിരുന്നു.**
**رَبَّنَآ اٰتِنَا فِی الدُّنۡیَا حَسَنَۃً وَّفِی الۡاٰخِرَۃِ حَسَنَۃً وَّقِنَا عَذَابَ النَّارِ (2:202).**
**അതുകൊണ്ട് അല്ലാഹു നമ്മെ അവന്റെ കാരുണ്യത്തിലെടുത്ത് ഈ ലോകത്തെയും പരലോകത്തെയും എല്ലാവിധ തീയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇക്കാര്യത്തിലേക്ക് നമ്മളും ശ്രദ്ധ തിരിക്കേണ്ടതാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ജൂൺ 08/1397 ഹിജ്റത്ത് 08**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

وَاكْتُبْ لَنَا فِيْ هٰذِهِ الدُّنْيَا حَسَنَةً وَّفِي الْاٰخِرَةِ اِنَّا هُدْنَآ اِلَيْكَ ؕ قَالَ عَذَابِيْٓ اُصِيْبُ بِهٖ مَنْ اَشَآءُ ۚ وَرَحْمَتِيْ وَسِعَتْ كُلَّ شَيْءٍ ؕ فَسَاَكْتُبُهَا لِلَّذِيْنَ يَتَّقُوْنَ وَيُؤْتُوْنَ الزَّكٰوةَ وَالَّذِيْنَ هُمْ بِاٰيٰتِنَا يُؤْمِنُوْنَ (الاعراف:157)

'ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും നന്മ വിധിക്കേണമേ. ഞങ്ങൾ നിന്നിലേക്ക്(പശ്ചാത്തപിച്ചു) മടങ്ങിയിരിക്കുന്നു.' അല്ലാഹു പറഞ്ഞു: എന്റെ ശിക്ഷ ഞാൻ ഉദ്ദേശിക്കുന്നവർക്ക് ഞാൻ എത്തിക്കുന്നു. എന്റെ കാരുണ്യമാകട്ടെ സർവവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അതുകൊണ്ട് സൂക്ഷ്മത കൈക്കൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതിവയ്ക്കുന്നതാണ്.'

ഈ ആയത്തിൽ പ്രകടമാകുന്നതുപോലെ മനുഷ്യന്റെമേൽ അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണുള്ളത്. തന്റെ കാരുണ്യം എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു. മൃദുലമാകുക, ദയാലുവാകുക, കാരുണ്യം തിളച്ചുപൊന്തുക എന്നൊക്കെയാണ് കരുണകൊണ്ടുദ്ദേശിക്കുന്നത്. അതായത് അല്ലാഹു മനുഷ്യരോടു മൃദുഭാവത്തോടും വിട്ടുവീഴ്ചയോടുംകൂടി പെരുമാറുന്നു. അതിന് അതിരുകളില്ല. അല്ലാഹു മനുഷ്യരോടു ദയയോടുകൂടി പെരുമാറുന്നതിന് പരിധിയില്ല. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വികാരവും പെരുമാറ്റവും എത്രയാണെന്നാൽ, അത് എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുകയാണ്. അവന്റെ കരുണയിൽ റഹ്മാനിയ്യത്തും റഹീമിയ്യത്തും അടങ്ങിയിരിക്കുന്നു. ചോദിക്കാതെ തന്നെയും ലോകത്തു ധാരാളം വസ്തുക്കൾ മനുഷ്യനുവേണ്ടി സൃഷ്ടിച്ചുവെന്നുള്ളത് അവന്റെ റഹ്മാനിയ്യത്താണ്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരിലും അവന്റെ കല്പന പാലിച്ചു കർമങ്ങൾ ചെയ്യുന്നവരിലും അവന്റെ മുമ്പിൽ കുനിയുന്നവരിലും പ്രകടമാകുന്നതാണ് റഹീമിയ്യത്ത്. മനുഷ്യരെ ശിക്ഷിക്കുക എന്നത് തന്റെ ഉദ്ദേശ്യമല്ലെന്ന് ഇവിടെ അല്ലാഹു പറയുന്നു. ശിക്ഷിക്കാനും ശിക്ഷ നല്കാനുമാണ് മനുഷ്യനെ സൃഷ്ടിച്ചിട്ടുള്ളതെങ്കിൽ എന്തിനാണ് അവനെ സൃഷ്ടിച്ചതെന്നുള്ള വലിയ തെറ്റായ ധാരണകളുമുണ്ടാകുന്നു. തന്റെ ഉദ്ദേശ്യം അതല്ലെന്ന് അല്ലാഹു പറയുന്നു. തെറ്റായ കർമങ്ങൾ ചെയ്ത് അതിന്റെ പാരമ്യതയിലെത്തി നില്ക്കുന്ന ആളുകളാണ് അല്ലാഹുവിന്റെ ശിക്ഷയ്ക്ക് പാത്രമാകുന്നത്. തന്റെ ഈ ശിക്ഷയും താൽക്കാലികമാണെന്ന് അല്ലാഹു പറയുന്നു. ഇത് പരിഷ്കരിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും വേണ്ടിയാണ്. നരകവാസികളും തന്റെ കാരുണ്യത്തിൽ ഭാഗഭാക്കാകുന്ന ഒരു സമയം വരുമെന്നും അല്ലാഹു പറയുന്നു. അവരുടെ ശിക്ഷയും അവസാനിക്കുന്നതാണ്. നരകശിക്ഷയും അവർക്കു കിട്ടുന്നത് അവരുടെ ദുഷ്കർമങ്ങൾ കാരണത്താലാണ്. പിന്നീട് അത് നന്നാകുന്നതിനുള്ള ഒരു മാർഗമായിത്തീരുന്നതായിരിക്കും. ചിന്തിച്ചുനോക്കിയാൽ ഈ ശിക്ഷയും ഒരു പരിഷ്കരണമാണെന്ന് കാണാം. ഈ ശിക്ഷയുടെ കാലാവധിയും ഒരുവിധത്തിൽ പറഞ്ഞാൽ കാരുണ്യമാണ്. പക്ഷേ, അല്ലാഹു രക്ഷാശിക്ഷകളുടെ നാളിന്റെ ഉടമസ്ഥനുമാണ്. അതുകൊണ്ട് നമ്മൾ ബാഹ്യമായി പാപികളാണെന്ന് കാണുന്ന ആളുകൾക്കും തന്റെ കാരുണ്യത്തിന്റേയും പൊറുക്കലിന്റേയും പുതപ്പിൽ പൊതിഞ്ഞ് ശിക്ഷയൊന്നും കൂടാതെ പോകാൻ അനുവദിക്കാവുന്നതാണ്. പക്ഷേ, അവൻ സൽപന്ഥാവിലൂടെ നടക്കുന്നതിനെ ഉത്സാഹിപ്പിച്ചുകൊണ്ട് തന്റെ കാരുണ്യം എല്ലാവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നുവെന്നും തഖ്‌വാ സ്വീകരിക്കുന്നവരുടേയും സക്കാത്തു കൊടുക്കുന്നവരുടേയും തന്റെ അടയാളങ്ങളിലും ദൃഷ്ടാന്തങ്ങളിലും വിശ്വസിക്കുന്നവരുടേയുംമേൽ തീർച്ചയായും തന്റെ കാരുണ്യം ചൊരിയുമെന്ന് പറയുകയും ചെയ്തിരിക്കുന്നു.

തഖ്‌വയിലൂടെ നടക്കുന്നവരേയും, സക്കാത്തു കൊടുക്കുന്നവരേയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് അതിനോടുള്ള കടമനിറവേറ്റിക്കൊണ്ട് പൂർണവിശ്വാസത്തോടെ കർമങ്ങൾ ചെയ്യുന്നവരേയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തികവുറ്റ നിലയിൽ വിശ്വസിക്കുന്നവരേയും തീർച്ചയായും തന്റെ കാരുണ്യത്തിന്റെ ചാദുറിൽ പൊതിയുന്നതാണെന്ന് അല്ലാഹു പറയുന്നു.

മറ്റൊരിടത്ത് അല്ലാഹു പറയുന്നു: **ഇന്ന റഹ്മത്തല്ലാഹി ഖരീബുൻ മ്മിനൽമുഹ്സിനീൻ**(7:57) തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ്. എല്ലാ നിബന്ധനകളോടുംകൂടി ജോലി പൂർത്തിയാക്കുന്നവനാണ് സുകൃതവാൻ. ഹൃദയഭക്തിയുടെ തേട്ടങ്ങളെ പൂർത്തിയാക്കുന്നവനും അല്ലാഹുവിന്റെ കല്പനകളെ പാലിക്കുന്നവനും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ സമ്പൂർണമായും വിശ്വസിക്കുന്നവനും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവനും അല്ലാഹുവിന്റെ കാരുണ്യം എത്തുന്നതായിരിക്കും. അതുകൊണ്ട് സത്യവിശ്വാസി അഥവാ മുഅ്മിൻ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും തഖ്‌വയിലൂടെ നടക്കുന്നതിനും ഈമാനിൽ സമ്പൂർണത കൈവരിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. ഒരു മനുഷ്യനെ അപ്പോഴാണ് മുഅ്മിൻ എന്ന് പറയാൻ സാധിക്കുന്നത്. അല്ലാഹുവിന്റെ ഈ വിളംബരത്തിൽനിന്ന് അനുഗ്രഹം പറ്റാൻ ശ്രമിക്കേണ്ടതാണ്. അവന്റെ കല്പനകളനുസരിച്ച് അവയോടുള്ള കടമകൾ നിറേവറ്റിക്കൊണ്ട് കർമങ്ങൾ ചെയ്യുന്നവരുടെ സമീപത്താണ് അല്ലാഹുവിന്റെ അനുഗ്രഹം. നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ തന്റെ കാരുണ്യത്തിന്റെ സമൃദ്ധിയിൽ നിങ്ങളെ വാരിപുണരുന്നതാണെന്ന് അല്ലാഹു തന്റെ ബാധ്യതയാക്കി എഴുതിയിരിക്കുന്നു. നമ്മുടെ ദൈവം എത്ര കരുണാമയനും ഉദാരനുമാണ്. നമ്മൾ അല്ലാഹുവിന്റെ ദാസരായിരിക്കെ എങ്ങനെയാണ് നമുക്ക് നമ്മുടെ യജമാനന്റെ മേൽ എന്തെങ്കിലും അവകാശം ഉന്നയിക്കാൻ കഴിയുക. പക്ഷേ, നിങ്ങൾ ഹൃദയഭക്തിയോടെ നടക്കുകയാണെങ്കിൽ, തന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്ത് തന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയാണെങ്കിൽ തീർച്ചയായും അവകാശിയായിത്തീരുന്നതാണെന്ന് ആകാശങ്ങളുടേയും ഭൂമിയുടേയും ഉടമസ്ഥൻ പറയുന്നു. ഇവിടെ അല്ലാഹു ആദ്യത്തെ കാര്യമായി വിവരിച്ചിട്ടുള്ളത് തഖ്‌വയാണ്. യഥാർഥത്തിൽ ഹൃദയഭക്തിയുടെ ശരിയായ ഗ്രാഹ്യമുണ്ടാകുകയാണെങ്കിൽ മറ്റു നന്മകളും വിശ്വാസത്തിലുള്ള പൂർണതയും അതിന്റെ ഉള്ളിൽതന്നെ വരുന്നതാണ്.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഹൃദയഭക്തിയുടെ എല്ലാ സൂക്ഷ്മമായ വഴികളിലും ചുവട് വെക്കുന്നതിലാണ് മനുഷ്യന്റെ സകല ആത്മീയമായ സൗന്ദര്യവും നിലകൊള്ളുന്നത്. തഖ്‌വയുടെ സൂക്ഷ്മമമായ വഴികൾ ആത്മീയസൗന്ദര്യത്തിന്റെ അതിസൂക്ഷ്മമായ രേഖകളാണ്. അല്ലാഹുവിന്റെ അമാനത്തുകളിലും വിശ്വാസപരമായ പ്രതിജ്ഞകൾ കഴിയുന്നവിധത്തിൽ നിറവേറ്റുന്നതിലും (അതായത് അവയെ ശരിയായ നിലയിൽ നിർവ്വഹിക്കലും) തലമുതൽ കാൽവരെ എത്രമാത്രം ശക്തികളും അവയവങ്ങളുമുണ്ടോ (മനുഷ്യന്റെ എത്രമാത്രം അവയവങ്ങളുണ്ടോ എത്രമാത്രം ശക്തികളുണ്ടോ കഴിവുകളുണ്ടോ)അവയിൽ ബാഹ്യമായ നിലയിലുള്ള കണ്ണുകളും ചെവികളും കൈകളും കാലുകളും മറ്റുള്ള അവയവങ്ങളും ആഭ്യന്തരമായനിലയിൽ ഹൃദയവും മറ്റു ശക്തികളും സ്വഭാവങ്ങളും അവയ്ക്കെത്രമാത്രം കഴിവുകളുണ്ടോ ശരിയായ സന്ദർഭത്തിൽ ഉപയോഗിക്കേണ്ട ആവശ്യമാണുള്ളത്." (ശരിയായ നിലയിൽ അതിന്റെ ഉപയോഗം അത് അല്ലാഹു പറഞ്ഞിട്ടുള്ള കല്പനകളാണ്. അതനുസരിച്ച് അതിനോടുള്ള കടമ നിറവേറ്റേണ്ടതാണ്). "അനുവദനീയമല്ലാത്ത സ്ഥലത്തുനിന്ന് അതിനെ തടയേണ്ടതും അവയുടെ ഒളിഞ്ഞിരിക്കുന്ന ആക്രമണങ്ങളിൽനിന്ന് ജാഗരൂകരായിരിക്കേണ്ടതുമാണ്." (തെറ്റായ രീതിയിലുള്ള ഉപയോഗം തടയുക. ശയ്ത്വാൻ ഏത് അവയവങ്ങളിലൂടെയാണോ ആ ശക്തികൾകൊണ്ട് രഹസ്യമായി ആക്രമണം ചെയ്യിക്കുന്നതെന്നറിയില്ല. അതിനാൽ എപ്പോഴും ഉണർന്നിരിക്കേണ്ടതാണ്. ഇത് മനുഷ്യന്റെ ജോലിയാണ്. അപ്പോഴാണ് ശരിയായ ഹൃദയഭക്തിയിൽ നടക്കാൻ കഴിയുന്നത്. അപ്പോഴാണ് അവന് അല്ലാഹുവിന്റെ കല്പനകൾ ശരിയായ നി ലയിൽ നിറവേറ്റാൻ കഴിയുന്നത്). അദ്ദേഹം പറഞ്ഞു: ഇതിന്നെതിരിൽ മനുഷ്യരോടുള്ള കടമകളും നിറവേറ്റേണ്ടതാണ്. മനുഷ്യന്റെ എല്ലാ ആത്മീയമായ സൗന്ദര്യങ്ങളും ബന്ധപ്പെട്ടിരിക്കുന്ന മാർഗമാണിത്. അല്ലാഹു വിശുദ്ധഖുർആനിൽ തഖ്‌വയെ വസ്ത്രം എന്നു വിളിച്ചിട്ടുണ്ട്. ലിബാസുതഖ്‌വ വിശുദ്ധഖുർആൻ പറഞ്ഞ പദമാണ്. ഇത് സൂചിപ്പിക്കുന്നത് ആത്മീയമായ സൗന്ദര്യവും ആത്മീയമായ അലങ്കാരവും തഖ്‌വയിൽനിന്നുതന്നെ ഉണ്ടാകുന്നുവെന്നാണ്. മനുഷ്യൻ ദൈവത്തിന്റെ എല്ലാ അമാനത്തുകളേയും വിശ്വാസപരമായ ഉടമ്പടികളേയും അപ്രകാരംതന്നെ സൃഷ്ടികളോടുള്ള എല്ലാ അമാനത്തുകളേയും ഉടമ്പടികളേയും കഴിവിന്റെ പരമാവധി പരിഗണിക്കേണ്ടതാണ്.(ളമീമ ബറാഹീനെ അഹ്മദിയ്യാ ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21 പേജ് 209-210)

അവയുടെ അതിസൂക്ഷ്മമായ കാര്യങ്ങളിലും എത്രത്തോളം മനുഷ്യന് കഴിവുണ്ടോ എത്രത്തോളം ശക്തിയുണ്ടോ അത് പാലിക്കുക. അവയനുസരിച്ച് കർമം ചെയ്യുക.

അതിനാൽ ഈ നിലവാരത്തെ മനുഷ്യൻ കരസ്ഥമാക്കിയാൽ അല്ലാഹുവിന്റെ കാരുണ്യം തന്റെ ദാസരുടെമേൽ ബാധ്യതയെന്ന നിലയിൽ നിർബന്ധമായിത്തീരുന്നു. അതായത് അല്ലാഹു സ്വയമേവ തന്നിൽ ഇത് നിർബന്ധമാക്കുന്നു. ഞാൻ പറഞ്ഞതുപോലെ മനുഷ്യരുടെ സ്ഥാനമെന്താണ്? അത് അവകാശമെന്ന നിലയിൽ അല്ലാഹുവിൽനിന്ന് കുറച്ച് എടുക്കാൻ കഴിയുക എന്നതാണ്.

നമ്മൾ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഈ ദിനങ്ങൾ, റമളാനിലെ ദിനങ്ങൾ അതിന്റെ അവസാനത്തെ ആഴ്ചയാണ് ഇപ്പോൾ ബാക്കിയുള്ളത്. ഇതുസംബന്ധമായി നബി(സ)തിരുമേനി പറഞ്ഞു: റമളാൻ മാസം വരുമ്പോൾ സ്വർഗകവാടങ്ങൾ തുറക്കപ്പെടുന്നു നരകകവാടങ്ങൾ അടക്കപ്പെടുന്നു. ശയ്ത്വാൻ ചങ്ങലയിൽ ബന്ധിക്കപെടുന്നു. (സ്വഹീഹ് മുസ്‌ലിം കിതാബുസ്സിയാം, ബാബു ഫള്‌ലു ശഹ്റു റമളാൻ ഹദീഥ് 2495)

ഇതിൽനിന്ന് മുഅ്മിൻ മാത്രമാണ് ഫലമെടുക്കുന്നത്. ശരിയായനിലയിൽ വിശ്വാസിക്കുന്നവരും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരുമാണ് ഫലം എടുക്കുന്നത്. ശയ്ത്വാന്റെ ശിങ്കിടികൾ ഈ ദിനങ്ങളിലും തങ്ങളുടെ ചെയ്തികളിൽനിന്ന് പിന്മാറുകയില്ല. ലോകം അതിരില്ലാത്ത നിർലജ്ജമായ കാര്യങ്ങളിലകപ്പെട്ട്, അത് അവരുടെ നിത്യജീവിതത്തിലെ ഭാഗം പോലെയായിരിക്കുകയാണ്. റമളാനിൽ അതവസാനിച്ചിട്ടില്ല. അതിനാൽ ഈ സന്തോഷവാർത്ത സത്യവിശ്വാസികൾക്കും തഖ്‌വയിലൂടെ നടക്കുന്നവർക്കും അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് ഭാഗമെടുക്കുന്നവർക്കുംവേണ്ടിയുള്ളതാണ്; നിങ്ങൾക്കുവേണ്ടി അല്ലാഹു തന്റെ കാരുണ്യം മുമ്പത്തേക്കാൾ കൂടുതൽ വിശാലമാക്കിയിരിക്കുന്നു! അതിനാൽ ഇതിൽനിന്ന് ഫലമെടുക്കുക. അല്ലാഹുവിനോടുള്ള കടമ നിറവേറ്റാൻ ശ്രമിക്കുക. അവന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുക. കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു: 'വിശ്വാസത്തിന്റെ തേട്ടങ്ങളും പുണ്യകർമത്തിന്റെ നിയ്യത്തോടുംകൂടി റമളാനിലെ രാത്രികളിൽ എഴുന്നേറ്റ് ആരാണോ നമസ്കരിക്കുന്നത് അവന്റെ കഴിഞ്ഞപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. മുമ്പേ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്.'(സ്വഹീഹുൽബുഖാരി കിതാബുൽ ഈമാൻ, ബാബു സ്വൗമു റമളാൻ ഇഹ്തിസാബൻ മ്മിനൽ ഈമാൻ ഹദീഥ് 38)

അല്ലാഹുവിന്റെ വിശാലമായ കാരുണ്യത്തിന്റെ ഒരു ദൃശ്യവും ഇവിടെ പ്രകടമാകുന്നുണ്ട്; അതായത് നിങ്ങൾ ശ്രമിച്ചുകൊണ്ടിരുന്നാൽ താൻ പലയിരട്ടിയാക്കി പ്രതിഫലം നല്കുന്നതാണെന്ന് അല്ലാഹു പറയുന്നു. ഏതേതെല്ലാം വിധത്തിലാണ് അവന്റെ പരമകാരുണികതയുടേയും റഹീമിയ്യത്തിന്റേയും ദയാവായ്പിന്റേയും പ്രകടനം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ ദിനങ്ങളിൽ ഫലമെടുക്കുന്നവർ ഭാഗ്യവാന്മാരാണ്. പിന്നീട് ഇതും അവന്റെ മതാധ്യാപനമാണ്; ഈ അവസാനനാളുകളിൽ ലയ്‌ലത്തുൽ ഖദ്ർ അന്വേഷിക്കാനും അവൻ നമ്മളോട് പറയുന്നു. അതായത് ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ നമ്മൾ മുമ്പത്തേക്കാൾ കൂടുതൽ കാണുന്നതിന്. ഇതും നമ്മുടെ അവകാശങ്ങമൊന്നുമല്ല; അവന്റെ ദാനമാണ്! മനുഷ്യരെ തന്റെ ഏറ്റവും അടുത്തേക്ക് വരാൻ ഉത്സാഹിപ്പിക്കുക എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ഇതും അവന്റെ കാരുണ്യത്തിന്റെ വിശാലതയാണ്.

പിന്നീടൊരു ഹദീഥിലുണ്ട്. റമദാനിന്റെ ആദ്യത്തെ പത്ത് കാരുണ്യത്തിന്റേതും അതിന്റെ ഇടയ്ക്കത്തെ പത്ത് പൊറുക്കലിന്റേയും അതിന്റെ അവസാനത്തെ പത്ത് നരകത്തിൽനിന്നുള്ള മോചനത്തിന്റേതുമാണെന്ന്.(കൻസുൽഉമ്മാൽ വാല്യം 8, പേജ് 463, ഹദീഥ് 23668)

റമളാനിൽ മനുഷ്യൻ നോമ്പുപിടിച്ചുകൊണ്ട് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് മുമ്പത്തേക്കാൾ കൂടുതൽ കർമങ്ങൾ ചെയ്യുകയും തങ്ങളുടെ ആരാധനകളെ വർധിപ്പിക്കുകയും തങ്ങളുടെ ഹൃദയഭക്തിയിൽ അഭിവൃദ്ധിയുണ്ടാക്കുകയും ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പുതപ്പിൻ കീഴിൽ മുമ്പത്തേക്കാൾ കൂടുതൽ വന്നുകഴിഞ്ഞു. കാരണം മനുഷ്യൻ തനിക്ക് വേണ്ടി നോമ്പുപിടിക്കുമ്പോൾ ഈ ദിനങ്ങളിൽ തനിക്കുവേണ്ടി ചില അനുവദനീയമായ കാര്യങ്ങൾ സ്വയം തടയുമ്പോൾ അത്തരം നോമ്പുകാരന്റെ പ്രതിഫലം താൻ സ്വയമായിത്തീരുന്നുവെന്ന് അല്ലാഹു പറയുന്നു.(സ്വഹീഹുൽബുഖാരി കിതാബുസ്സൗം, ഹദീഥ് 1904)

അല്ലാഹു സ്വയം പ്രതിഫലമായിത്തീരുമ്പോൾ പൊറുക്കലിനുള്ള സാഹചര്യമൊരുങ്ങി. പൊറുക്കലിനുള്ള സാഹചര്യമൊരുങ്ങുമ്പോൾ അല്ലാഹു പൊറുക്കുകയും തൗബാ സ്വീകരിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യന്റെ നരകത്തിൽനിന്നുള്ള മോചനവുമായി. അവൻ ഈ ലോകത്തിന്റെ അഗ്നിയിൽനിന്നും പരലോകത്തിന്റെ അഗ്നിയിൽനിന്നും രക്ഷപ്പെട്ടു. എന്നാൽ, നിബന്ധനയെന്താണെന്നാൽ ആത്മാർഥനായിക്കൊണ്ട് അല്ലാഹുവിനുവേണ്ടി നോമ്പ് പിടിക്കണം. കർമങ്ങളും ചെയ്യണം. പിന്നീട് ഈ കർമം സ്ഥിരജീവിതത്തിന്റെ ഭാഗമായി അല്ലാഹുവിന്റെ കാരുണ്യത്തിൽ സ്ഥിരമായി പൊതിഞ്ഞിരിക്കുന്നതിനുള്ള മാർഗമായിത്തീരുന്നു.

അല്ലാഹുവിന്റെ കാരുണ്യം കേവലം റമളാനിന്റെ ആദ്യ പത്തിൽ മാത്രമല്ല മറിച്ച് ആദ്യത്തേതിൽനിന്ന് രണ്ടാമത്തെ പത്തിലേക്കും പ്രവേശിക്കുന്നതാണ്. അത് മൂന്നാമത്തെ പത്തിലും പ്രവേശിച്ചുകൊണ്ടിരിക്കും. സ്ഥിരമായി മനുഷ്യനോടൊപ്പമുണ്ടാകും. തഖ്‌വയിലൂടെ നടന്നുകൊണ്ടും വിശ്വാസത്തിൽ ശക്തിയോടുകൂടി പ്രവർത്തിച്ചുകൊണ്ടും കർമം ചെയ്യുവോളം അവനോടൊപ്പം അതുണ്ടാകുന്നതാണ്. ഇതുപോലെതന്നെ പൊറുക്കൽ വെറും ഇടയ്ക്കുള്ള പത്ത് ദിവസമല്ല. മറിച്ച് റമളാനിന്റെ അവസാനംവരെയും അത് കഴിഞ്ഞും മനുഷ്യനോടൊപ്പമുണ്ടാകുന്നതാണ്. ജീവിച്ചിരിക്കുന്നിടത്തോളം മനുഷ്യനെ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷിക്കുന്നതാണ്. അഗ്നിയിൽനിന്നുള്ള രക്ഷയും ഈ പത്തു ദിനങ്ങളിൽ മാത്രമല്ല. റമളാനിൽ നിന്ന് ഫലമെടുത്ത് അവനോട് മഗ്ഫിറത്ത് ചോദിച്ചുകൊണ്ട് ആര് റമളാൻ കഴിച്ചു കൂട്ടുന്നുവോ അയാൾ റമളാന് ശേഷവും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതാണ്. എന്നാൽ, റമളാനുശേഷം വീണ്ടും ലൗകികതയിൽ മുഴുകുകയും തഖ്‌വയിൽ നിന്ന് അകലുകയും അല്ലാഹുവിന്റെ കല്പനകളെ അവഗണിക്കുകയും ഈമാനിന്റെ ബലഹീനതയിൽത്തന്നെ നിലകൊള്ളുകയും അല്ലാഹുവിന്റെ അടയാളങ്ങൾക്ക് ഒരു വിലയും നല്കാതിരിക്കുകയുമാണെങ്കിൽ, അവൻ സുരക്ഷിതമായ കോട്ട നിർമിച്ച് അതു തകർത്തു കളയുന്നവനെപ്പോലെയാണ്. അതിനാൽ, അല്ലാഹുവിന്റെ റഹ്മത്തും മഗ്ഫിറത്തും അഗ്നിയിൽ നിന്നുള്ള മോചനവും ഏതാനു ദിവസങ്ങളിൽ മാത്രം പരമിതമല്ല. അതുകൊണ്ട് ഈ റമളാൻ അല്ലാഹുവിന്റെ റഹ്മത്തിൽ ഭാഗഭാക്കാകാനും ആദ്യത്തെക്കാൾ കൂടുതൽ ഭാഗഭാക്കാകാനും അല്ലാഹു ഒരു മാർഗമാക്കിയിരിക്കുകയാണ്. അല്ലാതെ അല്ലാഹുവിന്റെ റഹ്മത്ത് കുറച്ചു നാളത്തേക്ക് പരിമിതമോ അവന്റെ മഗ്ഫിറത്ത് കുറച്ചു നാളത്തേക്ക് പരിമിതമോ അല്ല. അവന്റെ മഗ്ഫിറത്തിന്റെ സ്വീകാര്യത കാരണത്താൽ അഗ്നിയിൽനിന്നുള്ള മോചനവും കുറച്ചു ദിവസത്തേക്കോ കുറച്ചു കാലത്തേക്കോ പരിമിതമല്ല.

അതിനാൽ ഇക്കാര്യത്തിൽ നമ്മൾ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. എങ്ങനെ നമുക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ കഴിയുമെന്നും അതിന്റെ യാഥാർഥ്യമെന്താണെന്നും അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് എങ്ങനെ ഭാഗമെടുക്കാൻ കഴിയുമെന്നും നമ്മെ തന്റെ കാരുണ്യത്തിന്റെ പുതപ്പിൽ പൊതിയാൻ എങ്ങനെയാണ് സാഹചര്യമൊരുക്കുന്നതെന്നും നമ്മുടെ ഒരു കർമത്തെ എങ്ങനെയാണ് അധികമായി അനുഗ്രഹിക്കുന്നതെന്നും എങ്ങനെയാണ് പാപപ്പൊറുതി

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ക്കുള്ള സാഹചര്യമുണ്ടാക്കുന്നതെന്നും അവന്റെ കാരുണ്യം എപ്പോഴും നമുക്കുണ്ടാകാൻ നമ്മൾ എങ്ങനെയാണ് പാപപ്പൊറുതിക്കുവേണ്ടി ശ്രമിക്കേണ്ടതെന്നും തുടങ്ങി എല്ലാ കാര്യത്തിലും ഇക്കാലഘട്ടത്തിൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഓരോ ചുവടിലും നമുക്ക് മാർഗദർശനം നല്കി; ഇതുസംബന്ധമായി ഞാൻ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുന്നതാണ്; അത് വിശദീകരിക്കുകയും ചെയ്യുന്നതാണ്.

ഞാൻ പാരായണം ചെയ്ത വചനങ്ങളെ വിശദീകരിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, 'താൻ ഇച്ഛരിക്കുന്നവരെ ശിക്ഷിക്കുമെന്നും തന്റെ റഹ്മത്ത് എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നുവെന്നും, ശിർക്കിൽ നിന്നും അവിശ്വാസത്തിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും വിട്ടു നില്ക്കുകയും സക്കാത്ത് നല്കുകയും എന്റെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവർക്ക് കരുണ കരുണ എഴുതുമെന്നും അല്ലാഹു പറയുന്നു.(ബറാഹീനെ അഹ്മദിയ്യാ ഭാഗം 4, റൂഹാനീ ഖസാഇൻ വാല്യം 1, പേജ് 564)

ഇവിടെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തഖ്‌വയെ മൂന്നു വാക്കുകളിലാണ് വിശദീകരിച്ചത്; ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക; കുഫ്‌റിൽ നിന്ന് രക്ഷപ്പെടുക; നീചപ്രവൃത്തികളിൽ നിന്ന് പിന്മാറുക. നീചപ്രവൃത്തികൾ ഇക്കാലത്ത് സർവത്ര വ്യാപിച്ചിരിക്കുന്നു. ടി.വി യിലും ഇന്റർനെറ്റിലും മറ്റു മാധ്യമങ്ങളിലും അസാന്മാർഗികവും വൃത്തികെട്ടതുമായ കാര്യങ്ങളാണ് ഉള്ളത്. അസഭ്യം നിറഞ്ഞ ഇത്തരം പരിപാടികളിൽനിന്ന് വിട്ടു നില്ക്കുക എന്നതും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കാനുള്ള മാർഗമാണ്. റമളാനിൽ ഈ ദിനങ്ങളിൽ നോമ്പുപിടിക്കുന്നതിന് പെട്ടെന്ന് ഉണരേണ്ടിവരുന്നു. രാത്രിയിൽ മറ്റു തിരക്കുകളമുണ്ടാകും. അതുകൊണ്ട് ഇക്കാര്യങ്ങൾ അത്ര അധികം കാണാത്തവരും ഈ വ്യർഥമായ കാര്യങ്ങളിൽപ്പെടാത്തവരും അതിൽനിന്ന് രക്ഷപ്പെടുന്നവരായ ധാരാളമാളുകളുണ്ടാകാം. റമളാനിൽ എന്നല്ല, ഇതിൽ നിന്ന് സ്ഥിരമായി വിട്ടുനില്ക്കേണ്ടത് നിർബന്ധമാണ്. ഈ സംഗതികൾ പ്രത്യേകിച്ചും യുവാക്കളെ മാത്രമല്ല ഈയിടെയായി മുതിർന്നവരേയും, അവരുടെ മനസ്സിനെയും വിഷലിപ്തമാക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ള പരാതികളും കിട്ടിക്കൊണ്ടിരിക്കുന്നു. അങ്ങനെ ധാർമികഗുണങ്ങളെ ദോഷമായി ബാധിച്ചുകൊണ്ടിരിക്കുകയും ആളുകൾ ഈമാനിൽനിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിനാൽ, ഓരോ അഹ്മദിയും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇവയെല്ലാം ശ്രദ്ധിച്ച് ശരിയായ നിലയിൽ ഉപയോഗിക്കേണ്ടതാണ്.

ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: 'റഹ്മത്ത് പൊതുവായതും വിശാലവുമാണെന്ന് ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നു. കോപം അതായത് നീതി എന്തെങ്കിലും പ്രത്യേകതകൾക്കുശേഷം കടമ സൃഷ്ടിക്കുന്നു." (ജങ്കെ മുഖദ്ദസ്സ്, റൂഹാനീ ഖസാഇൻ വാല്യം 6 പേജ് 207)

അതുകൊണ്ട് അല്ലാഹു ആരെയെങ്കിലും ശിക്ഷിക്കുന്നത് അയാൾ അല്ലാഹുവിന്റെ നിയമത്തിൽനിന്ന് പുറത്തു പോകുന്നതുകൊണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞതു പോലെ, ഈ ശിക്ഷയും പരിഷ്ക്കരണത്തിനുവേണ്ടിയുള്ളതാണ്. ഒടുവിൽ അല്ലാഹുവിന്റെ റഹ്മത്ത് ആയിരിക്കും ആധിപത്യം പുലർത്തുക. എന്തായാലും ആരിലെങ്കിലും അല്ലാഹുവിന്റെ കോപം ഇറങ്ങുകയാണെങ്കിൽ, അല്ലാഹുവിന്റെ നിയന്ത്രണത്തിൽനിന്ന് അവൻ പൂർണമായും പുറത്തുചാടിയതുകൊണ്ടാണ് അതുണ്ടാകുന്നതെന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലാഹു തന്റെ റഹ്മത്തിനെ വിശാലമാക്കിയിട്ടും അവൻ അല്ലാഹുവിന്റെ കോപത്തിന്റെ പിടിയിൽവരുന്നു.

ഇത് കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ഒരു സ്ഥലത്ത് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശിക്ഷയെ സംബന്ധിച്ച് മുന്നറിയിപ്പുള്ള കാര്യത്തിൽ ഒരു വാഗ്ദാനവും ഉണ്ടാകുകയില്ലെന്നതാണ് വസ്തുത. അത് കുറ്റവാളിയായ മനുഷ്യന് ശിക്ഷ നല്കാൻ അല്ലാഹു തന്റെ പവിത്രതകൊണ്ട് ആഗ്രഹിക്കുന്നതാണ്.

കുറ്റവാളിയായ മനുഷ്യൻ തൗബയും ഇസ്തിഗ്ഫാറും താണുകേണുള്ള പ്രാർഥനയും വിലാപവുംകൊണ്ട് ആ തേട്ടം പൂർത്തിയാക്കുമ്പോൾ ദൈവകാരുണ്യത്തിന്റെ തേട്ടം കോപത്തിന്റെ തേട്ടത്തെ അതിജയിക്കുന്നു. ആ കോപത്തെ അതിന്റെ ഉള്ളിൽ മറയ്ക്കുകയും ഗോപ്യമാക്കിവെക്കുകയും ചെയ്യുന്നു. ഈ അർഥമാണ് *അദാബീ ഉസീബു ബിഹീ മൻ അശാഉ വ റഹ് മത്തീ വസിഅത്ത് കുല്ല ശയ് ഇൻ*(7:157) എന്ന വചനത്തിന്റേത്. അതായത് റഹ്മത്തീ സബഖത്ത് ഗളബീബീ(തുഹ്ഫ ഗസ്നവിയ്യ , റൂഹാനീ ഖസാഇൻ വാല്യം 15, പേജ് 537)

അതായത് എന്റെ റഹ്മത്ത് എന്റെ കോപത്തെ അതിജയിച്ചിരിക്കുന്നു. മനുഷ്യൻ തൗബ ചെയ്തുകൊണ്ടിരിക്കുകയും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുകയും വിനയം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും ദുആകൾ ചെയ്തുകൊണ്ടിരിക്കുകയും അങ്ങനെ അവന്റെ കടമ പൂർത്തിയാക്കുകയും ചെയ്യുമ്പോൾ അല്ലാഹു അവന്റെ കടമയും പൂർത്തിയാക്കുന്നു. അവിടന്ന് പറഞ്ഞു: അല്ലാഹു ശിക്ഷിക്കണമെന്ന് നിർബന്ധമാക്കിവെച്ചിട്ടൊന്നുമില്ല. മറിച്ച് അത്തരക്കാരിൽ കാരുണ്യമാണ് നിർബന്ധമാക്കിയിട്ടുള്ളത്. പിന്നീട് അവന്റെ കാരുണ്യം അവന്റെ കോപത്തിന്റെ തേട്ടത്തെ അതിജയിക്കുന്നതാണ്. കോപം അപ്രത്യക്ഷമായിപ്പോകുന്നു. മറയ്ക്കുള്ളിൽ മറഞ്ഞുപോകുന്നു.

പിന്നീട് അവിടന്ന് പറയുന്നു: അല്ലാഹുവിന്റെ റഹ്മത്തിനെ ആകർഷിച്ചെടുക്കാനുള്ള മാർഗം തൗബയും ഇസ്തിഗ്ഫാറുമാണ്. ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം എന്താണ്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു: മാനുഷികമായ ദൗർബല്യങ്ങൾ വെളിപ്പെടാതെ അല്ലാഹു മനുഷ്യപ്രകൃതത്തിന് ശക്തി നല്കിക്കൊണ്ട് തന്റെ സഹായത്തിന്റേയും പിന്തുണയുടേയും വൃത്തത്തിനുള്ളിൽ അവനെ കൊണ്ടു വരുന്നതിന് അവനോടുള്ള അർഥനയാണ് ഇസ്തിഗ്ഫാർകൊണ്ട് വാസ്തവത്തിൽ അർഥമാക്കുന്നത്.'(എന്തിനാണ് ഇസ്തിഗ്ഫാർ? മനുഷ്യൻ ദുർബലനാണ്. അവന്റെ ഉള്ളിലുള്ള ഒരു ദൗർബല്യവും വെളിപ്പെടാതിരിക്കാനാണിത്. മനുഷ്യപ്രകൃതിക്ക് അല്ലാഹു തന്റെ ശക്തികൊണ്ട് താങ്ങാകുക. പാപം ഉണ്ടാകുന്നതിൽനിന്നും തെറ്റുകൾ സംഭവിക്കുന്നതിൽനിന്നും അവനെ രക്ഷിക്കുക. പറഞ്ഞു:) 'ഈ പദം എടുക്കപ്പെട്ടിട്ടുള്ളത് 'ഗഫറ' യിൽനിന്നാണ്. പൊതിയുന്നതിനാണ് 'ഗഫറ' എന്നു പറയുന്നത്. അതുകൊണ്ട് ഇതിന്റെ അർഥം അല്ലാഹു തന്റെ ശക്തിയോടുകൂടി പാപപൊറുതി തേടുന്ന വ്യക്തിയുടെ പ്രകൃതിപരമായ ദുർബലതയെ പൊതിഞ്ഞുവെക്കുക എന്നാണ്. (അതായത് പാപപൊറുതി തേടുന്ന വ്യക്തിയുടെ പ്രകൃതിപരമായ ദുർബലതയെ–മനുഷ്യപ്രകൃതിയിലുള്ള ധാരാളം ദൗർബല്യങ്ങളെ പൊതിഞ്ഞുവെക്കുക; അതു വെളിപ്പെടരുത്. ആ ദൗർബല്യങ്ങൾ കാരണത്താൽ അവനിൽനിന്ന് പാപം ഉണ്ടാകരുത്.) പക്ഷേ, ഇതിനു ശേഷം സാധാരണക്കാർക്കുവേണ്ടി ഈ പദ ത്തിന്റെ അർഥം വീണ്ടും വിശാലമാക്കപ്പെട്ടിരിക്കുന്നു. സംഭവിച്ചുപോയ പാപത്തെ അല്ലാഹു പൊതിയുക എന്ന ഉദ്ദേശ്യവും ഇതിനു നല്കപ്പെട്ടിരിക്കുന്നു. (അതായത് ഏതൊരു പാപമാണോ മനുഷ്യൻ ചെയ്ത് കഴിഞ്ഞിട്ടുള്ളത് അതിനേയും പൊതിഞ്ഞുവെക്കുക. അതിന്റെ ദോഷഫലത്തിൽനിന്ന് അവനെ രക്ഷിക്കുക. അതു കാരണമുണ്ടാകുന്ന ശിക്ഷയിൽനിന്ന് അവനെ രക്ഷിപ്പെടുത്തുക) പക്ഷേ, യഥാർഥവും വസ്തുതാപരവുമായ അർഥം അല്ലാഹു തന്റെ ദൈവത്വപരമായ ശക്തിയോടുകൂടി പാപപൊറുതി തേടുന്നവനെ സ്വാഭാവികമായ ദൗർബല്യങ്ങളിൽനിന്ന് രക്ഷിക്കുക എന്നാണ്. തന്റെ ശക്തിയിൽനിന്ന് ശക്തിപകരുക. തന്റെ അറിവിൽനിന്ന് അറിവ് നല്കുക. തന്റെ വെളിച്ചത്തിൽനിന്ന് വെളിച്ചം നല്കുക. കാരണം അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിട്ട് അവനിൽനിന്ന് വേർപെട്ടിട്ടില്ല. മറിച്ച് അവൻ മനുഷ്യന്റെ സ്രഷ്ടാവാണെന്നും അവന്റെ ബാഹ്യവും ആന്തരികവുമായ സകല ശക്തികളും ഉണ്ടാക്കുന്നവനാണെന്നും എന്നപോലെ മനുഷ്യന്റെ ഖയ്യൂമുമാണ്. അതായത് എന്തൊന്ന് ഉണ്ടാക്കിയോ അതിനെ പ്രത്യേകമായ തന്റെ താങ്ങുകൊണ്ട് സുരക്ഷിതമായി നിലനിറുത്തുന്നവനുമാണ്.

എന്നല്ല ദൈവം എപ്രകാരം മനുഷ്യന്റെ സ്രഷ്ടാവാണോ, അവന്റെ ആന്തരികവും ബാഹ്യവുമായ സർവകഴിവുകളുടെയും സ്രഷ്ടാവാണോ അപ്രകാരംതന്നെ അവൻ മനുഷ്യന്റെ ഖയ്യൂമും കൂടിയാണ്. അതായത്, താൻ സൃഷ്ടിച്ചതിനെ പ്രത്യേക സഹായത്തോടെ സംരക്ഷിക്കുന്നവനുമാണ്. ഖയ്യൂം എന്നതും അല്ലാഹുവിന്റെ നാമമാകുമ്പോൾ– അതായത് തന്റെ താങ്ങുകൊണ്ട് സൃഷ്ടികളെ നിലനിറുത്തുന്നവൻ! മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടിത്വത്തിൽനിന്ന് ഉണ്ടാക്കപ്പെട്ടിരിക്കുന്നതുപോലെ അവൻ തന്റെ സൃഷ്ടപ്പിന്റെ രൂപം വികൃതമാകുന്നതിൽനിന്ന് അല്ലാഹുവിന്റെ ഖയ്യൂമിയ്യത്ത് മുഖേന രക്ഷിക്കേണ്ടത് മനുഷ്യന് നിർബന്ധമാണ്. (ഇസ്മത്തെ അമ്പിയാ, റൂഹാനീ ഖസാഇൻ, വാല്യം 18, പേജ് 675)

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച് അവനെ കൈവിട്ടു കളഞ്ഞില്ല. അവൻ ഖയ്യൂമുമാണ്. അതിനാൽ മനുഷ്യന്റെ പിറവി പ്രകൃതിനിയമത്തിന് വിധേയമാണ്. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചുവെന്നതിൽ സംശയമില്ല. പിറവി അവന്റെ കല്പനയാലാണുണ്ടാകുന്നത്. പക്ഷേ, പ്രകൃതിനിയമത്തിന് വിധേയമായി മാനുഷികമായ ശ്രമങ്ങളും മാർഗങ്ങളും പിറവിക്ക് ഏതൊരു നിയമമാണോ അല്ലാഹു ഉണ്ടാക്കിവെച്ചിട്ടുള്ളത് അതിലൂടെ കടക്കേണ്ടിവരും. ഇതു നിർബന്ധമാണ്.' പറഞ്ഞു: പിറവിയിൽ മനുഷ്യന്റെ പരിശ്രമത്തിനുശേഷം അല്ലാഹു ഫലമുണ്ടാക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് നടക്കുന്നതിനും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിനും അവന്റെ ഖയ്യൂമിയ്യത്ത് എന്ന സിഫത്തും നിങ്ങളിൽനിന്ന് പ്രകടമാകേണ്ടതാണ്. അത് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അവന്റെ കല്പനകളനുസരിച്ച് നടക്കാൻ ദുആയിലേക്കും ഇസ്തിഗ്ഫാറിലേക്കും ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്. ഈ ഖയ്യൂമിയ്യത്ത് എന്ന സിഫത്ത് ഉപയോഗിച്ച് അവന്റെ കല്പനകളിലൂടെ നടന്നുകൊണ്ടിരിക്കാനുള്ള ശക്തിയും അല്ലാഹുതന്നെ അവന് നല്കണം.

വീണ്ടും വിശദമാക്കുന്നു; അവിടന്ന് പറയുന്നു: മനുഷ്യന് ഇതൊരു സ്വാഭാവികമായ ആവശ്യമായിരുന്നു. അതിനാണ് ഇസ്തിഗ്ഫാർ ചെയ്യാനുള്ള നിർദ്ദേശമുള്ളത്. അതിലേക്ക് വിശുദ്ധഖുർആനിൽ ഇങ്ങനെ സൂചന നല്കപ്പെട്ടിരിക്കുന്നു. *'അല്ലാഹു ലാഇലാഹ ഇല്ലാഹു അൽഹയ്യുൽഖയ്യൂം'* അതിനാൽ ആ അല്ലാഹു സ്രഷ്ടാവുമാണ്. ഖയ്യൂമുമാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ സൃഷ്ടിപ്പിന്റെ ജോലി പൂർത്തിയായി. എന്നാൽ, ഖയ്യൂമിയ്യത്തിന്റെ ജോലി എന്നെന്നേക്കുമുള്ളതാണ്. (മനുഷ്യൻ ജനിച്ചപ്പോൾ ഖാലിഖിയ്യത്തിന്റെ ജോലി–അത് അല്ലാഹുവിന്റെ സിഫത്താണ്. പൂർണമായി. പക്ഷേ, ഖയ്യൂമിയ്യത്തിന്റെ ജോലി മനുഷ്യൻ ജീവിച്ചിരിക്കുന്നതുവരെ അവനോടൊപ്പമുണ്ട്)

അതുകൊണ്ടാണ് അനശ്വരമായ ഇസ്തിഗ്ഫാറിന്റെ ആവശ്യമുണ്ടായത്. (എപ്പോഴും ഈ ഖയ്യൂമിയ്യത്തിന്റെ വിശേഷഗുണത്തെ കരസ്ഥമാക്കുന്നതിന് സ്ഥിരമായ ഇസ്തിഗ്ഫാറിന്റെ ആവശ്യമുണ്ട്) ചുരുക്കിപ്പറഞ്ഞാൽ അല്ലാഹുവിന്റെ എല്ലാ ഓരോ വിശേഷഗുണത്തിനും ഒരു അനുഗ്രഹമുണ്ട്. അതിനാൽ ഇസ്തിഗ്ഫാർ ഖയ്യൂമിയ്യത്ത് എന്ന വിശേഷഗുണത്തിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിനാണ്. (അല്ലാഹുവിന്റെ വിശേഷഗുണമായ ഖയ്യൂമിയ്യത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കണം. അല്ലാഹു മനുഷ്യന് നല്കിയിട്ടുള്ള ശക്തികളേയും കഴിവുകളേയും അല്ലാഹുവിന്റെ ഇഷ്ടമനുസരിച്ച് നടത്താൻ തൗഫീഖ് കിട്ടുന്നതിന് ഇസ്തിഗ്ഫാർ ചെയ്യുക. ഇതിലേക്കാണ് സൂറ:ഫാത്തിഹയിലെ *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ* എന്ന വചനം സൂചിപ്പിക്കുന്നത്. അതായത്, ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്റെ ഖയ്യൂമിയ്യത്തും റുബൂബിയ്യത്തും ഞങ്ങളെ സഹായിക്കുകയും ഇടർച്ചയിൽനിന്ന് കാത്തുരക്ഷിക്കുകയും ചെയ്യുന്നതിനുവേണ്ടി നിന്നോടു മാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ന്യൂനതകൾ വെളിപ്പെടുകയും ഞങ്ങൾക്ക് ആരാധന നടത്താൻ കഴിയാതിരിക്കുകയും ചെയ്യരുതേ.' (ഇസ്മത്തെ അമ്പിയാഅ് റൂഹാനീ ഖസാഇൻ വാല്യം 18 പേജ് 672).

ഇതാണ് നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതായ അടിസ്ഥാനപരമായ പോയന്റ്.

തന്റെ റഹ്മത്ത് എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുകയാണെന്ന് അല്ലാഹു പറയുന്നുണ്ടെന്നും അതുകൊണ്ടു എന്തുവേണമെങ്കിലും ചെയ്യാമെന്നും പറയുന്നതും പിന്നീട് അല്ലാഹുവിനോടു കരുണയും പൊറുക്കലും തേടലും ശരിയല്ല. അവനിലേക്ക് വരികയും അവന്റെ കല്പനകൾ പാലിക്കുകയും അവനോടു പൊറുക്കൽ തേടുകയും ചെയ്യുന്നവർക്കുവേണ്ടിയാണ് അവൻ കാരുണ്യം തന്റെ മേൽ ബാധ്യതയാക്കിയിട്ടുള്ളത്.

ഇസ്തിഗ്ഫാർ എന്ന വിഷയം കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ചില ആളുകളുണ്ട്, അവർ പാപത്തെക്കുറിച്ച് അറിയുന്നവരാണ്. ചിലരാകട്ടെ പാപത്തെക്കുറിച്ച് അറിയാത്തവരാണ്." (പാപം ചെയ്തു. പക്ഷേ, ചെയ്തവിവരം അറിയുന്നില്ല. നിർജീവമായ അവസ്ഥയിലായി. അല്ലെങ്കിൽ അബദ്ധത്തിൽ തെറ്റുണ്ടായിപോയി. പാപം ചെയ്തുവെന്നത് അറിയുന്നതുപോലുമില്ല) അതുകൊണ്ടാണ് അല്ലാഹു എക്കാലത്തേക്കുമായി ഇസ്തിഗ്ഫാർ വെച്ചിരിക്കുന്നത്. മനുഷ്യൻ പ്രത്യക്ഷവും പരോക്ഷവും അറിവുള്ളതും അറിവില്ലാത്തതും അവന്റെ കൈകാലുകളിൽനിന്നോ നാവിൽ നിന്നോ മൂക്കിൽ നിന്നോ കാതുകളിൽനിന്നോ കണ്ണുകളിൽനിന്നോ പുറപ്പെടുന്നതോ ആയ എല്ലാവിധ പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്.' (ശരീരത്തിന്റെ എത്ര അവയവങ്ങളുണ്ടോ അവയിൽനിന്നൊന്നും ഒരു പാപവും ഉണ്ടാകാൻ പാടില്ല. പറഞ്ഞു:) ഹദ്റത്ത് ആദമിന്റെ ദുആ ഇക്കാലത്ത് ചൊല്ലേണ്ടതാണ്. *റബ്ബനാ ളലംനാ അൻഫുസനാ വ ഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.*(7:24) ഇത് ആദ്യംതന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ദുആയാണ്. (അല്ലാഹുവേ, ഞാൻ എന്റെ ആത്മാവിനോട് അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകും. അവിടന്ന് പറഞ്ഞു: ഈ പ്രാർഥന ആദ്യം മുതലേ സ്വീകരിക്കപ്പെട്ടുകഴിഞ്ഞതാണ്). നിങ്ങൾ അശ്രദ്ധയോടെ ജീവിതം നയിക്കരുത്. ശ്രദ്ധയോടെ ജീവിക്കുകയാണെങ്കിൽ ഒരിക്കലും കഴിവിന്നതീതമായ വിപത്തിലകപ്പെടുകയില്ല. ഒരു വിപത്തും ദൈവകല്പന കൂടാതെ വരുന്നില്ല.' പറഞ്ഞു: എനിക്ക് *അല്ലാഹുവിൽനിന്ന് റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക,റബ്ബി ഫഹ്ഫള്നീ വൻസ്വുർനീ വർഹംനീ* എന്ന് ഇൽഹാമുണ്ടായതുപോലെ.'(മൽഫൂദാത്ത് വാല്യം 4 പേജ് 275–276, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നതിനും അവന്റെ സഹായവും തുണയും ഉണ്ടാകുന്നതിനും അവന്റെ കരുണ കരസ്ഥമാക്കുന്നതിനും ശ്രമവും ഇസ്തിഗ്ഫാറും ദുആയും നിർബന്ധമാണ്.

ഇസ്തിഗ്ഫാറും തൗബയും നമ്മൾ ഉപയോഗിക്കുന്ന രണ്ടു പദമാണ്. ഇവ തമ്മിലുള്ള വ്യത്യാസം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇസ്തിഗ്ഫാറും തൗബയും രണ്ടു സംഗതികളാണ്. ഒരു കാരണത്താൽ ഇസ്തിഗ്ഫാറിന് തൗബയെക്കാൾ മുൻഗനയുണ്ട്." (അതായത് അതിന് ശ്രേഷ്ഠതയുണ്ട്. എന്തുകൊണ്ടെന്നാൽ, അത് ആദ്യമാണ്. തൗബയെക്കാൾ മുമ്പേ ഇസ്തിഗ്ഫാറാണ്). 'കാരണം ദൈവത്തിൽനിന്ന് കരസ്ഥമാക്കുന്ന സഹായവും ശക്തിയുമാണ് ഇസ്തിഗ്ഫാർ.' (പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് ഇസ്തിഗ്ഫാർ മുഖേന അല്ലാഹുവിനോടു സഹായവും ശക്തിയും മനുഷ്യൻ കരസ്ഥമാക്കുന്നു). "സ്വന്തം കാലിൽ നില്ക്കുന്നതാണ് തൗബ."(അതായത് രക്ഷപ്പെട്ടതിനുശേഷം പിന്നീട് സ്ഥിരചിത്തതയോടുകൂടി അതിൽ നിലകൊള്ളുക. സ്വന്തം പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് ചെയ്ത ഇസ്തിഗ്ഫാറിലും അല്ലാഹുവിനോടു ചെയ്ത ദുആകളിലും നിലകൊള്ളുന്നതിനാണ് തൗബ. അല്ലാഹുവേ, ഞങ്ങൾ മഗ്ഫിറത്തിനുവേണ്ടി ചെയ്ത ദുആയിൽ ഞങ്ങളെ നിലനിറുത്തേണമേ എന്ന ദുആയാണ് തൗബ. തീയിൽനിന്ന് മോക്ഷം നല്കി. ഇതു എന്നെന്നും നിലനില്ക്കുന്ന മോക്ഷമായിരിക്കണം. ഞങ്ങളുടെ എന്തെങ്കിലും പ്രവൃത്തിയോ അല്ലെങ്കിൽ അതിനുവേണ്ടി ഞങ്ങൾ ചെയ്ത പരിശ്രമങ്ങളോ ഒന്നും അതേ സ്ഥലത്തേക്കു വീണ്ടും തിരിച്ചുകൊണ്ടുപോകുംവിധം നിന്റെ വെറുപ്പുളവാക്കുന്നത് ആകരത്! അതിനുള്ളത് തൗബയാണ്. അതായത് പാപങ്ങൾക്ക് മാപ്പ് ചോദിക്കുന്നതിനുള്ളതാണ് തൗബ. *വ അതൂബു ഇലയ്ഹി* എന്ന് പറഞ്ഞിട്ടുള്ളത് ഞങ്ങളെ വീണ്ടും അതിൽ നിലനിറുത്തുക. അതായത് ഞങ്ങൾ ഞങ്ങളുടെ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നവരും നിന്റെ പൊറുക്കൽ എപ്പോഴും കരസ്ഥമാക്കുന്നവരുമായിരിക്കണം. അഗ്നിയിൽനിന്ന് ഞങ്ങൾക്കെപ്പോഴും മോചനവും കിട്ടിക്കൊണ്ടിരിക്കണം)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനോട് സഹായം തേടുമ്പോൾ അല്ലാഹു ഒരു ശക്തി നല്കുന്നതാണ്. ഇത് അല്ലാഹുവിന്റെ സുന്നത്താണ്. ആ ശക്തി ലഭിച്ചതിനുശേഷം മനുഷ്യൻ സ്വന്തം കാലിൽ എഴുന്നേറ്റ് നില്ക്കുകയും നന്മ ചെയ്യാനുള്ള ഒരു ശക്തി അവനിൽ സംജാതമാകുകയും ചെയ്യുന്നതായിരിക്കും. ഇതിന്റെ പേരാണ് തൂബൂ ഇലയ്ഹി. പറഞ്ഞു: 'തൗബ ചെയ്യാനുള്ള തൗഫീഖ് ഇസ്തിഗ്ഫാറിനുശേഷമാണ് ലഭിക്കുന്നത്. ഇസ്തിഗ്ഫാർ ഇല്ലെങ്കിൽ തീർച്ചയായും ഓർമിക്കുക, തൗബയുടെ ശക്തി മരിച്ചുപോകുന്നു. പിന്നീട് ഈ രീതിയിൽ ഇസ്തിഗ്ഫാർ ചെയ്യുകയും തൗബ ചെയ്യുകയും ചെയ്താൽ അതിന്റെ ഫലം *യുമത്തിഅ്ക്കും മത്താഅൻ ഹസനൻ ഇലാ അജലിൻമ്മുസമ്മാ.* (നിങ്ങൾക്ക് അല്ലാഹു ഒരു നിശ്ചിത കാലംവരെ നല്ല സുഖസൗകര്യങ്ങൾ നല്കുന്നതായിരിക്കും(11:4)എന്നതായിരിക്കും.

പറഞ്ഞു: "അല്ലാഹുവിന്റെ നടപടി ഇങ്ങനെയാണ് നടന്നുകൊണ്ടിരിക്കുന്നത്; ഇസ്തിഗ്ഫാറും തൗബയും ചെയ്യുകയാണെങ്കിൽ നിങ്ങൾ പദവികൾ കരസ്ഥമാക്കുന്നതായിരിക്കും. എല്ലാ ഓരോ ജ്ഞാനേന്ദ്രിയത്തിനും ഒരു വൃത്തമുണ്ട്. അതിൽ അവൻ അഭിവൃദ്ധിയുടെ ഘട്ടങ്ങൾ കരസ്ഥമാക്കുന്നു. മനുഷ്യരെല്ലാവരും നബി, റസൂൽ, സിദ്ദീഖ്, ശഹീദാകുകയില്ല. (മൽഫൂദാത്ത്, വാല്യം 2, പേജ് 68–69. 1985 ലണ്ടൻ പതിപ്പ്) പക്ഷേ, ആർക്കാണോ പദവികൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഏതു പരിധിവരെയാണോ ഒരാൾക്ക് എത്തേണ്ടത് അത് കരസ്ഥമാക്കുന്നതിന് പരിശ്രമിക്കേണ്ടിവരും. അത് ഇസ്തിഗ്ഫാറും തൗബയും മുഖേനയായിരിക്കും.

തൗബയെക്കുറിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അറബി നിഘണ്ടുക്കളിൽ തൗബയുടെ അർഥം മടങ്ങുക എന്നതാണ്. ഇക്കാരണംകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമമായി 'തവ്വാബ്' എന്നു വന്നിരിക്കുന്നത്. അതായത്, വളരെയധികം കാരുണ്യത്തോടെ മടങ്ങുന്നവൻ. മനുഷ്യൻ തന്റെ പാപങ്ങളിൽനിന്ന് വിട്ടകന്നുകൊണ്ട് സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അതിനെക്കാളുപരിയായി അവനിലേക്കു മടങ്ങുന്നു. ഇക്കാര്യം അടിമുടി പ്രകൃതിനിയമമനുസരിച്ചുള്ളതാണ്. ഒരു മനുഷ്യൻ സത്യഹൃദയത്തോടെ മറ്റൊരു മനുഷ്യനിലേക്ക് മടങ്ങുമ്പോൾ അവന്റെ ഹൃദയവും അവനുവേണ്ടി മൃദുലമാകുന്നുവെന്നത് അല്ലാഹു മനുഷ്യന്റെ പ്രകൃതിയിൽ വെച്ചിട്ടുള്ള കാര്യമാണ്. അപ്പോൾ മനുഷ്യൻ സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുകയും എന്നാൽ, അല്ലാഹു അവനിലേക്ക് മടങ്ങാതിരിക്കുകയും ചെയ്യുമെന്നുള്ളത് എങ്ങനെ ബുദ്ധിക്ക് സ്വീകരിക്കാൻ കഴിയുക. പ്രത്യുത അല്ലാഹു അങ്ങേയറ്റം ഉദാരനും കരുണാമയനുമാണ്. അവൻ മനുഷ്യനിലേക്ക് വളരെയധികം മടങ്ങുന്നു. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ അവന്റെ പേര് തവ്വാബ് എന്ന് വന്നിട്ടുള്ളത്. അതായത് വളരെയധികം മടങ്ങുന്നവൻ. മനുഷ്യന്റെ മടക്കം പശ്ചാത്താപത്തോടും ലജ്ജയോടും വണക്കത്തോടും വിനയത്തോടുംകൂടിയാണ് ഉണ്ടാകുന്നത്. അല്ലാഹുവിന്റെ മടക്കം റഹ്മത്തോടും മഗ്ഫിറത്തോടും കൂടിയാണുണ്ടാകുന്നത്. റഹ്മത്ത് അല്ലാഹുവിന്റെ വിശേഷഗുണത്തിൽപെട്ടതല്ലായിരുന്നെങ്കിൽ ആരും മോചനം പ്രാപിക്കുമായിരുന്നില്ല.' പറഞ്ഞു: 'അഹോ കഷ്ടം! അക്കൂട്ടർ അല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽ ചിന്തിച്ചില്ല. എല്ലാത്തിന്റേയും അച്ചുതണ്ട് തങ്ങളുടെ പ്രവൃത്തിയിലും കർമത്തിലുമാക്കിവച്ചു.(തങ്ങളുടെ കർമങ്ങൾ കൊണ്ടുതന്നെ സർവവും കരസ്ഥമാക്കും എന്ന് മനസ്സിലാക്കുന്നവർ) എന്നാൽ, ആരുടേയും കർമങ്ങളൊന്നും കൂടാതെ ആയിരക്കണക്കിന് അനുഗ്രഹങ്ങൾ മനുഷ്യനുവേണ്ടി ഭൂമിയിൽ സൃഷ്ടിച്ചവനാണ് അല്ലാഹു. ബലഹീനനായ മനുഷ്യൻ തന്റെ അശ്രദ്ധയിൽനിന്ന് ഉണർന്ന് അവനിലേക്ക് മടങ്ങുകയും–മരിക്കുന്ന നിലയിലാണ് അവന്റെ മടക്കം, ആദ്യത്തെ അഴുക്കായ വസ്ത്രം തന്റെ ശരീരത്തിൽനിന്ന് ഊരുകയും, അത് അവന്റെ സ്നേഹാഗ്നിയിൽ കത്തിച്ചാമ്പലാക്കുകയും ചെയ്തിട്ടും അല്ലാഹു അവനിലേക്ക് കരുണയോടുകൂടി ശ്രദ്ധിക്കാതിരിക്കുക എന്നത് അവന്റെ സൽഗുണമാകുമോ? അതിന്റെ പേരാണോ ദൈവത്തിന്റെ പ്രകൃതിനിയമം എന്നത്? (ചശ്മയെ മഅ്രിഫത്ത്. റൂഹാനീ ഖസാഇൻ, വാല്യം 23, പേജ് 133–134)

അല്ലാഹു കരുണ ചെയ്ത് മടങ്ങുകയില്ലെന്ന് പറയുന്നവർക്ക് അവിടന്ന് മറുപടി പറയുകയാണ്. മനുഷ്യൻ ദുആയും ഇസ്തിഗ്ഫാർ ചെയ്ത് തന്റെ അവസ്ഥ മരിച്ചവനെപോലെ ആക്കിത്തീർക്കുകയും തന്റെ ആദ്യത്തെ അഴുക്കായ വസ്ത്രം ഊരിവച്ച്, തന്നെ ശുദ്ധീകരിച്ച് അല്ലാഹുവിന്റെ സ്നേഹാഗ്നിയിൽ എരിയാൻ തുടങ്ങുകയും ചെയ്താലും അല്ലാഹു കരുണയോടെ അഗ്നിയിലേക്ക് മടങ്ങുകയില്ലെന്നാണോ? ഇത് അത്തരക്കാരുടെ വീക്ഷണം ആകാവുന്നതാണ്. പറഞ്ഞു: 'അത്തരക്കാർ കളവാണ് പറയുന്നത്. *ലഅ്നത്തുല്ലാഹി അലൽ കാദിബീൻ.'* അവിടന്ന് പറഞ്ഞു: മനുഷ്യൻ തന്റെ കടമ നിറവേറ്റുകയും അല്ലാഹു ഒന്നും നല്കാതിരിക്കുകയും ചെയ്യുക എന്നത് ഒരിക്കലും സംഭവിക്കുകയില്ല. ഇത് അല്ലാഹുവിന്റെ സ്ഥാനത്തിനു നിരക്കാത്തതാണ്. തന്റെ കാരുണ്യം വളരെ വിശാലമാണെന്ന അല്ലാഹുവിന്റെ പ്രഖ്യാപനത്തിനുതന്നെ വിരുദ്ധമാണ്. ഇത് അവന്റെ നിയമത്തിന് ഘടകവിരുദ്ധമാണ്. ഞാൻ പറഞ്ഞതുപോലെ അവന്റെ കരുണ വിശാലമാണെന്ന പ്രഖ്യാപനത്തിനുംവിരുദ്ധമാണ്. പക്ഷേ, മനുഷ്യൻ അവന്റെ കടമ നിറവേറ്റണം. അതെന്താണ്. മൃതാവസ്ഥപോലെ പരിശ്രമിക്കുകയും പാപപങ്കിലമായ ആദ്യത്തെ വസ്ത്രം ഊരിവെക്കുകയും, അവന്റെ

## 124–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30 (വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

സ്നേഹാഗ്നിയിൽ എരിയുകയും വേണം. അവിടന്ന് പറഞ്ഞു: ഈ സംഗതികൾ ഉണ്ടെങ്കിൽ, ഇക്കാര്യങ്ങൾ വളരെ ചിന്താർഹമാണ്. അപ്പോൾ അല്ലാഹു മനുഷ്യന് വിചാരിക്കാൻപോലും കഴിയാത്തവിധം അവനിലേക്ക് മടങ്ങുന്നതാണ്.

ആ മഗ്ഫിറത്തിന്റെ തേട്ടത്തിന്റെ നിലവാരമിതാണ്. ഇത് അല്ലാഹുവിന്റെ റഹ്മത്തിന് മനുഷ്യനെ അവകാശിയാക്കുന്നു. ആ അവകാശത്തിന്റെ നിർവഹണം അല്ലാഹു സ്വയം അവനിൽ നിർബന്ധമാക്കിയിരിക്കുകയാണ്. അവിടന്ന് സത്യസന്ധവും യഥാർഥവുമായ തൗബയുടെ നിബന്ധനകളും വിവരിച്ചു. ഇത് കരസ്ഥമാക്കുന്നതിന് മനുഷ്യൻ എങ്ങനെ? ഏതുരീതിയിലാണ് പരിശ്രമിക്കേണ്ടതാണ്.

യഥാർഥ തൗബയുടെ നിബന്ധനകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'സത്യസന്ധമായ തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ട്. ദുഷ്ചിന്തകളുണ്ടാകുന്ന എല്ലാ കാര്യങ്ങളിൽനിന്നും തന്റെ മനസ്സിനെ ശുദ്ധമാക്കുക എന്നതാണ് ഒന്നാമത്തേത്. ആ തിന്മകളുടെ വെറുക്കപ്പെട്ടതും ഭയാനകവുമായ രൂപം മനസ്സിൽ ഉണ്ടാക്കാത്തിടത്തോളം അത് സാധ്യമാകുകയില്ല. അതിലേക്ക് ശ്രദ്ധ നിലനിൽക്കുകയും അതിനെതിരിൽ മനസ്സിൽ വെറുക്കപ്പെട്ട രൂപം ഉണ്ടാക്കാതിരിക്കുകയുമാണെങ്കിൽ അതിൽനിന്ന് രക്ഷപ്പെടുക ദുഷ്കരമാണ്. അതിനെ മനസ്സിൽനിന്ന് പുറത്താക്കേണ്ടിവരുമെന്നതാണ് ഒന്നാമത്തെ സംഗതി. ശ്രമിച്ച് അക്കാര്യങ്ങളോടു വെറുപ്പിന്റെ വികാരങ്ങൾ ഉണ്ടാക്കേണ്ടിവരും. രണ്ടാമത്തെ കാര്യം, എന്തെങ്കിലും തെറ്റായ കാര്യം ചെയ്യുകയോ തിന്മയിലേക്ക് ശ്രദ്ധ തിരിയുകയോ ചെയ്താൽ ലജ്ജ ഉണ്ടാകുകയും ചെയ്തുപോയ ദുഷ്പ്രവൃത്തിയെ കുറിച്ച് ദുഃഖമുണ്ടാകുകയും വേണം. മനുഷ്യന്റെ മനസ്സിൽ ദുഷ്‌വിചാരമുണ്ടാകുമ്പോൾ ഉടനെ ലജ്ജിക്കുകയും ദുഃഖവിചാരമുണ്ടാകുകയും വേണം. താൻ ഏതൊരു തിന്മയിലേക്കും ആനന്ദത്തിലേക്കുമാണോ പൊയ്ക്കൊണ്ടിരിക്കുന്നത് അത് താൽക്കാലികമാണെന്നും തന്റെ ജീവിതം തകർക്കുന്നതാണെന്നും ഒരു നേരത്ത് ഇത് ഇല്ലാതാകുമെന്നുമുള്ള വിചാരമുണ്ടാകണം. താൽക്കാലികമായ ആനന്ദമാണ്! അതായത് സ്വന്തം മനഃസാക്ഷി പറയുന്ന കാര്യം കേൾക്കണം. മനുഷ്യന്റെ വിവേകബുദ്ധി അവനോടു പറഞ്ഞുകൊണ്ടിരിക്കുന്നു. അവന്റെ മനഃസാക്ഷി പറയുന്നു. ഇത് ചീത്തക്കാര്യമാണെന്ന് അല്ലെങ്കിൽ നല്ലകാര്യമാണെന്ന് ഏതവസ്ഥയിലും അവനോടു പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെ ചിന്തിക്കുമ്പോഴും മനഃസാക്ഷിയുടെ ശബ്ദം കേൾക്കുമ്പോഴും മെല്ലെ മെല്ലെ തിന്മകളിൽനിന്ന് അവിടന്ന് പറഞ്ഞു, 'രക്ഷപ്പെടുന്നതാണ്.' താൻ ഇനി ആ തിന്മകളുടെ അടുക്കൽ പോകുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യുകയും ഉറച്ച തീരുമാനം എടുക്കുകയും ചെയ്യുക എന്നതാണ് മൂന്നാമത്തെ നിബന്ധന. പിന്നീട് അതിൽ നിലനില്ക്കാൻ പൂർണമായ ഇച്ഛാശക്തിയും ദുആയും ഉണ്ടാവണം. അങ്ങനെയായാൽ, ഈ തിന്മകൾ ഇല്ലാതാകുകയും നന്മകൾ അതിന്റെ സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നതാണ്. അശുദ്ധമായ വസ്ത്രം ഊരണമെന്ന് അവിടന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം കഠിനമായി പരിശ്രമിക്കുകയും അതിൽ നിലകൊള്ളുകയും ചെയ്യുക എന്നാണ്; ഇച്ഛാശക്തിയോടെ നിലകൊള്ളുക. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന് അവകാശിയാകും. (മൽഫൂദാത്ത്, വാല്യം 1, പേജ് 138–139, 1985 ലണ്ടൻ പതിപ്പ്)

ഇസ്തിഗ്ഫാറും തൗബയും മുഖേന തീയിൽനിന്ന് രക്ഷ പ്രാപിക്കുമെന്ന് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തൗബ മനുഷ്യനുള്ള എന്തെങ്കിലും കൂടുതലായതോ നിരർഥമായതോ ആയ കാര്യമല്ല. അതിന്റെ സ്വാധീനം കേവലം ഖിയാമത്തുന്നാളുമായി ബന്ധപ്പെട്ടതുമല്ല. മറിച്ച് അതുമുഖേന മനുഷ്യന്റെ ദീനും ദുൻയാവും രണ്ടും ശരിയാകുന്നു. അവന് ഈ ലോകത്തും പരലോകത്തും സൗഖ്യവും സന്തോഷവും ലഭിക്കുന്നു. നോക്കൂ! വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: *റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.* ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും സുഖക്ഷേമങ്ങൾ നല്കുകയും തീയിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ. വാസ്തവത്തിൽ റബ്ബനാ എന്ന പദത്തിൽത്തന്നെ തൗബയിലേക്ക് അതി സൂക്ഷ്മമായ ഒരു സൂചനയുണ്ട്. എന്തെന്നാൽ, റബ്ബനാ എന്ന പദം ആവശ്യപ്പെടുന്നത് താൻ നിശ്ചയിച്ചുവച്ചിട്ടുള്ള മറ്റു റബ്ബുകളിൽനിന്നെല്ലാം വിട്ടകന്ന് യഥാർഥ റബ്ബിലേക്ക് വന്നിരിക്കുന്നു എന്നാണ്. യഥാർഥമായ വേദനയും നീറ്റലുമില്ലാതെ ഈ പദം ഹൃദയത്തിൽനിന്ന് പുറപ്പെടുകയില്ല."(മനുഷ്യൻ റബ്ബനാ എന്നു പറയുമ്പോൾ അവൻ തന്റെ നാവുകൊണ്ടു മാത്രമല്ല പറയുന്നത്. ദുആ ഹൃദയത്തിൽനിന്ന് പുറപ്പെടുമ്പോൾ റബ്ബനാ പറയുന്നതുതന്നെ ഹൃദയത്തിൽനിന്ന് പുറപ്പെടുമ്പോഴായിരിക്കും. ചിലയാളുകൾ ബാഹ്യമായ നിലയിലും പറയാറുണ്ട്. പക്ഷേ, ഹൃദയത്തിൽനിന്ന് പുറപ്പെടുമ്പോഴാണ് ആ ദുആ അന്വർഥമാകുന്നത്. പറയുന്നു:). റബ്ബ് എന്ന് പറയുന്നത് ഘട്ടം ഘട്ടമായി പൂർണതയിൽ എത്തിക്കുന്നവനും പരിപാലിക്കുന്നവനുമാണ്. യഥാർഥത്തിൽ മനുഷ്യൻ കുറെ റബ്ബുമാരെ ഉണ്ടാക്കിവെച്ചിട്ടുണ്ട്. തന്റെ തന്ത്രങ്ങളിലും സൂത്രങ്ങളിലും പൂർണമായും വിശ്വസിക്കുന്നു; അതാണ് അവരുടെ റബ്ബ്. അവന് തന്റെ അറിവിലും കൈക്കരുത്തിലും അഹങ്കാരമുണ്ടെങ്കിൽ അത് അവന്റെ റബ്ബാണ്. അവന് തന്റെ സൗന്ദര്യത്തിലും ധനത്തിലും സമ്പത്തിലും അഭിമാനമുണ്ടെങ്കിൽ അത് അവന്റെ റബ്ബാണ്. ചുരുക്കത്തിൽ ഇപ്രകാരം ആയിരക്കണക്കിന് കാര്യഹേതുക്കൾ അവന്റെ കൂടെ ചേർന്നിരിക്കുന്നു. ഇവയെല്ലാം ഉപേക്ഷിച്ച്, അവയിൽനിന്ന് ജാഗരൂകരായി ആ ഏകനായ ദൈവത്തിനു മുമ്പിൽ തലകുനിയ്ക്കാത്തിടത്തോളം, റബ്ബനാ എന്നതിന്റെ വേദന നിറഞ്ഞതും മനസ്സിനെ അലിയിക്കുന്നതുമായ വിളിയോടെ അവന്റെ തിരുസന്നിധിയിൽ വീഴാത്തിടത്തോളം അവൻ യഥാർഥ റബ്ബിനെ മനസ്സിലാക്കിയില്ല. അങ്ങനെയുള്ള ഹൃദയവേദനയോടും വിഷമത്തോടും അവന്റെ സന്നിധിയിൽ സ്വന്തം പാപങ്ങൾ ഏറ്റുപറഞ്ഞ് തൗബ ചെയ്യുകയും അവനെ റബ്ബനാ എന്ന് വിളിക്കുകയും അതായത് യഥാർഥ റബ്ബ് നീ തന്നെയായിരുന്നു എന്നാൽ, ഞങ്ങൾ ഞങ്ങളുടെ തെറ്റുകൊണ്ട് മറ്റിടങ്ങളിൽ കറങ്ങിക്കൊണ്ടിരുന്നു, ഇപ്പോൾ ഞങ്ങൾ ആ വ്യാജമായ ബിംബങ്ങളേയും നിരർഥമായ ആരാധ്യവസ്തുക്കളേയും ഉപേക്ഷിച്ചിരിക്കുന്നു. സത്യസന്ധതയോടെ നിന്റെ പരിപാലനം സമ്മതിക്കുന്നു. നിന്റെ തിരുസന്നിധിയിൽ വരുന്നുവെന്ന് പറയുകയും ചെയ്യുക. ചുരുക്കത്തിൽ ഇതുകൂടാതെ ദൈവത്തെ തന്റെ രക്ഷിതാവാക്കുക എന്നത് പ്രയാസകരമാണ്. മനുഷ്യന്റെ മനസ്സിൽനിന്ന് മറ്റുള്ള റബ്ബും, അതിനോടുള്ള മതിപ്പും നിലയും മഹത്ത്വവും പുറത്തുപോകാത്തിടത്തോളം യഥാർഥ റബ്ബും അവന്റെ പരിപാലനവും ജാമ്യം നില്ക്കുകയില്ല. ചിലയാളുകൾ കളവിനെ തങ്ങളുടെ ദൈവമാക്കിയിരിക്കുന്നു. കളവു കൂടാതെ തങ്ങൾക്ക് ജീവിക്കാൻ കഴിയുകയില്ലെന്ന് അവർക്കറിയാം. ചിലർ മോഷണത്തേയും കൊള്ളയേയും വഞ്ചനയേയും തങ്ങളുടെ റബ്ബാക്കിയിരിക്കുന്നു. അവർ വിശ്വസിക്കുന്നത് ആ വഴികൂടാതെ അവർക്ക് ജീവിതവിഭവമൊന്നും ലഭിക്കുകയില്ലെന്നാണ്. അവരുടെ റബ്ബുമാർ അവയാണ്. പറഞ്ഞു: 'ചുരുക്കത്തിൽ തങ്ങളുടെതന്നെ സൂത്രങ്ങളിൽ വിശ്വസിക്കുന്നവർക്കും അതിൽ ഭരമേല്പിക്കുന്നവർക്കും അല്ലാഹുവിനോടു സഹായം തേടേണ്ടതും ദുആ ചെയ്യേണ്ടതുമായ ആവശ്യമെന്താണ്? ദുആക്ക് ആവശ്യം വരുന്നത് എല്ലാ വഴിയും അടഞ്ഞവനാണ്. അല്ലാഹുവിന്റേതല്ലാത്ത എല്ലാ വഴിയും അടയുന്നവനാണ്. അവന്റെ ഹൃദയത്തിൽ നിന്നാണ് ദുആ പുറപ്പെടുന്നത്. പറഞ്ഞതിന്റെ ചുരുക്കം *റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ* എന്ന് ദുആ ചെയ്യുന്നത് അല്ലാഹുവിനെ തന്റെ റബ്ബായി അറിഞ്ഞുകഴിഞ്ഞവനാണ്. അവരുടെ റബ്ബിനു മുമ്പിൽ മറ്റു റബ്ബുകളെല്ലാം വ്യർഥമാണെന്ന് അവർക്ക് അറിയാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീ കൊണ്ടുദ്ദേശിക്കുന്നത് ഖിയാമത്തുന്നാളിലെ തീ മാത്രമല്ല; ദീർഘകാലം ജീവിക്കുന്നവർ ലോകത്ത് ആയിരക്കണക്കിന് തീ കാണുന്നതാണ്. പലതരത്തിലുള്ള തീകൾ ലോകത്തുണ്ടെന്ന് അനുഭവജ്ഞാനമുള്ളവർക്കറിയാം. പല രീതിയിലുള്ള വിപത്ത്, ഭയം, വിഷമം, ദാരിദ്ര്യം പട്ടിണി, രോഗങ്ങൾ, പരാജയങ്ങൾ, നിന്ദ്യതയുടേയും അധഃപതനത്തിന്റേയും പേടി, ആയിരക്കണക്കിന് തരത്തിലുള്ള ദുഃഖം, കുട്ടികളേയും ഭര്യയേയും സംബന്ധിച്ചുള്ള ബുദ്ധിമുട്ടുകൾ, ബന്ധുക്കളുമായുള്ള ഇടപാടുകളിലെ പ്രശ്നങ്ങൾ! ചുരുക്കിപ്പറഞ്ഞാൽ ഇതെല്ലാം തീയാണ്. വിശ്വാസി ദുആ ചെയ്യുന്നത്, എല്ലാവിധ തീയിൽ നിന്നും തന്നെ രക്ഷിക്കണമേ എന്നാണ്. ഞങ്ങൾ നിന്റെ കോന്തല പിടിച്ചിരിക്കുന്ന സ്ഥിതിക്ക് മാനുഷിക ജീവിതത്തെ കയ്പുള്ളതാക്കിത്തീർക്കുന്ന അഗ്നി തുല്യമായ പ്രയാസങ്ങളിൽ നിന്ന് രക്ഷ നല്കിയാലും എന്നാണ്."(മൽഫൂദാത്ത് വാല്യം 5 പേജ് 187 –190, 1985 ലണ്ടൻ പതിപ്പ്)

ജമാഅത്ത് അധികമായി ഈ ദുആ ചൊല്ലണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഉപദേശിച്ചിരുന്നു. *റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.*(മൽഫൂദാത്ത് വാല്യം 1 പേജ് 9, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് അല്ലാഹു നമ്മെ അവന്റെ കാരുണ്യത്തിലെടുത്ത് ഈ ലോകത്തെയും പരലോകത്തെയും എല്ലാവിധ തീയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇക്കാര്യത്തിലേക്ക് നമ്മളും ശ്രദ്ധ തിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹു ഖുർആനിൽ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: മനുഷ്യരേ, എന്നെപ്പറ്റി നിങ്ങൾ നിരാശരാകരുത്. ഞാൻ റഹീമും കരീമും സത്താറും ഗഫൂറുമാകുന്നു. നിങ്ങളോട് ഏറ്റവുമധികം കരുണ കാണിക്കുന്നവനാകുന്നു. ഞാൻ ചെയ്യുന്നതുപോലെ മറ്റാരും നിങ്ങൾക്ക് കരുണ ചെയ്യുന്നതല്ല. നിങ്ങളുടെ പിതാക്കന്മാരെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ എന്നെ സ്നേഹിക്കുക;യഥാർഥത്തിൽ അവരെക്കാൾ കൂടുതൽ ഞാൻ നിങ്ങളെ സ്നേഹിക്കുന്നവനാണ്. നിങ്ങൾ എന്നിലേക്കു വന്നാൽ എല്ലാ പാപങ്ങളും ഞാൻ പൊറുത്തുതരുന്നതാണ്. നിങ്ങൾ തൗബ ചെയ്താൽ ഞാൻ അത് സ്വീകരിക്കുന്നതാണ്. നിങ്ങൾ എന്റെ അടുക്കൽ മെല്ലെ വരുമ്പോൾ ഞാൻ നിങ്ങളിലേക്ക് ഓടിവരുന്നതാണ്. എന്നെ അന്വേഷിക്കുന്നവൻ എന്നെ കണ്ടെത്തും. എന്നിലേക്ക് മടങ്ങുന്നവൻ എന്റെ കവാടങ്ങൾ തുറന്നിരിക്കുന്നതായി കാണുന്നതാണ്. തൗബചെയ്യുന്നവന്റെ പാപങ്ങൾ, അത് പർവതങ്ങളെക്കാളധികമാണെങ്കിലും ഞാൻ പൊറുത്തു കൊടുക്കുന്നു. എന്റെ കാരുണ്യം നിങ്ങളിൽ കൂടുതലും, കോപം കുറവുമാണ്. എന്തെന്നാൽ, നിങ്ങളെന്റെ സൃഷ്ടികളാണ്. ഞാൻ നിങ്ങളെ സൃഷ്ടിച്ചതിനാൽ എന്റെ കാരുണ്യം നിങ്ങളെയെല്ലാം വലയം ചെയ്തിരിക്കുന്നു."(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 56)

അല്ലാഹു നമുക്ക് അവനിലേക്ക് ആത്മാർഥമായി തിരിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവനോടുള്ള തഖ്‌വ സ്വായത്തമാക്കുന്നവരാക്കട്ടെ. അവന്റെ കാരുണ്യത്തിൽ സദാ ഭാഗഭാക്കാകുന്നതിനു വേണ്ടി ഈമാനിലും ദൃഢവിശ്വാസത്തിലും മുന്നേറുന്നവരാക്കട്ടെ. അവന്റെ കാരുണ്യം ലഭിക്കാതെ സ്വന്തം ദുഷ്കർമങ്ങളാൽ ശിക്ഷയ്ക്കു പാത്രമാകുന്ന സാഹചര്യം ഒരിക്കലും ഉണ്ടാക്കാതിരിക്കട്ടെ. ദൈവകാരുണ്യത്തിന്റെ തണൽ സദാ നമ്മിൽ വർഷിക്കുമാറാകട്ടെ.

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം മുഴുലോകത്തും തീർച്ചയായും എത്തുന്നതാണ്.**

**യുവതലമുറയെ വിദ്യാസമ്പന്നരാക്കുക. അവരുടെ പരിശീലനത്തിന് പരിപാടികൾ തയ്യാറാക്കുക. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞ അവരുടെ മനസ്സുകളിൽ കുടിയിരുത്തുക; നിങ്ങൾ ഈ പ്രതിജ്ഞ ചെയ്തിരിക്കുകയാണെന്നും അതുകൊണ്ട് ത്യാഗം ചെയ്യണമെന്നും പൂർണമായും അനുസരിക്കണമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നും അവരോടു പറയുക.**

**തർബിയ്യത്തിന് ഒരു ചെറിയ പദ്ധതി ഉണ്ടാക്കുക. ഒരു ദീർഘമായ പദ്ധതിയും ഉണ്ടാക്കുക. ചെറിയ പദ്ധതിയിൽ നമസ്കാരങ്ങൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകണം. കുറച്ചു ദീനീപരമായ അറിവുണ്ടാകണം. യോഗങ്ങളിൽ ഹാജർനില വർധിപ്പിക്കണം. ജമാഅത്തിന്റെ പ്രവൃത്തികളിൽ അവരെ പങ്കെടുപ്പിക്കണം. ഖുദ്ദാമിനെ കളികളിൽ ചേർക്കുക. ഇപ്രകാരം ഒരു അറ്റാച്ച്മെന്റുണ്ടാകും. സാമ്പത്തികവ്യവസ്ഥിതിയിൽ അവരെ ചേർക്കുക. സാമ്പത്തികത്യാഗത്തിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുക. എം.ടി.എയുടെ പ്രാധാന്യം പറയുകയും എം.ടി.എയുമായി അറ്റാച്ചുണ്ടാക്കുകയും ചെയ്യുക.**

**മുബല്ലിഗുമാർക്ക് സയ്യിദുനാ അമീറുൽമുഅ്മിനീന്റെ നിർദ്ദേശങ്ങളും സുവർണമായ ഉപദേശങ്ങളും**

**യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം ലോകം മുഴുവനും തീർച്ചയായുമെത്തുമെന്ന അതിയായ പ്രതീക്ഷയിലും പോസിറ്റീവായിട്ടുള്ള ചിന്തയിലുമാണ് ഞാനുള്ളത്. തങ്ങൾക്കൊരു സ്രഷ്ടാവുണ്ടെന്നും, ഒരു സർവശക്തനായ അല്ലാഹു ഉണ്ടെന്നും ലോകത്തിന് ബോധമുണ്ടാകണമെന്നതാണ് ഞങ്ങളുടെ ഉദ്ദേശ്യം. പരസ്പരം ആദരിച്ചുകൊണ്ട് ഞങ്ങൾക്ക് ഈ ഉദ്ദേശ്യം കരസ്ഥമാക്കണം; ഖിയാമത്തുന്നാൾവരെ ഈ ഉദ്ദേശ്യം കൈവിടുകയില്ല.**

**( ഹുദൂർ അൻവർ അയ്യദഹുല്ലായുമായി ബി.ബി.സി വേൾഡിന്റെ ജേർണലിസ്റ്റു നടത്തിയ അഭിമുഖം)**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

**2017 ആഗസ്ത് 13 ഞായാഴ്ച:**

ആഗസ്റ്റ് 13 ന് ഓഫീസുപരമായുള്ള കൂടക്കാഴ്ചകളുടെ പരിപാടി പത്തരമണിക്ക് ആരംഭിച്ചു. ഏറ്റവുമാദ്യം യു.കെ. ലജ്ന ഇമാഇല്ലാഹ് സ്വദ്റിന് ഓഫീസുപരമായ കൂടിക്കാഴ്ചയ്ക്കുള്ള അവസരം കിട്ടി. അവർ വിവിധ കാര്യങ്ങളെ സംബന്ധിച്ച് ഹുദൂറിൽനിന്ന് മാർഗദർശനം തേടി.

അതിനുശേഷം ഗാംബിയാ(Gambia)മുബല്ലിഗ് അബദുർറഹ്മാൻ ചാം സാഹിബ് ഓഫീസു സംബന്ധമായ കൂടിക്കാഴ്ച നടത്തി. അദ്ദേഹം ഗാംബിയനാണ്. 2015 ൽ യു.കെ.ജാമിഅ അഹ്മദിയ്യായിൽനിന്ന് ശാഹിദ് പരീക്ഷ പാസായി. ഇപ്പോൾ ഗാംബിയായിൽ താമസിക്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹുത്തആല നിർദേശങ്ങൾ നല്കിക്കൊണ്ടു പറഞ്ഞു: നിങ്ങളുടെ പൊതു സമ്പർക്കം വർധിപ്പിക്കേണ്ടതാണ്. ഇപ്പോൾ ഭരണകൂടം മാറിയിട്ടുണ്ട്. എറ്റവും കൂടുതൽ ആളുകളുമായി ബന്ധമുണ്ടാകേണ്ടതാണ്. ഹുദൂർ പറഞ്ഞു: എം.ടി.എ ആഫ്രിക്കയെ സംബന്ധിച്ച് ആ വകുപ്പിന്റെ ഇൻചാർജിൽനിന്ന് നിർ ദേശങ്ങൾ തേടുക. ഔദ്യോഗികമായി ബന്ധം വെക്കുക. ഹുദൂർ പറഞ്ഞു: ലജ്ന ഇമാഇല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യാ, അൻസ്വാറുല്ലാഹ് അവരവരുടെ വൃത്തത്തിനുള്ളിൽ അവരവരുടെ പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ സ്വതന്ത്രരാണ്. അവർ കാലത്തിന്റെ ഖലീഫയിൽനിന്ന് നേരിട്ട് നിർദേശങ്ങൾ തേടുന്നു. താങ്കൾ ജമാഅത്തംഗം എന്ന നിലയിൽ പണിയെടുപ്പിക്കണം. താങ്കൾ ഖുദ്ദാമിനേയും സഹായിക്കണം. എന്നാൽ, അവരുടെ പ്രവർത്തനങ്ങളിൽ കൈകടത്തരുത്. അവരിൽ നിങ്ങളുടെ അഭിപ്രായം അടിച്ചേൽപിക്കരുത്.

ഹുദൂർ പറഞ്ഞു: യുവതലമുറയെ എജ്യുക്കേറ്റ് ചെയ്യുക. അവരുടെ പരിശീലനത്തിന് പ്രോഗ്രാം തയ്യാറാക്കുക. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞ അവരുടെ മനസ്സിൽ കുടിയിരുത്തുക; നിങ്ങൾ ഈ പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണ്, അതുകൊണ്ട് ത്യാഗം ചെയ്യണമെന്നും പൂർണമായും അനുസരിക്കണമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നും അവരോടു പറയുക. ഹുദൂർ പറഞ്ഞു: മറ്റു കക്ഷികളുമായും ബന്ധമുണ്ടാക്കണം. മനുഷ്യത്വമാണ് പ്രഥമമായിട്ടുള്ളത്. മതത്തിന്റെ കാര്യം ഓരോരുത്തരുടേയും വ്യക്തിപരമായ കാര്യമാണ്. വിശുദ്ധ ഖുർആനിൽ **ലാ ഇക്റാഹ ഫിദ്ദീൻ** എന്ന അധ്യാപനമാണുള്ളത്. താങ്കൾ മനുഷ്യത്വപരമായി എല്ലാവരുമായും ബന്ധം സ്ഥാപിക്കുക. നബി(സ)തിരുമേനി നുബുവ്വത്ത് ലഭിക്കുന്നതിനുമുമ്പേ മറ്റു അറേബ്യൻ നേതാക്കളുമായി ചേർന്ന് ഹൽഫുൽഫുളൂൽ ഉടമ്പടിയിൽ പങ്കെടുത്തിരുന്നു. നുബുവ്വത്ത് സ്ഥാനത്തി അവരോധിതനായതിനുശേഷം ഒരവസരത്തിൽ വീണ്ടും ഇക്കാര്യം വെളിപ്പെടുത്തി; ഈ ഉടമ്പടി വീണ്ടും ഉണ്ടാകുകയാണെങ്കിൽ താനതിൽ ചേരുന്നതാണെന്ന് പറഞ്ഞു. മനുഷ്യകുലത്തിന്റെ ക്ഷേമത്തിനായി എല്ലാവരുമായും ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. യഥാർഥ കാര്യം സദുദ്ദേശ്യത്തോടെ പ്രവർത്തിക്കുക എന്നതാണ്.

അതിനുശേഷം പരിപാടിയനുസരിച്ച് ബെലീസ്(Belize) ജമാഅത്തിന്റെ മുബല്ലിഗ് ഇൻചാർജ് അദ്ദേഹം തന്നെയാണ് പ്രസിഡന്റും, ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. രജിസ്ട്രേഷനെ സംബന്ധിച്ച് മുബല്ലിഗ് ഇൻചാർജ് സാഹിബ് പറഞ്ഞു: ഇതുവരെ ജമാഅത്തിന്റെ രജിസ്ട്രേഷൻ നടന്നിട്ടില്ല. എന്നാൽ, പഴയ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ നമുക്ക് വച്ചുകൊണ്ട് exemption ലഭിച്ചിട്ടുണ്ട്. നമുക്ക് നമ്മുടെ സെന്ററിനും മസ്ജിദിനുംവേണ്ടി സ്ഥലം വാങ്ങാൻ കഴിയും. ഹുദൂർ പറഞ്ഞു: എല്ലാം പരിശോധിച്ച് റിപ്പോർട്ട് അയക്കുക. സ്ഥലം എന്തു വിലയ്ക്കു കിട്ടും, എവിടെയാണ് കിട്ടുക, നഗരത്തിൽനിന്ന് എത്ര ദൂരെയായിരിക്കും. എത്ര സ്ഥലമുണ്ട്. എന്താണ് വില. ഏതു പ്രദേശത്താണ് സ്ഥലമുള്ളത്. തുടങ്ങി എല്ലാകാര്യങ്ങളും വിലയിരുത്തുക. നിങ്ങളുടെ റിപ്പോർട്ട് അയക്കുക. ഹുദൂർ പറഞ്ഞു: എഫ് എം റേഡിയോ നടത്താൻ ലൈസൻസ് ലഭിക്കുകയില്ലേ? അതും അന്വേഷിച്ചറിയുക.

മുബല്ലിഗ് ഇൻചാർജ് പറഞ്ഞു: കനഡ ജാമിഅ അഹ്മദിയ്യായിൽനിന്ന് വിദ്യാർഥികൾ അവധിക്കുവരികയാണെങ്കിൽ ഞങ്ങൾക്ക് ലീഫ് ലെറ്റ് വിതരണം ചെയ്ത് രാജ്യം മുഴുവൻ കവറുചെയ്യാൻ കഴിയുന്നതാണ്.

ഹുദൂർ പറഞ്ഞു: ചെറിയ കസബകളിലും ഗ്രാമങ്ങളിലും പോകുക. ഇപ്രകാരംതന്നെ നഗരത്തിന്റെ സമീപപ്രദേശങ്ങളിലും പോകുക. ഈയാളുകൾ നിഷ്കളങ്കരാണ്. അവരിൽ മതത്തെ അടിസ്ഥാനമാക്കിയുള്ള യാഥാസ്ഥിതികത വളരെ കുറവാണ്. അവരുമായി ബന്ധങ്ങളുണ്ടാക്കുക. സുഹൃത്ത് ബന്ധങ്ങൾ സ്ഥാപിക്കുക. പിന്നീട് തബ് ലീഗിനുള്ള വഴികൾ സ്വയമേവ തുറക്കുന്നതാണ്. കേവലം തബ് ലീഗിനുവേണ്ടി പോകരുത്. ആദ്യം ബന്ധങ്ങളുണ്ടാക്കുക. കൂട്ടുകൂടുക. തബ്‌ലീഗ് പിന്നീട് സ്വയം നടന്നുകൊള്ളും.

നവ അഹ്മദികളെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: നവഅഹ്മദികളെ മൂന്നുവർഷംവരെ ശിക്ഷണത്തിൽ വെക്കുക. അവർക്ക് തർബിയ്യത്തു കൊടുക്കുക. മൂന്നു വർഷത്തിനുശേഷം main streamന്റെ ഭാഗമായിത്തീരുന്നതാണ്. ആറുമാസത്തിനോ ഒരു വർഷത്തിനുശേഷമോ main streamന്റെ ഭാഗമാക്കിയാൽ അകന്നുപോകുന്നതായിരിക്കും. അതുകൊണ്ട് ഇപ്പോൾ അവരെ കീഴിൽവെച്ച് മേൽനോട്ടം നടത്തി അവർക്ക് ശിക്ഷണം നല്കുക. അവരെ ശ്രദ്ധിക്കുക.

ലജ്നയുടെ ക്ലാസുകളെ സംബന്ധിച്ച് പറഞ്ഞു: ലജ്നയുടെ ക്ലാസുകൾ വേറെ നടത്തേണ്ടതാണ്. അവരുടെ തഅ്ലീം തർബിയ്യത്തിനും സംവിധാനമുണ്ടായിരിക്കണം.

ബാസ്കറ്റ് ബോൾ ടൂർണമെന്റിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: ശരി തന്നെയാണ്. നല്ല പരിപാടിയാണ്. സംഘങ്ങൾ വർധിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വർധിപ്പിച്ചുകൊള്ളുക. തബ്‌ലീഗിനുള്ള ഒരു നല്ല മാർഗമായി തീരുന്നതാണ്. ടൂർണമെന്റിന് മെക്സിക്കോയിൽ പോകാനുള്ള ചെലവുകൾ ഔദ്യാഗികമായി നിങ്ങളുടെ വാർഷിക ബജറ്റിൽ ഉൽക്കൊള്ളിക്കുക.

നവഅഹ്മദികളുടെ തഅ്ലീം തർബിയ്യത്തിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: നവഅഹ്മദികൾക്ക് ഒന്നു രണ്ടാഴ്ചത്തെ റെഫ്രർഷർ കോഴ്സ് നടത്തുക. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ സംബന്ധിച്ച് വ്യക്തമായും പറഞ്ഞുകൊടുക്കുക. വരേണ്ടുന്ന മസീഹ് വന്നിരിക്കുന്നുവെന്ന് പറയുക. ആരെയാണോ പ്രതീക്ഷിച്ചിരുന്നത് അത് അവിടന്നാണെന്ന് മനസ്സിലാക്കിക്കൊടുക്കുക. അവിടത്തെ മൌഊ നബിക്കു തുല്യമാണ്. അവിടന്ന് ഛായപരമായ നിലയിൽ നബിയാണ്. ബയ്അത്തുചെയ്യാൻ തയ്യാറാകുന്നവർ അവിടത്തെ വാദം അറിയു

ന്നവരാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തുവാദമാണ് ഉന്നയിച്ചിട്ടുള്ളതെന്ന് അവരറിയണം.

വിവാഹബന്ധങ്ങളെ സംബന്ധിച്ചുള്ള ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു: വിവാഹബന്ധങ്ങളുടെ പ്രശ്നങ്ങൾ എല്ലായിടത്തുമുണ്ട്. മെക്സിക്കൻ സ്പാനിഷ് രാജ്യങ്ങളിലെ ആളുകൾ പരസ്പരം വിവാഹം നടത്താനാണ് ആഗ്രഹിക്കുന്നത്. അവരുടെ വിവാഹങ്ങൾ ഏറ്റവും കൂടുതൽ പരസ്പരം നടത്താൻ ശ്രമിക്കുക. വിവാഹബന്ധത്തെ സംബന്ധിച്ച് കഠിനമായ നിബന്ധനകൾ വെക്കാൻ സാധ്യമല്ല. അവരിൽ ആരും നഷ്ടപ്പെട്ടുപോകാതിരിക്കാൻ അവരോടു മുമ്പത്തേതിനെക്കാൾ കൂടുതൽ നിങ്ങൾക്ക് ബന്ധം വെക്കേണ്ടിവരും.

ഹുദൂർ പറഞ്ഞു: അവരുടെ കുട്ടികൾക്ക് സ്കൂളിൽ സാമ്പത്തിക സഹായം ആവശ്യമുണ്ടെങ്കിൽ നിങ്ങളുടെ ബജറ്റിൽ ഉൾക്കൊള്ളിച്ച് ഇത്ര സഹായം വേണമെന്ന് എഴുതി അയക്കുക. ഒരു അഹ്മദി കുട്ടിയും വിദ്യാഭ്യാസം കൂടാതെ ഇരിക്കരുത്. അതിനുവേണ്ടി ശ്രമിക്കുക.

മുബല്ലിഗ് അന്വേഷിച്ചപ്പോൾ ഹുദൂർ പറഞ്ഞു: ദീൻ പറയുന്നത് മാപ്പു ചെയ്യുക എന്നാണ്. ശീലമായിട്ടുള്ള കുറ്റവാളികളെ നന്നാക്കി എടുക്കുന്നതിനുവേണ്ടി ശിക്ഷിക്കുകയും ചെയ്യുക. യഥാർഥ ഉദ്ദേശ്യം പരിഷ്കരണമാണ്. മാപ്പു കൊടുക്കുന്നതിലൂടെ അല്ലെങ്കിൽ ശിക്ഷിക്കുന്നതിലൂടെ ഏതു രീതിയിലൂടെയാണോ പരിഷ്കരണം സാധ്യമാകുന്നത് ആ മാർഗം സ്വീകരിക്കുക. നമ്മൾ മതപരമായ അധ്യാപനം പറഞ്ഞു കൊടുക്കണം. ആരെങ്കിലും അംഗീകരിക്കാൻ തയ്യാറല്ലെങ്കിൽ അത് അയാളുടെ ഇഷ്ടമാണ്. ഹുദൂർ പറഞ്ഞു:'ഏതെങ്കിലും ആളെ വധിച്ച കുറ്റം ആയിരിക്കും. ഇതുസംബന്ധമായി അല്ലാഹു പറയുന്നത് താൻ കുറ്റവാളിയെ നരകത്തിൽ ഇടുമെന്നാണ്. ജമാഅത്തിന് തഅ്ലീം തർബിയ്യത്തിനുവേണ്ടി മാത്രമേ ശ്രമിക്കാൻ കഴിയുകയുള്ളൂ. പറയാൻ സാധിക്കുകയുള്ളൂ. സർക്കാർ പിടിക്കുകയും ശിക്ഷ നല്കുകയും വേണം. ജീവപര്യന്തം തടവാണെങ്കിൽ അത് നല്കുക. ഇത് സർക്കാറിന്റെ ജോലിയാണ്. ഇപ്പോൾ അവർക്ക് ഇസ്ലാമിക ശിക്ഷാവിധിയിലേക്ക് വരേണ്ടിവരും. കൊലയ്ക്കുപകരം കൊലയാണെങ്കിൽ കുറ്റകൃത്യങ്ങൾ കുറയുന്നതായിരിക്കും.

അതിനുശേഷം സെനഗൽ(Senegal) ജമാഅത്ത് അമീർ ഇദ്ദേഹം ഇൻചാർജ് മുബല്ലിഗുമാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അമീർ സാഹിബ് പറഞ്ഞു: 'നഗരത്തിനു വെളിയിൽ നമ്മുടെ പക്കൽ ഒരു വലിയ സ്ഥലം നമുക്കുണ്ട്. അവിടെ കേന്ദ്രമസ്ജിദും ജമാഅത്ത് സെന്ററും നിർമിക്കാൻ പദ്ധതിയുണ്ട്. ഹുദൂർ പറഞ്ഞു:'പ്ലാനെന്താണെന്നുവച്ചാൽ അതുണ്ടാക്കുക. നിർമാണം വിവിധ phasesകളിൽ ഉണ്ടാക്കേണ്ടതായിവരും. ആർക്കിടെക്റ്റുപോകുകയും സ്ഥലം കാണുകയും പിന്നീട് വിലയിരുത്തുകയും ചെയ്യും. നിങ്ങളുണ്ടാക്കിയിട്ടുള്ള പ്ലാൻ ആർക്കിടെക്റ്റ് വകുപ്പിന് നല്കുക. ഹുദൂർ പറഞ്ഞു: 'ജമാഅത്തുള്ള സ്ഥലങ്ങളിൽ ചെറിയ ചെറിയ മിഷൻഹൗസുകളും മസ്ജിദുകളും നിങ്ങൾക്ക് നിർമിക്കാവുന്നതാണ്. നിങ്ങൾക്ക് സ്ഥലമുണ്ടെങ്കിൽ, അല്ലെങ്കിൽ സ്ഥലം കിട്ടിയിട്ടുണ്ടെങ്കിൽ അവിടെ ചെറിയ മസ്ജിദും മിഷൻഹൗസും നിർമിക്കാൻ എന്തു ചെലവുവരുമെന്ന് പരിശോധിക്കുക.

ഹുദൂർ നിർദേശം നല്കിക്കൊണ്ടു പറഞ്ഞു: നിങ്ങളുടെ ബന്ധങ്ങൾ വർധിപ്പിക്കുക. ഏറ്റവും കൂടുതൽ ഫീൽഡ് വർക്ക് ചെയ്യുക. ഹുദൂർ റേഡിയോസ്റ്റേഷൻ തുടങ്ങുന്നതിനെ സംബന്ധിച്ച് പറഞ്ഞു: നിങ്ങൾ അപേക്ഷ കൊടുക്കുക. എന്നാൽ, ഇതിന് സമയമെടുക്കും. ബുർക്കിനോ ഫാസോക്കാർക്ക് പരിചയമുണ്ട്. എന്തെന്തെല്ലാം ആവശ്യമുണ്ടെന്ന് അവർ നിങ്ങൾക്കു പറഞ്ഞുതരും;എങ്ങനെ ഇൻസ്റ്റാൾ ചെയ്യണമെന്നും.

ഹുദൂർ പറഞ്ഞു: കൂടുതൽ മുബല്ലിഗുമാർ വേണമെന്ന നിങ്ങളുടെ ആവശ്യം എഴുതി തബ്ശീറിന് കൊടുക്കുക. ഹുദൂർ ട്രാൻസ്പോർട്ടിന്റെ ആവശ്യകതയെ സംബന്ധിച്ചും ചില സംഘടനാപരമായ നിർദേശങ്ങൾ നല്കി.

(തുടരും)

(- പേജ് 1ൽ നിന്ന്)

ആഗ്രഹിക്കുന്നു. ഓരോ ശത്രുവും അവർക്കെതിരിൽ പല്ലു ഞെരിക്കുന്നു. എന്നാൽ, അവരുടെ മിത്രമായ ദൈവം നാശത്തിന്റെ ഓരോ സ്ഥലത്തുനിന്നും അവരെ സംരക്ഷിക്കുന്നു. എല്ലാ രംഗങ്ങളിലും അവർക്ക് വിജയം നല്കുന്നു. ആ ദൈവത്തിന്റെ കോന്തല വിടാത്തവൻ എത്രമാത്രം ഭാഗ്യവാനാണ്. നാം അവനിൽ വിശ്വസിച്ചിരിക്കുന്നു. നാം അവനെ തിരിച്ചറിഞ്ഞിരിക്കുന്നു. എന്നിൽ വെളിപാടിറക്കിയവനാണ് സർവ്വലോകത്തിന്റേയും ദൈവം. അവനാണ് എനിക്കുവേണ്ടി ശക്തിമത്തായ അടയാളം കാണിച്ചിട്ടുള്ളത്. അവൻ എന്നെ ഇക്കാലത്ത് വാഗ്ദത്ത മസീഹായി അയച്ചു. അവനല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല, ഭൂമിയിലുമില്ല. അവനിൽ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായതയിൽ കുടുങ്ങിയവനുമാണ്. നമ്മുടെ ദൈവത്തിന്റെ സൂര്യപ്രകാശംപോലെ വെളിമയാർന്ന വെളിപാട് നാം പ്രാപിച്ചു. നാം അവനെ കണ്ടു. ലോകത്തിന്റെ ദൈവം അവൻ മാത്രമാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. നാം കണ്ട ആ ദൈവം എത്രമാത്രം സർവ്വശക്തനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമാണ്. നാം കണ്ടത് എത്രമാത്രം ശക്തിപ്രഭാവങ്ങളുടെ ഉടമസ്ഥനെയാണ്. സത്യമെന്താണെന്നുവെച്ചാൽ അവന്റെ മുമ്പിൽ അസംഭവ്യമായിട്ടൊന്നും തന്നെയില്ല. എന്നിരുന്നാലും അവൻ തന്റെ ഗ്രന്ഥത്തിനോ വാഗ്ദാനത്തിനോ എതിരായി ഒന്നുംതന്നെ ചെയ്യുന്നില്ല.

അതുകൊണ്ട് നിങ്ങൾ പ്രാർഥിക്കുമ്പോൾ അജ്ഞരായ പ്രകൃതിവാദികളെപ്പോലെ ആയിത്തീരരുത്. അവർ അവരുടെ സ്വന്തം ചിന്തയാൽ ഒരു നിയതിനിയമം ഉണ്ടാക്കിയിരിക്കുകയാണ്. അതിൽ ദൈവഗ്രന്ഥത്തിന്റെ മുദ്രയില്ല. അവർ ബഹിഷ്കൃതരാണ്. അവരുടെ പ്രാർഥനകൾ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. അവർ അന്ധരാണ്. കാഴ്ചയുള്ളവരല്ല. അവർ മരിച്ചവരാണ്. ജീവനുള്ളവരല്ല. അവർ അവരുടെ സ്വയംകൃത നിയമം ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അവന്റെ സീമാതീതമായ കഴിവുകൾക്ക് അതിർവരമ്പിടുന്നു. അവനെ ബലഹീനനായി മനസ്സിലാക്കുന്നു. അവരുടെ അവസ്ഥപോലെ അവൻ അവരോടു പെരുമാറുന്നതായിരിക്കും. എന്നാൽ, നീ പ്രാർഥനക്കായി എഴുന്നേറ്റ് നില്ക്കുമ്പോൾ നിന്റെ ദൈവം എല്ലാ ഓരോ വസ്തുക്കളുടേയുംമേൽ സർവ്വശക്തനാണെന്ന ദൃഢവിശ്വാസം വെച്ചുപലർത്തേണ്ടത് നിനക്ക് അനുപേക്ഷണീയമാണ്. അപ്പോൾ നിന്റെ പ്രാർഥന സ്വീകരിക്കപ്പെടും. അങ്ങനെ ഞാൻ കണ്ടതുപോലുള്ള ദൈവികശക്തിയുടെ അത്ഭുതപ്രതിഭാസങ്ങൾ നീ കാണുന്നതാണ്. നമ്മുടെ സാക്ഷ്യം ദർശനത്തിലൂടെ ഉള്ളതാണ്. കഥ എന്ന നിലയിലുള്ളതല്ല.'(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 18 –21)

## ലാ വസ്വിയ്യത്ത ലിവാരിഥിൻ

### (അനന്തരാവകാശിക്ക് വസ്വിയ്യത്ത് ചെയ്യൽ നിഷിദ്ധമാണ്)

അതായത് മകൻ, പിതാവ്, ഭാര്യ എന്നിവരെപ്പോലെ സ്വയം ശരീഅത്തുപരമായി അനന്തരാവകാശിയായിട്ടുള്ളവൻ കൂടുതൽ വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്. ഇസ്ലാമിക ധർമശാസ്ത്രം സ്വയം ഓഹരി നിശ്ചയിച്ചിട്ടുള്ളവൻ അനന്തരാവകാശ സ്വത്തിനെക്കാളധികം വസ്വിയ്യത്ത് ചെയ്യുന്നത് അനുവദനീയമല്ലാത്തതാണ്. അനന്തരാവകാശി അല്ലാത്തവർക്ക് ഉദാഹരണത്തിന് സഹോദരി, സഹോദരൻ, പൗത്രൻ എന്നിവർക്കുവേണ്ടി മൂന്നിലൊന്ന് സ്വത്തിൽനിന്ന് വസ്വിയ്യത്ത് ചെയ്യാവുന്നതാണ്. (അർബഈനെ അത്ഫാൽ തയ്യാറാക്കിയത് മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് (റ))

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

### ത്വാലിബെ ദുആ:

**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

### ത്വാലിബെ ദുആ:

**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

### ത്വാലിബെ ദുആ:

**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:-

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

### ത്വാലിബെ ദുആ:

**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# സത്യത്തിന്റെ വഴി

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

### വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

അല്ലാഹുവിനുവേണ്ടി മാത്രം ചില കാര്യങ്ങൾ കുറഞ്ഞ നിലയിൽ ഉപദേശിക്കുകയാണ്. വിസ്തരിച്ചു പറയേ ണ്ട കാര്യമില്ല. കാരണം അല്ലാഹു നന്മയും ശുദ്ധപ്രകൃതിയും നല്ല കഴിവും നല്കി അനുഗ്രഹിച്ചിട്ടുള്ളവർ സൂചന കൊണ്ടുമാത്രം പറയുന്ന കാര്യങ്ങളുടെ യഥാർഥ ഉദ്ദേശ്യവും പൊരുളും മനസ്സിലാക്കുകയും അത് ഉൾക്കൊള്ളുകയും ചെയ്യും. എന്നാൽ, പ്രസ്തുത ഗുണം ലഭിച്ചിട്ടില്ലാത്തവരും അല്ലാഹുവിന്റെ സത്തയിലും ശക്തിയിലും അടിയുറച്ചു വിശ്വാസമില്ലാത്തവരും സ്വന്തം ഇച്ഛകളെ പിൻപറ്റുന്നു. അവർ അധമമായ അവസ്ഥയിൽ കഴിയുന്നവരാണ്. എല്ലാ പ്രവാചകന്മാരും ഒന്നുചേർന്ന് ഒരേയൊരു മിമ്പറിൽ കയറി അവരെ ഉപദേശിച്ചാലും അവർക്കത് ഒരു പ്രയോജനവും ചെയ്യുകയില്ല.

**സത്സ്വഭാവികളാകുക:**

ഓരോ നബിയുടേയും ദൈവനിയോഗിതന്റേയും കാലത്ത് രണ്ട് കക്ഷികൾ ജന്മംകൊള്ളാറുണ്ട്. ഒരു കക്ഷി ഭാഗ്യവാന്മാരാണ്, മറ്റേ കക്ഷി ഭാഗ്യഹീനരാണ്. ഉപദേശനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇരുകൂട്ടരും ഒരുപോലെ നബിമാരുടെ മുമ്പിലുണ്ടായിരുന്നു. നബിമാർ ഒരിക്കലും പക്ഷപാതം കാണിച്ചില്ല. ഭാഗ്യവാന്മാരോടെന്നപോലെ നിർഭാഗ്യവാന്മാരോടും ഉപദേശിക്കുക എന്ന തങ്ങളുടെ കടമ അവർ പൂർണമായ നിലയിൽ നിറവേറ്റി. എന്നാൽ, ഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയുണ്ടായിരുന്നു. അതുകൊണ്ട് അവർ കേട്ടു. കണ്ണുകളുണ്ടായിരുന്നു. അതുകൊണ്ട് അവർ കണ്ടു. ഹൃദയമുണ്ടായിരുന്നു. അതുകൊണ്ട് അവർ കാര്യങ്ങൾ മനസ്സിലാക്കി. എന്നാൽ, നിർഭാഗ്യവാന്മാരായ ജനതയ്ക്ക് കേൾക്കാനുള്ള ചെവിയോ കാണാനുള്ള കണ്ണോ അറിയാനുള്ള ഹൃദയമോ ഉണ്ടായിരുന്നില്ല.

**മക്കയിൽ അബൂബക്കറിനെപ്പോലുള്ള സത്യസന്ധരും അബൂജഹ്‌ലിനെ പോലുള്ള ശപ്തരും ജനിച്ചത് എന്തുകൊണ്ട്?**

മക്കയുടെ മണ്ണ് ഒരൊറ്റ മണ്ണാണ്. ആ മണ്ണിലാണ് ഹദ്റത്ത് അബൂബക്കറും(റ) അബൂജഹ്‌ലും ജനിച്ചത്. മക്കയ്ക്ക് ഒരു മാറ്റവുമില്ല. അത് ഒന്നുതന്നെ. അവിടെ ഇപ്പോൾ കോടിക്കണക്കിന് നാനാതരം ജനങ്ങൾ ലോകത്തിന്റെ സർവ്വഭാഗങ്ങളിൽനിന്നും വന്നുചേരുന്നു. ആ ഒരേയൊരു മണ്ണിൽതന്നെയാണ് മുകളിൽപറഞ്ഞ രണ്ടുതരം മനുഷ്യരും ജനിച്ചത്. ഇവരിൽ ആദ്യം പറഞ്ഞ വ്യക്തി തന്റെ സൗഭാഗ്യവും സാത്വികതയും കൊണ്ട് സന്മാർഗം പ്രാപിച്ച് സിദ്ദീഖുമാരുടെ പരിപൂർണത കൈവരിച്ചു. രണ്ടാമതു പറഞ്ഞ വ്യക്തിയാകട്ടെ വിദ്വേഷത്തിലും, വിവരക്കേടിലും, വിതണ്ഡവാദത്തിലും അവിശുദ്ധ പോരാട്ടത്തിലും കുപ്രസിദ്ധി നേടി.

പൂർണത രണ്ടു തരത്തിലുണ്ട്. ഒന്ന് റഹ്മാനിയായത്- ദിവ്യമായത്. രണ്ട് ശയ്ത്വാനിയായത്- പൈശാചികമായത്. പൂർണമായും റഹ്മാനിയായ മനുഷ്യൻ ദൈവിക സന്നിധിയിൽ പ്രത്യേകമായ ഒരു പ്രസിദ്ധിയും മാന്യതയും കരസ്ഥമാക്കുന്നു. പൂർണമായും ശയ്ത്വാനിയായ മനുഷ്യൻ പിശാചുക്കളുടെ സന്താനങ്ങളിൽ പ്രസിദ്ധി നേടുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ പറഞ്ഞ ആ ഒരേ മണ്ണിൽ ഈ രണ്ടുപേരും ജാതരായി. അല്ലാഹുവിന്റെ പ്രവാചകൻ(സ.അ) ആരോടും ഒരു വിവേചനവും കാണിച്ചില്ല. അല്ലാഹു എത്തിക്കാൻ കല്പിച്ച കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെ എത്തിച്ചുകൊടുത്തു. എന്നാൽ, ഭാഗ്യദോഷികൾ എല്ലാം നിഷേധിക്കുന്നവരായിത്തീർന്നു. ഭാഗ്യശാലികൾ സന്മാർഗം പ്രാപിച്ച് സമ്പൂർണരായി. അബൂജഹ്‌ലും അയാളുടെ കൂട്ടുകാരും നൂറുക്കണക്കിന് ദൃഷ്ടാന്തങ്ങൾ കണ്ടു. ദൈവികപ്രകാശവും അനുഗ്രഹവും ദർശിക്കുകയും ചെയ്തു. പക്ഷേ, അതുകൊണ്ട് ഒരു ഫലവും അവർക്കുണ്ടായില്ല. ഭയപ്പെടേണ്ടത് ഇത്തരം ഘട്ടങ്ങളിലാണ്. അബൂജഹ്‌ലിനെ നിഷേധിയാക്കിത്തീർത്ത ആ സംഗതി എന്തായിരുന്നു? അയാൾ മഹാനായ ഒരു നബിയുടെ കാലത്ത് ജീവിച്ചു. നബിമാർപോലും അക്കാലത്ത് ജീവിക്കാൻ അതിയായി ആഗ്രഹിച്ചവരായിരുന്നു. ഹദ്റത്ത് ആദം(അ) മുതൽ തുടർന്നുവന്ന ഓരോ നബിമാരുടേയും ആഗ്രഹം അതായിരുന്നു. എന്നാൽ, അവർക്കാർക്കും അക്കാലത്തു ജനിക്കാൻ കഴിഞ്ഞില്ല. സകല കാലത്തെക്കാളും അനുഗൃഹീതമായിരുന്ന ആ കാലം ഈ ഭാഗ്യഹീനന് ലഭിച്ചു. പക്ഷേ, അയാൾ അതിനെ പ്രയോജനപ്പെടുത്തിയില്ല. ഇതിൽനിന്ന് ഇത് ഭയപ്പെടേണ്ട ഒരു അവസ്ഥയാണെന്ന കാര്യം വളരെ വ്യക്തമാണ്. അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും കേൾക്കുന്നതിനുള്ള ചെവിയും മനസ്സിലാക്കുന്നതിനുള്ള മനസ്സും ഉണ്ടാകാത്തിടത്തോളം ആർക്കും ഒരു നബിയിൽനിന്നും ദൈവനിയോഗിതനിൽനിന്നും ഒരു ഫലവുമെടുക്കാൻ സാധിക്കുകയില്ല.

ഞാൻ വീണ്ടും പറയട്ടെ, പ്രകൃതിയിൽ രണ്ടുവിഭാഗം ജനങ്ങളുണ്ട്. ഒരു കൂട്ടരുടെ ആന്തരികശക്തി പരിശുദ്ധമായിരിക്കും. നിറഞ്ഞ അത്തർ കുപ്പിപോലെ, ഗുണവും സന്മാർഗവും പ്രാപിക്കുന്നതിനുള്ള വാസന അവരിൽ നിറഞ്ഞിരിക്കും. ജ്വലിച്ചെരിയാൻ എണ്ണയും തിരിയുമെല്ലാം അവരിൽ ഗുപ്തമായിട്ടുണ്ടാകും. ഒരു ചെറുതീപ്പൊരി മാത്രമേ ആവശ്യമുള്ളൂ. ഒരു പൊരി വീണാൽ, അതുമതി അത് തെളിഞ്ഞു കത്താൻ.

അതായിരുന്നു ഹദ്റത്ത് അബൂബക്കർ(റ). അദ്ദേഹത്തിന്റെ പ്രകൃതിയിൽ ആദ്യമേതന്നെ സൗഭാഗ്യത്തിന്റെ എണ്ണയും തിരിയുമുണ്ടായിരുന്നു. അതുകൊണ്ട് ആദരണീയനായ പ്രവാചകൻ(സ)ന്റെ പരിശുദ്ധ അധ്യാപനം അതിനെ ഹഠാൽ ആകർഷിക്കുകയും പ്രോജ്വലിപ്പിക്കുകയും ചെയ്തു. അദ്ദേഹം പ്രവാചകൻ(സ)നോട് ഒരു ചർച്ചയും നടത്തിയില്ല. ഒരു ദൃഷ്ടാന്തവും, മുഅ്ജിസത്തും ചോദിച്ചില്ല. 'അങ്ങ് നുബുവ്വത്ത് വാദിക്കുന്നുണ്ടോ?' എന്നു മാത്രം ചോദിച്ചു. ' ഉണ്ട് ' എന്ന് നബി(സ)തിരുമേനി പ്രതിവചിച്ചപ്പോൾ, 'അങ്ങ് സാക്ഷി, ഞാൻ ആദ്യമായി അങ്ങയിൽ വിശ്വസിക്കുന്നു' എന്നു പറഞ്ഞു.

ചോദ്യം ചോദിച്ച് നടക്കുന്നവർ അപൂർവ്വമായിട്ടേ വിശ്വസിക്കുകയുള്ളൂ എന്നത് പരീക്ഷണത്തിലൂടെ തെളിഞ്ഞിട്ടുള്ള കാര്യമാണ്. എന്നാൽ, സദുദ്ദേശ്യത്തോടും ക്ഷമയോടും കൂടി പ്രവർത്തിക്കുന്നവർ സന്മാർഗത്തിൽ പൂർണമായും ഭാഗഭാക്കാകും. ഇതിന്റെ മാതൃക ഹദ്റത്ത് അബൂബക്കർ(റ)ലും അബൂജഹ്‌ലിലുമുണ്ട്. ഹദ്റത്ത് അബൂബക്കർ(റ) അശേഷം സംശയം പ്രകടിപ്പിച്ചില്ല. ദൃഷ്ടാന്തം ചോദിച്ചതുമില്ല. എന്നാൽ, ദൃഷ്ടാന്തം ചോദിച്ച് നടന്നവർക്ക് കൊടുക്കാതിരുന്നത് അല്ലാഹു അദ്ദേഹത്തിന് കൊടുത്തു. അദ്ദേഹം ദൃഷ്ടാന്തത്തിനുമേൽ ദൃഷ്ടാന്തം കണ്ടു. അദ്ദേഹം തന്നെയും ഒരു മഹത്തായ ദൃഷ്ടാന്തമായിത്തീർന്നു. എന്നാൽ, അബൂജഹ്ൽ ദൃഷ്ടാന്തം ചോദിക്കുകയും സംവാദമുന്നയിക്കുകയും ചെയ്തു. അക്രമപ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. അയാൾ ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടാന്തങ്ങൾ കണ്ടു. പക്ഷേ, അവയെ എങ്ങനെ കാണണമായിരുന്നുവോ അതുപോലെ കണ്ടില്ല. അവസാനം അയാൾ മറ്റുള്ളവർക്ക് ഒരു ദൃഷ്ടാന്തമായിത്തീരുമാറ് ശത്രുവായിത്തന്നെ നശിക്കുകയും ചെയ്തു. ഇതിൽനിന്ന്, വിശ്വാസത്തിന്റെ പ്രകാശമുള്ള പ്രകൃതക്കാർക്ക് അധികം പറഞ്ഞു കൊടുക്കേണ്ട ആവശ്യമില്ലെന്നത് വളരെ വ്യക്തമാണ്. അവർക്ക് ലക്ഷ്യം പ്രാപിക്കാൻ ഒരേയൊരു വാക്കുമതി. അവരുടെ ഹൃദയത്തിൽ ഒരു വിളക്കുണ്ട്. ശബ്ദം കേട്ടയുടൻ അത് തെളിയാൻ തുടങ്ങും. അവരിലെ ദൈവികശക്തി ആ ശബ്ദംകേട്ട് തുടിക്കുകയും വളർന്നു തുടങ്ങുകയും ചെയ്യുന്നു. ഇങ്ങനെയൊരു ശക്തിയില്ലാത്തവർ നിഷേധികളായി നാശമടയുന്നു. ലോകാരംഭം മുതൽ നടന്നുവരുന്ന രീതി ഇതുതന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഓരോരുത്തരും ഭയപ്പെടേണ്ടതുണ്ട്. ജനനന്മയ്ക്കായി ഏതെങ്കിലും കാലത്ത് ദൈവനിയോഗിതൻ ജന്മമെടുക്കുമ്പോൾ, ആ ദൈവനിയോഗിതനെ സ്വീകരിക്കാനും വിശ്വസിക്കാനും തയ്യാറാകുന്നവർ അനുഗൃഹീതരാണ്. എന്നാൽ, തന്റെ ഹൃദയം നിഷ്ഠൂരമായി കാണുന്നവരും വിശ്വാസത്തിന്റെ മാർഗം നിഷേധിക്കുന്നവരും അത് അശുഭപര്യവസാനത്തിന്റെ അടയാളവും നിർഭാഗ്യതയുടെ കാരണവുമാണെന്നു കരുതി ഭയപ്പെടേണ്ടതാണ്.

**അതീവരഹസ്യമായ കാര്യം**

സത്യവിശ്വാസം സ്വീകരിക്കാനാവശ്യമായ ദൃഷ്ടാന്തങ്ങളും തെളിവുകളും കണ്ടിട്ടും അവയെ വിശ്വസിക്കാത്തവരുടേയും സന്മനസ്സോടെയും ക്ഷമയോടെയും പ്രവർത്തിക്കാത്തവരുടെയും സത്യമാർഗത്തെ നിഷേധിക്കാൻ അവസരം പാർത്തിരിക്കുന്നവരുടെയും സ്ഥിതി കഷ്ടം തന്നെയാണ്. എത്ര വലിയ ദൃഷ്ടാന്തം അവർക്കുണ്ടായാലും അവർക്കത് പ്രയോജനം ചെയ്യില്ല. അവർക്ക് ഒരേയൊരു ചിന്തയേ ഉണ്ടാകൂ;എങ്ങനെ ഇവയൊക്കെ എതിർക്കണം എന്നതായിരിക്കുമത്. അത്തരക്കാർ അത് ഭാഗ്യഹീനരുടെ സമ്പ്രദായമാണെന്ന് മനസ്സിലാക്കി ഭയപ്പെടേണ്ടതാണ്. നന്മയെ ഉപദേശിച്ചും തിന്മയെ നിഷേധിച്ചും ഈ സംഘം ഒരിക്കലും ഫലമെടുത്തിട്ടില്ല. അല്ലാഹുവിന്റെ സന്ദേശം അവർ കേട്ടപ്പോൾ, അല്ലാഹുവിൽനിന്ന് നിയോഗിതനായ വ്യക്തിയുടെ ശബ്ദം അവരുടെ ചെവിയിൽ പതിഞ്ഞപ്പോൾ അതിനെതിരെ പോരാടാൻ അവർ എഴുന്നേറ്റുനിന്നു. തലതിരിഞ്ഞ ചിന്തയും അറുപിശുക്കും അനാവശ്യമായ ശത്രുതയും കാരണം ദൈവികമാർഗത്തെ തടയാനുള്ള ഗൂഢാലോചനയിലും അവർ മുഴുകി. അതിലവർ പുരോഗമിക്കുകയും ഒടുക്കം അത് വൻപോരാട്ടത്തിലേക്കും സംഘട്ടനങ്ങളിലേക്കും യുദ്ധങ്ങളിലേക്കുതന്നെയും വഴിപ്പെടുകയും ചെയ്തു. സ്വന്തം നാശത്തിന്റെ കുഴി സ്വയം തോണ്ടുകയായിരുന്നു അവർ.

നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അവസ്ഥയാണിത്. ഒരു കൂട്ടർ സത്യവിശ്വാസത്തിൽ അഭിവൃദ്ധിപ്പെട്ടു. ദൈവിക കല്പനക്ക് വിധേയരായി ആടുമാടുകളെപോലെ അറുക്കപ്പെട്ടു. ഭാര്യയും കുട്ടികളും എന്താകുമെന്ന ചിന്തയൊന്നും അവർക്കുണ്ടായില്ല. സ്നേഹത്തിന്റെ ലഹരിപാനീയം അല്പം അവരെ കുടിപ്പിച്ചു. തൽഫലമായി അവർ ലൗകീകമായി ഒന്നും പരിഗണിക്കാതെ സ്വന്തം ജീവൻപോലും ബലികൊടുത്തു. എങ്ങനെ അവർ നബി(സ)തിരുമേനിയെ ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു എന്ന് കാണുമ്പോഴാണ് അവരുടെ ഈ അത്ഭുതസിദ്ധി മനസ്സിലാക്കാൻ കഴിയുക.

ബയ്അത്ത് ചെയ്ത് അതായത്, അനുസരണപ്രതിജ്ഞ ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുന്നത് കൊണ്ടുമാത്രം അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കാൻ കഴിയുമെന്ന് ആരും കരുതരുത്! അതൊരു പുറന്തോടാകുന്നു. അതിനുള്ളിൽ കാമ്പ് വേണം. അതു പ്രകൃതിനിയമമാണ്. എല്ലാറ്റിലും പുറന്തോടുണ്ടാകും.

പ്രയോജനപ്പെടുന്നത് അതിനകത്തുള്ള കാമ്പായിരിക്കും.

കാറ്റുനിറഞ്ഞ കോഴിമുട്ടപോലെ കാമ്പില്ലാതായ ചിലതും ഉണ്ടാകാറുണ്ട്. അതിൽ മഞ്ഞക്കരുവോ വെള്ളക്കരുവോ കാണുകയില്ല. വലിച്ചെറിയുകയേ നിവൃത്തിയുള്ളൂ. ചിലപ്പോൾ ഏതാനും സമയത്തേക്ക് അതുകൊണ്ട് കുട്ടികൾക്ക് കളിക്കാമായിരിക്കാം. അതിൽ കവിഞ്ഞ് അതിനെക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല. അതുപോലെ ബയ്അത്തിന്റേയും വിശ്വാസത്തിന്റേയും വാദം ഉന്നയിക്കുന്ന ആൾ അവ രണ്ടിന്റേയും കാമ്പ് ഉൾക്കൊള്ളുന്നില്ലെങ്കിൽ കാമ്പ് നഷ്ടപ്പെട്ട മുട്ടപോലെ വലിച്ചെറിയപ്പെടുന്ന നേരം വന്നെത്തുന്നതാണ്. അതുകൊണ്ട് അത്തരക്കാർ ഭയക്കേണ്ടതാണ്.

**ബയ്അത്തിന്റെ കാമ്പ്:**

ബയ്അത്തിന്റേയും ഈമാനിന്റേയും അവകാശവാദം പുറപ്പെടുവിക്കുന്നവർ തങ്ങൾ പുറന്തോടാണോ കാമ്പാണോ എന്ന് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. സത്യവിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും വിശ്വാസാദർശത്തിന്റേയും ശിഷ്യത്വത്തിന്റേയും ഇസ്‌ലാമിന്റേയും അനുസരണപ്രതിജ്ഞയുടേയും കാമ്പില്ലാത്ത വാദം നിരർഥമാണ്. അല്ലാഹുവിന്റെ തിരുസന്നിധിയിൽ കാമ്പിനാണ് വില; പുറന്തോടിനല്ല. ഇക്കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. മരണം എപ്പോൾ വന്നെത്തുമെന്ന് ആർക്കും അറിയില്ല. പക്ഷേ, അത് സുനിശ്ചിതമാണ്! കേവലം വാദത്തിൽ ഒരിക്കലും തൃപ്തനായിരിക്കരുത്. സന്തോഷിക്കുകയുമരുത്. മനുഷ്യൻ തന്നിലേക്ക് നിരവധി മരണം വരിക്കാത്തിടത്തോളം അത് ഫലം ചെയ്യുന്ന വസ്തുവല്ല. അനേകം മാറ്റങ്ങളിലൂടേയും വിപ്ലവങ്ങളിലൂടേയും പുറത്ത് വരാത്തിടത്തോളം അവൻ മനുഷ്യത്വത്തിന്റെ യഥാർഥ ഉദ്ദേശ്യത്തെ പ്രാപിക്കുകയുമില്ല.

**ഇൻസാൻ എന്നതിന്റെ അർഥം**

'ഇൻസാൻ' എന്ന പദം വാസ്തവത്തിൽ 'ഉൻസാൻ' എന്ന പദത്തിൽനിന്ന് എടുക്കപ്പെട്ടതാണ്. അതായത് ഏതൊന്നിലാണോ രണ്ട് യഥാർഥമായ സ്നേഹം കുടികൊള്ളുന്നത് അതാണ് 'ഉൻസാൻ'. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം. രണ്ടാമത്തേത് സമസൃഷ്ടികളോടുള്ള സ്നേഹം. ഈ രണ്ട് സ്നേഹവും അവനിൽ ഉണ്ടാകുമ്പോഴാണ് അവൻ മനുഷ്യൻ എന്ന് പറയപ്പെടുന്നത്. ഇതുതന്നെയാണ് മനുഷ്യന്റെ കാമ്പ് എന്നു പറയപ്പെടുന്നതും! ഈ സ്ഥാനത്ത് മനുഷ്യൻ ഉലുൽ അൽബാബ് - ബുദ്ധിമാൻ എന്നും പറയപ്പെടുന്നു! ഇതില്ലെങ്കിൽ അവൻ ഒന്നുമല്ല. ആയിരക്കണക്കിന് വാദം പുറപ്പെടുവിച്ചാലും അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ നബിയുടേയും പക്കൽ അതെല്ലാം പൊള്ളയായിരിക്കും.

**നബിയുടെ മാതൃക**

മനുഷ്യരെല്ലാം മാതൃകയെ ആശ്രയിക്കുന്നവരാണെന്ന കാര്യം ഓർക്കേണ്ടതാണ്. ആ മാതൃക പ്രവാചകന്മാരാണ്. മരങ്ങളിൽപോലും ദൈവവചനം എഴുതിപ്പിടിപ്പിക്കാൻ ശക്തിയുള്ളവനാണ് അല്ലാഹു. എന്നാൽ, അവൻ പ്രവാചകന്മാരെ നിയോഗിച്ചു. അവർ മുഖേന ദൈവവചനം ഇറക്കി. അതിന്റെ രഹസ്യം അല്ലാഹുവിന്റെ ദിവ്യതേജസ്സ് മനുഷ്യൻ കാണുക എന്നതായിരുന്നു. അത് വെളിപ്പെടുന്നത് പ്രവാചകന്മാരിലൂടെയാണ്.

**പ്രവാചകന്മാർ ഈശ്വരതയുടെ പ്രതീകങ്ങൾ**

പ്രവാചകന്മാർ ഈശ്വരതയുടെ പ്രതീകങ്ങളും ദൈവത്തെ പ്രദർശിപ്പിക്കുന്ന വ്യക്തികളുമാണ്. യഥാർഥ മുസൽമാനും വിശ്വാസിയും ആയിട്ടുള്ളവരാകട്ടെ, പ്രവാചകന്മാരുടെ പ്രതീകങ്ങളുമാണ്! ഈ രഹസ്യം സ്വഹാബത്ത് നലവണ്ണം മനസ്സിലാക്കിയിരുന്നു. അവർ നബി(സ)തിരുമേനിയുടെ അനുസരണത്തിൽ തങ്ങളിൽ ഒന്നും അവശേഷിക്കാത്തവിധം ലയിച്ചു. ആ ലയനലോകത്താണ് അവരെ സർവ്വരും കണ്ടിരുന്നത്. ഓർക്കുക, ആദരണീയരായ സ്വഹാബിമാരിൽ ഉണ്ടായിരുന്നതുപോലുള്ള ലയനവും അനുസരണവും ആത്മപരിത്യാഗവും ഇക്കാലത്തും ഉണ്ടാകുന്നില്ലെങ്കിൽ ശിഷ്യഗണങ്ങളിലും വിശ്വാസികളിലും തങ്ങളും പ്രവേശിച്ചിരിക്കുന്നുവെന്നുള്ള വാദം നിരർഥമാണ്. അല്ലാഹു നിങ്ങളിൽ കുടിയിരിക്കുകയും അല്ലാഹുവിന്റെ അടയാളങ്ങൾ നിങ്ങളിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യാത്തിടത്തോളം സാത്താനികശക്തിയുടെ സ്വാധീനം നിങ്ങളിൽ പ്രകടമാകുമെന്ന കാര്യം നിങ്ങൾ നല്ലവണ്ണം ഓർത്തുകൊള്ളുക.

**രണ്ടുതരം ക്ഷണം**

കളവ്, ക്രമരാഹിത്യം, കുടിലവിചാരം, കൊലപാതകം, ലൗകികാസക്തി, ദുരഹങ്കാരം തുടങ്ങിയ അധമമാർഗങ്ങളിലേക്ക് ശയ്ത്വാൻ ക്ഷണിക്കുന്നു. അല്ലാഹു ക്ഷണിക്കുന്നതാകട്ടെ, സൽസ്വഭാവം, സഹനം, അല്ലാഹുവിലുള്ള സായൂജ്യം, ആത്മാർഥത, സത്യവിശ്വാസം, ജീവിതവിജയം എന്നിവയിലേക്കാണ്. ഈ രണ്ടു ക്ഷണങ്ങളുടേയും ഇടയ്ക്കാണ് മനുഷ്യനുള്ളത്. പിന്നെ സൽപ്രകൃതിയും സൗഭാഗ്യത്തിന്റെ ബീജവും കുടിക്കൊള്ളുന്ന വ്യക്തി, ശയ്ത്വാനിന്റെ ആയിരക്കണക്കിന് ക്ഷണവും പ്രലോഭനവും ഉണ്ടായാലും സൽബീജത്തിന്റെ ഗുണംകൊണ്ട് അല്ലാഹുവിലേക്കുതന്നെ ഓടിച്ചെല്ലുന്നു. തന്റെ സുഖവും സംതൃപ്തിയും സമാധാനവും അവനിൽനിന്നു തന്നെ അവൻ പ്രാപിക്കുകയും ചെയ്യുന്നു.

**സത്യവിശ്വാസത്തിന്റെ സ്വാധീനം**

ഓരോ വസ്തുവിനും ഓരോ അടയാളമുണ്ട്. സൽപ്രകൃതിയുള്ള മനുഷ്യനിൽ അതിന്റെ അടയാളം കാണുന്നില്ലെങ്കിൽ അവനെ വിശ്വസിക്കാൻ പറ്റുകയില്ല. മരുന്നുകൾ വൈദ്യൻ തിരിച്ചറിയുന്നു. ഔഷധച്ചെടികളിൽ ദീർഘമായ പരീക്ഷണനിരീക്ഷണങ്ങൾക്കുശേഷം കണ്ടെത്തിയ ഗുണവിശേഷങ്ങൾ കാണുന്നില്ലെങ്കിൽ ഒന്നിനും കൊള്ളാത്തവസ്തുവെന്നപോലെ വൈദ്യൻ അതെടുത്തു എറിഞ്ഞുകളയും. ഇപ്രകാരംതന്നെ സത്യവിശ്വാസത്തിനും അടയാളങ്ങളുണ്ട്. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ പല ആവർത്തി ഇതു വ്യക്തമാക്കിയിട്ടുണ്ട്. മനുഷ്യനിൽ ഈമാൻ- സത്യവിശ്വാസം പ്രവേശിച്ചു കഴിഞ്ഞാൽ അതിനോടൊപ്പം അല്ലാഹുവിന്റെ മഹത്ത്വവും അതായത് പരിശുദ്ധമായ പ്രതാപവും ശാക്തികമായ പ്രഭാവവും അതിനേക്കാളുപരി ***ലാ ഇലാഹ ഇല്ലല്ലാഹ്*** എന്ന യഥാർഥമായ കാമ്പും പ്രവേശിക്കുന്നു. എത്രത്തോളമെന്നാൽ, അല്ലാഹുതആല അവനിൽ കുടിയിരിക്കാൻ തുടങ്ങുന്നു. സാത്താനി ക ജീവിതത്തിന് മരണം സംഭവിക്കുന്നു. പാപപ്രകൃതി നശിച്ചൊടുങ്ങുന്നു. പുതിയൊരു ജീവിതത്തിന് സമാരംഭം കുറിക്കുന്നു. അത് റഹ്മാനിയായ- ദിവ്യമായ ജീവിതമാണ്. അല്ലെങ്കിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ പിറന്നുവീണ ആദ്യദിവസം എന്നു പറയാം! പൈശാചിക ജീവിതത്തിന് മരണം സംഭവിക്കുമ്പോൾ ആത്മീയ ജീവിതം പിറക്കുന്നു; കുട്ടി പിറക്കുന്നതുപോലെതന്നെ!

**ഇസ്‌ലാമിന്റെ ദൈവം**


ഈ പിറവയിലേക്ക് സൂചന നല്കിക്കൊണ്ട് വിശുദ്ധ ഖുർആനിലെ ഫാതിഹാ എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

***അൽഹംദുലില്ലാഹി റബ്ബിൽആലമീൻ- അർറഹ്മാനിർറഹീം- മാലിക്കി യൗമിദ്ദീൻ***

സർവ്വലോക പരിപാലകനായ (റബ്ബ്) അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും - പരമകാരുണികൻ(റഹ്മാൻ) കരുണാമയൻ (റഹീം) - പ്രതിഫലം നല്കപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ (മാലിക്ക്).

അല്ലാഹു തന്നെയാണ് ഈ നാല് ഗുണവിശേഷങ്ങളും വിവരിച്ചിട്ടുള്ളത്. അതായത് സകലസ്തുതിയും അടങ്ങിയിട്ടുള്ളവനാണ് അല്ലാഹു. അവനിൽ അടങ്ങിയിട്ടില്ലാത്ത എന്തെങ്കിലും ഒരു ഗുണം വേറെയുണ്ടെന്ന് വിചാരിക്കാനേ സാധ്യമല്ല. എന്നുമാത്രമല്ല, ഔദാര്യവാനായ അല്ലാഹുവിൽ അന്തർലീനമായിരിക്കുന്ന സ്തുതികളും ഗുണവിശേഷങ്ങളും മനുഷ്യന് എണ്ണിത്തിട്ടപ്പെടുത്താനും സാധ്യമല്ല. ലോകത്തിന് ഇസ്‌ലാം സമർപ്പിച്ചിട്ടുള്ള ദൈവം ഒന്നുമാത്രമാണ് പരിപൂർണ്ണനും സത്യസ്വരൂപനുമായവൻ. അതുകൊണ്ട് വിശുദ്ധഖുർആൻ ***അൽഹംദുലില്ലാഹി*** എന്ന പദങ്ങളോടെ സമാരംഭിച്ചു. എന്തെങ്കിലുമൊക്കെ ന്യൂനതകളുള്ള ദൈവങ്ങളെയാണ് മറ്റുള്ള ജനതകളും ഗ്രന്ഥങ്ങളും സമർപ്പിക്കുന്നത്. ചില ദൈവങ്ങൾക്ക് കൈകളില്ല. ചിലതിന് ചെവികളില്ല. ചില ദൈവങ്ങൾ ഊമകളാണ്. ചുരുക്കിപറഞ്ഞാൽ എന്തെങ്കിലും ന്യൂനതയോ രോഗമോ അവയ്ക്കുണ്ട്. ഉദാഹരണത്തിന്, ക്രിസ്ത്യാനികൾ ഉണ്ടാക്കിവച്ചിരിക്കുന്ന ദൈവം! 1900 വർഷം ഈ കൃത്രിമദൈവത്തിൽ അവർ കഴിഞ്ഞുകടന്നു. ഇതുമില്ലായിരുന്നെങ്കിൽ അവരുടെ കൈയിൽ ഒന്നും അവശേഷിക്കുമായിരുന്നില്ല. ഇപ്പോഴും ഈ മതം വെറുമൊരു അസഭ്യ കാര്യത്തിലാണ് നിലനിൽക്കുന്നത്. മസീഹിനെ ദൈവമാക്കുന്ന ഇക്കൂട്ടർക്ക് അല്പം ലജ്ജയുണ്ടായിരുന്നെങ്കിൽ ഈ തത്ത്വം അംഗീകരിക്കുമായിരുന്നില്ല. ഒരു സ്ത്രീയുടെ ഉദരത്തിൽനിന്ന് സാധാരണനിലയിൽ പിറന്നുവീണ ദുർബലനും, നിരാലംബനും, തിന്നാനും കുടിക്കാനും മറ്റുള്ളവരെ ആശ്രയിക്കുന്നവനും, മലമൂത്രവിസർജനം നടത്തുന്നവനും, അങ്ങനെ മനുഷ്യന് ആവശ്യമായ എല്ലാ കാര്യങ്ങളുടേയും തടവുകാരനുമായ ഒരു കുട്ടി, സർവനിയന്താവായ ദൈവമായി മാറുന്നതെങ്ങനെ? അവർ ചിന്തിച്ചിരുന്നെങ്കിൽ!!

ഹൈന്ദവരുടെ ഭാവനയിൽ ഗംഗയുടെ വെള്ളത്തിൽ സത്തും അനുഗ്രഹവുമുണ്ട്. വാസ്തവത്തിൽ സാധാരണമായ ഒരു നദിയാണത്. മറ്റു നദികളിലെന്നപോലെ തവളയും ആമയും അതിലുമുണ്ട്. ശവത്തിന്റെ എല്ലുകൾ അതിലെറിയുകയും ചെയ്യുന്നു. എന്നിട്ടും ഗംഗാജലം പരിശുദ്ധമാണെന്ന് അവർ വിശ്വസിക്കുന്നു. അതിനുള്ള തെളിവെന്താണെന്ന് അവരോട് ചോദിച്ചാൽ തന്റെ ഹൃദയത്തിൽ തെളിവുണ്ടെന്നായിരിക്കും അവർ പറയുക. അതു വിവരിക്കാൻ സാധ്യമല്ലത്രെ! അപ്രകാരം തന്നെയാണ് ആര്യസമാജക്കാർ പരമേശ്വരനെ ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നത്. അവരുടെ പക്കൽ ഒരു 'മേസ്തിരി' അല്ലെങ്കിൽ ശില്പിയെക്കാൾ വലുതല്ല ദൈവം. കാരണം പരസ്പരം കൂട്ടിയോജിപ്പിക്കുക എന്ന പണിയല്ലാതെ സൃഷ്ടിപ്പിന്റെ ഉദാത്തമായ പ്രക്രിയയിൽ പങ്കില്ലാത്തവനാണ് ദൈവം. ആത്മാക്കളിലോ പരമാണുക്കളിലോ അവന് നിയന്ത്രണമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ അവൻ അവയെ സൃഷ്ടിച്ചിട്ടില്ല. തന്റെ ഭക്തദാസർക്ക് മോക്ഷം നല്കാനും അവന് സാധിക്കുകയില്ല. അങ്ങനെയായാൽ ആ വ്യവസായശാല മുഴുവൻ തകിടം മറിഞ്ഞു പോകും! കൈവിട്ടുപോകും! അവരുടെ ദൈവം തന്റെ ആത്മാർഥദാസന്റെ പ്രാർഥനയും കേൾക്കുകയില്ല. ആർക്കെങ്കിലും എന്തെങ്കിലും അനുഗ്രഹം നല്കാനും അവന് സാധ്യമല്ല. കാരണം, അവൻ എന്ത് ആർക്ക് നല്കിയാലും അതെല്ലാം അവരുടെ കർമഫലമാണ്. ചുരുക്കത്തിൽ, ഓരോ കൂട്ടരും ദൈവത്തെ ലോകത്തിന് സമർപ്പിക്കുന്നതു കാണുമ്പോൾ ലജ്ജ തോന്നുന്നു. യഥാർഥ ശ്രേഷ്ഠതയും മാന്യതയും ഇസ്‌ലാമിനു മാത്രമാണ്. അതായത് ഇസ്‌ലാം വിഭാവന ചെയ്യുന്ന ദൈവത്തെ വിശ്വസിക്കുന്നവർ ഒരിടത്തും നാണം കെടുകയില്ല. അവൻ പരിപൂർണനായ ദൈവത്തിന്റെ തുലാസിന്റെ തട്ടാണ് പിടിച്ചിട്ടുള്ളത്. പരിപൂർണത നേടിയവർ ദൈവികസന്നിധിയിലെത്തുകയും ചെയ്യും. (അൽഹക്കം, വാള്യം 5, നമ്പർ 1, പേജ് 2-4. 1901 ജനുവരി 10 മൽഫൂദാത്ത് വാള്യം 2. പേജ് 163-171)



EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 12 July 2018 Issue-28

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സ്വർഗനരകങ്ങളുടെ യാഥാർത്ഥ്യം
# ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ?

### ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)
### വിവ: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു:

**വ മൻകാന ഫീ ഹാദിഹീ അഅ്മാ ഫഹുവ ഫിൽ ആഖിറത്തി അഅ്മാ വ അല്ലു സബീലാ**

ഇഹലോകത്ത് അന്ധനായിട്ടുള്ളവൻ പരലോകത്തും അന്ധനായിരിക്കും. മാത്രമല്ല കൂടുതൽ വഴി പിഴച്ചവനുമായിരിക്കും. (2:73)

ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിനെ കാണുന്നതിനുള്ള കണ്ണും അവനെ തിരിച്ചറിയുന്നതിനുള്ള ഇന്ദ്രിയവും ഈ ലോകത്ത് നിന്നുതന്നെ മനുഷ്യൻ തന്റെകൂടെ കൊണ്ടുപോകണമെന്നാണ്. ഇവിടെ ആ ഇന്ദ്രിയം കരസ്ഥമാക്കാത്തവന് അവിടെ അത് ലഭ്യമാവുകയില്ല. ഇത് സൂക്ഷ്മമായ ഒരു രഹസ്യമാണ്. സാധാരണക്കാർക്ക് ഇതു മനസ്സിലാക്കാൻ പ്രയാസമാണ്. നാം പറഞ്ഞതല്ല ഇതിന്റെ അർഥമെങ്കിൽ അന്ധൻ പരലോകത്തും അന്ധനായിരിക്കും എന്ന് പറഞ്ഞത് തികച്ചും അബദ്ധമായിരിക്കും. യാഥാർഥ്യമെന്താണെന്നുവച്ചാൽ, ന്യൂനത ഒന്നും കൂടാതെ അല്ലാഹുവിനെ തിരിച്ചറിയുക എന്നതും ശരിയായ നിലയിൽ അവന്റെ ഗുണവിശേഷങ്ങളും നാമങ്ങളും ഈ ലോകത്തുവച്ച് തിരിച്ചറിയുക എന്നതും വരുംകാലത്തെ എല്ലാ നിർവൃതിയുടേയും താക്കോലാണ്. ഉപര്യുക്ത വചനം ഈ ലോകത്തുനിന്നുതന്നെ നമ്മുടെ ശിക്ഷ നാം കൂടെ കൊണ്ടുപോകുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു. അന്ധന്മാരെപ്പോലെയുള്ള ഇവിടത്തെ ജീവിതവും അവിശുദ്ധമായ കർമങ്ങളും തന്നെയാണ് പരലോകത്ത് നരകശിക്ഷ എന്ന രീതിയിൽ വെളിച്ചത്തു വരുന്നത്. അല്ലാതെ പുതിയതായ ഒന്നായിരിക്കുകയില്ല.

ഏതുപോലെയെന്നാൽ, ഒരാൾ വീടിന്റെ വാതിലുകൾ അടച്ചുപൂട്ടുമ്പോൾ വെളിച്ചം അയാൾക്ക് തടയപ്പെടുന്നു. പുതിയതും ജീവന് ഗുണപ്രദവുമായ വായു അയാൾക്ക് ലഭിക്കുകയില്ല. വിഷം കഴിച്ചാൽ അയാളുടെ ജീവിതം ബാക്കിയുണ്ടാവില്ല. ഇതേപ്രകാരം അല്ലാഹുവിൽനിന്നകലുകയും, പാപകൃത്യങ്ങളിലേർപ്പെടുകയും ചെയ്യുന്ന ആൾ അന്ധകാരത്തിന് അടിപ്പെട്ട് ശിക്ഷയിൽ അകപ്പെടുന്നു. 'ജുനാഹ്' എന്നാണ് പാപത്തിന് പറയുന്നത്. മലിനമാക്കുക, യഥാർഥ കേന്ദ്രത്തിൽനിന്ന് തെന്നിപ്പോകുക എന്നാണ് അതിനർഥം. മനുഷ്യൻ ദൈവത്തിൽനിന്ന് പിന്തിരിയുകയും അവന്റെ പ്രകാശത്തിന്നെതിരെ നിൽക്കുകയും ദൈവത്തിൽനിന്ന് മാത്രം ഹൃദയങ്ങളിലിറങ്ങുന്ന പ്രകാശത്തിൽനിന്ന് അകന്നുപോകുകയും ചെയ്യുമ്പോൾ അവനൊരു ഇരുട്ടിൽ അകപ്പെടുന്നു. അത് അവന് ശിക്ഷയ്ക്ക് കാരണമാകുന്നു. പിന്നീട് ഏതു തരത്തിലാണോ അവൻ തിരിയുന്നത് അതേ രീതിയിലുള്ള ശിക്ഷ അവൻ അനുഭവിക്കുന്നു. എന്നാൽ, അവൻ യഥാർഥ കേന്ദ്രത്തിലേക്ക് വീണ്ടും മടങ്ങിവരാൻ ഉദ്ദേശിക്കുകയും ആ പ്രകാശം പതിയുന്ന സ്ഥാനത്ത് അവൻ അവനെ എത്തിക്കുകയും ചെയ്താൽ, കൈവിട്ടുപോയ ആ പ്രകാശം വീണ്ടും അവൻ പ്രാപിക്കും. കാരണം, മുറി തുറക്കുമ്പോൾ വെളിച്ചം ഉള്ളിൽ പ്രവേശിക്കുന്നത് നാം കാണുന്നുണ്ടല്ലോ. അതേപോലെ ആത്മീയവ്യവസ്ഥിതിയിലെ യഥാർഥ കേന്ദ്രത്തിലേക്ക് മടങ്ങുമ്പോൾത്തന്നെ അത് ആനന്ദനിർവൃതിക്ക് കാരണമാകും. ശരിയായ കേന്ദ്രത്തിൽനിന്ന് വ്യതിചലിച്ചതുകൊണ്ടുണ്ടായ ദുഃഖങ്ങളേയും കഷ്ടങ്ങളേയും അതകറ്റുകയും ചെയ്യും. അതിന്റെ പേരാണ് തൗബ. മുകളിൽ പറഞ്ഞതു പ്രകാരമുണ്ടാകുന്ന അന്ധകാരത്തിനാണ് ദുർമാർഗമെന്നും നരകമെന്നും പറയുന്നത്. യഥാർഥ കേന്ദ്രത്തിലേക്കുള്ള മടക്കം മുഖേന കിട്ടുന്ന നിർവൃതിയെ സ്വർഗവുമായി ഉപമിക്കാം. അല്ലാഹു സംതൃപ്തനാകുംവിധം പാപകൃത്യങ്ങളിൽനിന്ന് പിന്മാറി വീണ്ടും സൽകൃത്യങ്ങളിലേക്ക് വരിക എന്നത് ചെയ്തുപോയ പാപകൃത്യങ്ങളുടെ പ്രായശ്ചിത്തമായിത്തീരുകയും അതിനെ ദൂരീകരിക്കുകയും അതിന്റെ തിക്തഫലത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു. **ഇന്നൽ ഹസനാത്തി യുദ്ഹിബ്നസ്സയ്യിആത്തി** അതായത് നന്മകൾ, തിന്മകളെ അകറ്റിക്കളയുന്നു. (11:115) കാരണം, തിന്മയിൽ നാശമടയാനുള്ള വിഷമാണുള്ളത്; നന്മയിൽ ആയുസ്സിനുള്ള ഔഷധവും! തിന്മയുടെ വിഷത്തെ അകറ്റുന്നതിനുള്ള മാർഗം നന്മതന്നെയാണ്. നിർവൃതിയുടെ അഭാവത്തിന് ശിക്ഷ എന്ന് നമുക്ക് പേരു പറയാവുന്നതാണ്. നിർവൃതി ലഭ്യമാകുന്നതിന്റെ പേരാണ് മോക്ഷം.

പ്രകൃതി നിശ്ചയിച്ചിട്ടുള്ള സമീകൃതമായ അവസ്ഥ നിലനിൽക്കുമ്പോൾ അത് ആരോഗ്യമുള്ള അവസ്ഥയും അതിൽനിന്ന് വ്യതിചലിക്കുമ്പോൾ അത് രോഗമുള്ള അവസ്ഥയുമായി നാം പറയുന്നു. ഏതുപോലെയെന്നാൽ, കൈയോ കാലോ ശരീരത്തിന്റെ മറ്റേതെങ്കിലും അവയവമോ അതിന്റെ നിശ്ചിത സ്ഥാനത്തുനിന്ന് തെന്നി മാറിയാൽ വേദന അനുഭവപ്പെടുന്നു. അതിന്റെ അർഥം ആ അവയവത്തിന് പ്രവർത്തനക്ഷമത കുറയുന്നു എന്നതാണ്. ആ അവസ്ഥ തുടരാനനുവദിച്ചാൽ അതു പൂർണമായും പ്രയോജനരഹിതമാകുമെന്ന് മാത്രമല്ല മറ്റു അവയവങ്ങളേയും അതു ബാധിക്കാൻ തുടങ്ങുന്നു. ആത്മീയമായ അവസ്ഥയും ഇതു തന്നെയാണ്. മനുഷ്യൻ തന്റെ ജീവിതത്തിന്റെ സാക്ഷാൽ കാരണഭൂതനായ അല്ലാഹുവിൽ നിന്ന് അകലുകയും യഥാർഥമായ മതത്തെ ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ അവനിൽ ശിക്ഷ ഇറങ്ങാൻ തുടങ്ങുന്നു. മനസ്സിന് അല്പമെങ്കിലും ചൈതന്യമുണ്ടാവുകയും ബോധം ശേഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ശിക്ഷയെ അവൻ നല്ലവണ്ണം അനുഭവിച്ചറിയുന്നതാണ്. ദാരുണമായ ആ അവസ്ഥയിൽനിന്ന് അവൻ തന്നെ രക്ഷപ്പെടുത്തുന്നില്ലെങ്കിൽ അവനിൽ ശേഷിക്കുന്ന മറ്റ് ആത്മീയമായ ശക്തികളും ക്രമേണ ക്ഷയോന്മുഖമായിത്തീരുന്നതാണ്. കഠിനമായ ശിക്ഷ ഇറങ്ങുമോ എന്ന ആശങ്ക ആ അവസരത്തിൽ അവനുണ്ടാകുന്നു. ഇപ്പോൾ, ഒരു ശിക്ഷയും പുറമെനിന്ന് വരുന്നില്ലെന്നും മനുഷ്യന്റെ ഉള്ളിൽ നിന്നുതന്നെയാണ് വരുന്നതെന്നുമുള്ള കാര്യം എത്ര വ്യക്തമായിട്ടാണ് മനസ്സിലാകുന്നത്. ശിക്ഷ അല്ലാഹുവിന്റെ പ്രവൃത്തിയാണെന്നതിനെ നാമൊരിക്കലും നിഷേധിക്കുന്നില്ല. നിസ്സംശയം അത് അവന്റെ പ്രവൃത്തി തന്നെയാണ്. ഏതു പോലെയെന്നാൽ, വിഷം കഴിക്കുന്നവനെ അല്ലാഹു നശിപ്പിക്കുന്നു. ചുരുക്കത്തിൽ, അല്ലാഹുവിന്റെ പ്രവൃത്തി മനുഷ്യന്റെ പ്രവൃത്തിക്കു ശേഷമാണുാകുന്നത്. അതിലേക്ക് സൂചന നൽകിക്കൊണ്ട് അല്ലാഹു പറയുന്നു:

**നാറുല്ലാഹിൽ മൂഖദത്തുല്ലത്തീ തത്ത്വലിഉ അലൽ അഫ്ഇദ**

അതായത് അല്ലാഹുവിന്റെ ശിക്ഷ എന്നത് അല്ലാഹുതന്നെ ജ്വലിപ്പിക്കുന്ന അഗ്നിയാണ്. അതിന്റെ തീനാളം മനുഷ്യന്റെ ഹൃദയത്തിൽനിന്നുയരുന്നു. വ്യക്തമായ ഭാഷയിൽ പറഞ്ഞാൽ ശിക്ഷയുടെ യഥാർഥ ബീജം മുനുഷ്യന്റെതന്നെ അശുദ്ധിയാണ്. അത് ശിക്ഷയുടെ രൂപം പ്രാപിക്കുകയാണ് ചെയ്യുന്നത്.

### സ്വർഗ്ഗീയാനുഗ്രഹങ്ങളുടെ യാഥാർത്ഥ്യം

ഇതേപോലെ, സ്വർഗീയസുഖങ്ങളുടെ യഥാർഥ ഉറവിടവും മനുഷ്യന്റെതന്നെ പ്രവൃത്തികളാണ്. അവൻ പ്രകൃതി മതത്തെ ഉപേക്ഷിക്കുന്നില്ലെങ്കിൽ മിതവർത്തിത്വത്തിൽനിന്ന് അല്പംപോലും വ്യതിചലിക്കുന്നില്ലെങ്കിൽ അവന്റെ ദാസത്വം ദൈവത്വത്തിന്റെ അണിയിൽ വീണുകിടക്കുന്ന പ്രകാശത്തിൽനിന്ന് ഫലമെടുത്തുകൊരിക്കുകയാണെങ്കിൽ മനുഷ്യന്റെ ശരീരാവയവങ്ങൾ അത് ശരിയായ നിലയിലാണെങ്കിൽ എപ്രകാരം സുഗമമായും കാര്യക്ഷമമായും പ്രവർത്തിക്കുമോ അപ്രകാരമുള്ള അവസ്ഥയിലായിരിക്കും അവൻ. അവന് ഒരു വേദനയും ഉണ്ടാകുകയില്ല. ശാന്തി അനുഭവപ്പെടുകയും ചെയ്യും. വിശുദ്ധഖുർആൻ പറയുന്നു:

**വ ബശ്ശിരില്ലദീന ആമനൂ വ അമിലുസ്സാലിഹാത്തി അന്ന ലഹും ജന്നാത്തിൻ തജ്രീ മിൻ തഹ്തിഹൽ അൻഹാറു**

"വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് സുവിശേഷം അറിയിക്കുക; അവർ താഴോരത്തൂടെ അരുവികൾ ഒഴുകുന്ന തോട്ടങ്ങളുടെ അവകാശികളായിരിക്കും"

ഈ ഖുർആനിക വചനത്തിൽ ഈമാനിനെ–സത്യവിശ്വാസത്തെ അല്ലാഹു തോട്ടത്തോടും സൽക്കർമങ്ങളെ അരുവികളോടും ഉപമിക്കുന്നു. ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയും വൃക്ഷവും തമ്മിലുള്ള അതേബന്ധമാണ് സൽക്കർമങ്ങളും സത്യവിശ്വാസവും തമ്മിലുള്ളത്. വെള്ളം കൂടാതെ ഒരു തോട്ടവും നിലനിൽക്കുകയില്ല. ഇതുപോലെതന്നെ സൽക്കർമങ്ങളില്ലാതെ ഒരു വിശ്വാസവും ഫലപ്രദമാകുകയില്ല. അപ്പോൾ, എന്താണ് സ്വർഗം? അത് സത്യവിശ്വാസത്തിന്റേയും സൽക്കർമത്തിന്റേയും പ്രതീകാത്മക രൂപങ്ങളാണ്. അതും പുറമെനിന്ന് വരുന്ന വസ്തുവല്ല. അതായത് മനുഷ്യന്റെ സ്വർഗവും അവന്റെ ഉള്ളിൽനിന്നുതന്നെ വരുന്നതാകുന്നു.

ഇഹലോകത്ത് ഉണ്ടാക്കിയെടുത്ത പരിശുദ്ധാത്മാവ് തന്നെയാണ് പരലോകത്ത് ലഭിക്കുന്ന നിത്യമായ ആനന്ദാനുഭൂതി എന്ന കാര്യം ഇവിടെ ഓർമിക്കേണ്ടതാണ്. പരിശുദ്ധമായ വിശ്വാസത്തിന് ചെടിയുമായി സാദൃശ്യമുണ്ട്. ഉൽകൃഷ്ടമായ സ്വഭാവം ആ ചെടിയുടെ സേചനത്തിനുള്ള നദിയാണ്. അതാണ് അതിന്റെ പച്ചപ്പിനേയും തളിർപ്പിനേയും നിലനിറുത്തുന്നത്. അത് ഇഹലോകത്ത് സ്വപ്നത്തിൽ കാണുന്നതുപോലെയുള്ള ഒന്നാണ്. എന്നാൽ, പരലോകത്ത് നേരിട്ടനുഭവിക്കുകയും കാണുകയും ചെയ്യും.

ഇക്കാരണത്താൽ "സ്വർഗവാസികൾ അവിടത്തെ അനുഗ്രഹങ്ങൾ കാണുമ്പോൾ **ഹാദല്ലദീ റുസിഖ്നാ മിൻ ഖബ്‌ലു വ ഉത്തൂബിഹി മുത്തശാബിഹൻ** (2:26) എന്ന് പറയുമെന്ന് ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം, ഇഹലോകത്ത് നമ്മൾ തിന്നുകയും കുടിക്കുകയും ചെയ്ത പാലോ തേനോ മുന്തിരിയോ അനാറോ അവിടെ കിട്ടുമെന്നല്ല. അവ അതിന്റെ ഇനത്തിലും അവസ്ഥയിലും തികച്ചും വിഭിന്നമായിരിക്കും. പേരിൽ മാത്രമേ അത് ഒന്നാകുകയുള്ളൂ. ഈ എല്ലാ അനുഗ്രഹങ്ങളുടേയും ചിത്രം പ്രത്യക്ഷമായ നിലയിൽ കാണിക്കപ്പെട്ടെങ്കിലും അതിനോടൊപ്പംതന്നെ ആ വസ്തുക്കൾ ആത്മാവിനെ തിളക്കമുള്ളതാക്കുന്നതും ദൈവജ്ഞാനം ഉണ്ടാക്കുന്നതുമാണെന്ന് പറയുകയും ചെയ്തിരിക്കുന്നു. അതിന്റെ ഉറവിടം ആത്മാവും സത്യസന്ധതയുമാണ്.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin